# നിർവണ്

ഹനീഫ് പുല്ലിപ്പറമ്പ്

© Haneef Bin Abdurrahman Al Rayyaan, 2013

*King Fahd National Library Cataloging-in-Publication Data*

Al Rayyaan Haneef Bin Abdurrahman,
Niqaab / Haneef Bin Abdurrahman Al Rayyaan,
Riyadh 2013

117 pages, 21x14cm

ISBN: 978-603-01-3980-4

1. Islamic Heresies, 2. Lawful & Unlawful (Islamic fiqh),
3. Islamic Creeds I-Title

212.3dc 1435/908

**L.D. No. 1435/908, ISBN: 978-603-01-3980-4**

حقوق الطبع محفوظة إلا لمن اراد طبعه وتوزيعه مجاناً،
بدون حذف أو إضافة أو تغيير، فله ذلك وجزاه الله خيراً

بسم الله الرحمن الرحيم

*Language*
Malayalam (Indian)

*Author*
**Haneef Pullipparamb**

*Title*
**Niqaab**

*Printing*
Geethanjali Printers

*Cover Designed*
Musthafa Kizheppat, Pakara

*First Edition*
2014 (1435H)

*10,000 copies*
Price: ₹100

*Address*
Haneef Pullipparamb
Chelembra - 673634
Kerala, India
email: abufurqaan@hotmail.com

*Distributors*
India: EDUMART
Mavoor Road, Calicut-4
Tel. +91 495 272 4395

© All rights reserved by the author

No part of this publication may be reproduced or transmitted in any form or by any means, without prior written permission of the author.

# വിഷയാനുക്രമം


| | |
|---|---|
| ഹനീഫ് പുല്ലിപ്പറമ്പിന്റെ രചനകൾ | 6 |
| ഹനീഫ് പുല്ലിപ്പറമ്പ്: സഞ്ചരിച്ച നാടുകളും നഗരങ്ങളും | 7 |
| ആവതാരകം | 9 |
| ആവതാരകം – മൊഴിമാറ്റം | 10 |
| സൂചകങ്ങൾ | 12 |
| പ്രവേശിക | 13 |
| പർദ്ദയുടെ ചരിത്രം | 19 |
| താളഭംഗങ്ങളുടെ തുടക്കം | 21 |
| പ്രമാണങ്ങൾ തിളങ്ങുന്നു | 27 |
| നിഖാബിന്റെ പൊരുൾ | 33 |
| നിലപാടുകളിലൂടെ | 44 |
| "ഫത്ഹുൽ ബാരി"ക്കു ശേഷം | 50 |
| സദാചാരത്തിന്റെ ഘാതകർ | 57 |
| വനിതാ സംഘടന | 59 |
| മാധ്യമ ഭൂതങ്ങൾ | 61 |
| അനാച്ഛാദനം | 63 |
| അതിർത്തികൾ ഉരിയുന്നു | 67 |
| സ്ത്രീ; സാംസ്കാരിക കേന്ദ്രം | 70 |
| ഒരു കഷ്ണം തുണിയുടെ ദൗത്യം | 72 |
| ഹിജാബ് കൊണ്ടെന്തു ഫലം! | 74 |
| ഇരുളും വെളിച്ചവും | 82 |
| ശിരോവസ്ത്രത്തിന്നു നേരെ | 91 |
| സമത്വചിന്തയും, തിരഞ്ഞെടുപ്പും പിന്നെ പ്രബോധകരും | 94 |
| സ്ത്രീ പുരുഷനു വേണ്ടി | 97 |
| മതതാരതമ്യം; ചില മാതൃകകൾ | 100 |
| സമാപ്തി | 116 |

# ഹനീഫ് പുല്ലിപ്പറമ്പിന്റെ രചനകൾ

1. കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം
2. ഖുർആനിലെ ചെടികൾ
3. സുന്നത്തും ഉമ്മത്തും
4. റമദാനിന്റെ തീരങ്ങളിൽ
5. നിഖാബ്
6. സ്ത്രീ നേതൃത്വം ഇസ്‌ലാമിൽ
7. ബർസയിലെ ബർസ — നിർദ്ധാരം
8. മുസ്‌ലിയാരുടെ തൗഹീദ് പഠനം — നിർദ്ധാരം
9. രണ്ട് സാക്ഷ്യങ്ങൾ — മൊഴിമാറ്റം
10. സുരക്ഷ — മൊഴിമാറ്റം
11. ഖബർ സന്ദർശനവും സഹായാർഥനയും — മൊഴിമാറ്റം
12. നബിദിനാഘോഷം — മൊഴിമാറ്റം
13. സത്യം പരിഹസിക്കപ്പെടുന്നു — മൊഴിമാറ്റം
14. അനാച്ഛാദനം — സ്വതന്ത്ര മൊഴിമാറ്റം
15. ഞാൻ കണ്ട ഈജിപ്ത് — ഡോക്യുമെന്ററി

# ഹനീഫ് പുല്ലിപ്പറമ്പ്: സഞ്ചരിച്ച നാടുകളും നഗരങ്ങളും

| | |
|---|---|
| 1. **സൗദി അറേബ്യ** | മക്ക, മദീന, റിയാദ് മേഖല, ദമ്മാം, ജിദ്ദ, മദാഇൻ സ്വാലിഹ്, തബൂക്, യൻബു, തുറൈഫ്, അൽ ഈസ്, അബഹ, നജ്റാൻ, ഖമീസ് മുഷൈത്ത്, ഹാഇൽ, ഖസീം മേഖല തുടങ്ങി മിക്ക നഗരങ്ങളും. |
| 2. **യു.എ.ഇ** | അബൂദാബി, ദുബൈ, ഷാർജ, റാസൽ ഖൈമ, അജ്മാൻ, അൽഐൻ, ഫുജൈറ, ഖുർഫുഖാൻ, ദിബ്ബ, കൽബാ, മസാഫി, ദൽമ ദ്വീപ്. |
| 3. **കുവൈത്ത്** | കുവൈത്ത് സിറ്റി, വഫ്ര, ഫഹാഹീൽ, അൽ ജഹ്റ, അഹ്മദി |
| 4. **ബഹ്റൈൻ** | മനാമ, റഫ |
| 5. **ഖത്തർ** | ദോഹ, സൽവ |
| 6. **ഒമാൻ** | മസ്ക്കത്ത്, സുഹാർ |
| 7. **ലെബനാൻ** | ബൈറൂത്ത് |
| 8. **ജോർദാൻ** | അമ്മാൻ, മുഅത്ത:, സർഖ, മഫ്റഖ്, ഇർബിദ്, കറക്, പെട്ര, ജെറസ്, ചാവുകടൽ |
| 9. **ഈജിപ്ത്** | അലക്സാണ്ട്രിയ, കൈറോ, ജിസ, ലെക്സർ, അസ്യൂഥ്, ഥൻഥ, ഥഹ്ഥ, ദസൂഖ്, കഫറു ഷൈഖ്, കുമുന്നൂർ, മിയത് ഗംർ |
| 10. **ശ്രീലങ്ക** | കൊളംബൊ, കാൻഡി, ദർഗ്ഗ ടൗൺ, നവർഎലിയ, ഗാലെ, ബിബ്ലിയ |
| 11. **മാലദ്വീപ്** | മാലെ, ഹിത്താദൂ, ബിയാദൂ |
| 12. **ആസ്ത്രേലിയ** | ബ്രിസ്ബൺ, സൺഷൈൻ കോസ്റ്റ്, സിഡ്നി, മെൽബൺ, അഡലൈഡ്, പെർത്ത്. |
| 13. **ന്യൂസിലാന്റ്** | ഓക്ലാന്റ്, ഹാമിൽടൺ, റോട്രുവ, വെല്ലിംഗ്ടൺ |
| 14. **ഫിജി ദ്വീപ്** | നാൻഡി (നന്ദി), സുവ |

| | |
|---|---|
| 15. **മൗറീഷ്യസ്** | പോർട്ട് ലൂയിസ്, ക്വാട്രെബോൺസ്, ക്വിപെപ്, തയാഖ്, വാക്വ, മഹെബർഗ്, മോക്ക, ബബാസിൻ, ഫിനിക്സ്, റൊസ്ബെൽ, ചിമൻഗരിയ, സുറിനാം, സോഡ്നാക്. |
| 16. **സീഷെൽസ്** | മാഹെ, വിക്റ്റോറിയ |
| 17. **നൈജീരിയ** | കാനൂ, അബുജ, ബൗച്ചി, കദുന, ജോസ്, സാരിയ, ലഗോസ്, മൈദുഗ്രി |
| 18. **ബെനിൻ** | കോടൊനോവ്, പൊർടോനോവൊ |
| 19. **സിങ്കപ്പൂർ** | സിങ്കപ്പൂർ സിറ്റി |
| 20. **മലേഷ്യ** | കോലാലംപൂർ, ഗൊംബാക്ക് |
| 21. **ബ്രൂണായ്** | ബന്ദർ സെറി ബഗ്‌വാൻ (ശ്രീ ഭഗവാൻ പോർട്ട്), പുലാ റൻകു |
| 22. **തായ്‌ലന്റ്** | ബാൻഗോക്ക് |
| 23. **ഹോങ്കോംഗ്** | ഹോങ്കോംഗ് സിറ്റി, കൊവ്‌ലോൺ |
| 24. **സൗത്താഫ്രിക്ക** | ജോഹന്നസ്ബർഗ്,ഡർബൻ, പീറ്റേഴ്സ്ബർഗ്, കേപ്ടൗൺ, ലയ്ഡൻബർഗ്, പോർട്ട് എലിസബത്ത് |
| 25. **കെനിയ** | നൈറോബി, മൊംബാസ |
| 26. **മലാവി** | ബ്ലൻടയർ, സോംബ |
| 27. **ടാൻസാനിയ** | ദാറുസ്സലാം |
| 28. **ഉഗാണ്ട** | കംപാല, എന്റബെ, ജിൻജ |
| 29. **ബോട്സ്വാന** | ഗാബൊറോൺ |
| 30. **സീറാലിയോൺ** | ഫ്രീ ടൗൺ, ലുൻഗി |
| 31. **ഗാംബിയ** | ബാൻജൂൾ, സീർകുണ്ട |
| 32. **സെനിഗാൾ** | ഡക്കാർ, ഗോറി ദ്വീപ് |
| 33. **യു കെ** | **ലണ്ടൻ, ഗ്രീനിച്ച്** |
| 34. **ഇന്ത്യ** | ഡൽഹി, ബോംബെ, ബാംഗ്ലൂർ, ചെന്നൈ, പാറ്റ്ന, വിജയവാഡ, മംഗലഗിരി, മംഗലാപുരം |

# ആവതാരകം

Dr. / Mohammed Ashraf Ali Al Malabari
Head of Asian Translation Department
Researcher. Center For Quranic Studies
Ex. Professor Islamic University

د/ محمد أشرف علي المليباري
الباحث بمركز الدراسات القرآنية
والباحث بمركز خدمة السنة
في الجامعة الإسلامية سابقا

التاريخ: ١٠/ ٨/ ١٤٣٦هـ بسم الله الرحمن الرحيم الموافق / / ٢٠م

الحمد لله وحده والصلاة والسلام على من لا نبي بعده وعلى آله وصحبه ومن تبع رشده أما بعد :

فعندما طلب مني الأخ العزيز الفاضل الرحّال فضيلة الشيخ: محمد حنيف عبد الرحمن مراجعة كتابه الموسوم بـ **"النقاب"** تشوقت إلى قراءته لا لشهرة شخصية المؤلف فحسب ، وإنما لندرة من يكتب في مثل هذا الموضوع في زمن كثر فيه الانحلال الخلقي والدعوة إلى الرذيلة ومحاربة الحجاب والأخلاق الحميدة بشتى الوسائل والتحيُّل على ثوابت الدين بما يسمى بالعقلانية والتمسك بالحزبية المقيتة.

**ولفت نظري من خلال تصفحي لهذا الكتاب القيّم المميزات التالية :**

أولًا : أن موضوع الكتاب – إن لم يخضع من قبلي لمراجعة دقيقة من جميع جوانبه – فقد ألقيت عليه نظرة عابرةً بإعجاب شديد لأنه يحمل في طياته فكرة النقاب من الناحية التاريخية الأصيلة مستمدة من الوحيين.

ثانيًا : أن موضوع الكتاب : تضمن أراء سلف الأمّة وجهابذة الفقهاء حول النقاب الشرعي وما كانوا عليه عبر القرون من الحشمة والعفّة؛ الأمر الذي جعل العالم الإسلامي يلتزم بتطبيق هذه الشعيرة في تلك العصور بكل فخر واعتزاز.

ثالثًا : أن موضوع الكتاب جمع آراء المعاصرين الذين أجمعوا على وجوب النقاب بكل قناعة تعبدًا لله تعالى؛ بالرغم من اتجاهاتهم المتباينة وانتماءاتهم المختلفة.

رابعًا : أن موضوع النقاب شيّق لمن طابت نفوسهم لإحياء السنة وضيق لمن ضاقت نفوسهم بالبعد عنها .

فجزى الله كاتبه ومعاونيه وناشره وقارئه خير الجزاء، ووفق الجميع للعمل بمضمونه ورزق الله الجميع الإخلاص فيما يكتب ويعمل وينشر إنه تبارك وتعالى قريب مجيب وصلى الله على محمد وآله وصحبه والحمد لله رب العالمين .

١٠/ ٨/ ١٤٣٦

كتبه / الدكتور محمد أشرف المليباري

المملكة العربية السعودية المدينة المنورة -مجمع الملك فهد لطباعة المصحف الشريف
Kingdom of Saudi Arabia Madinah Munawwarah - King Fahd Qur'an Printing Complex
P.O.Box:405 Mob:0504359284 جوال:٠٥٠٤٣٥٩٢٨٤ Email:dr.sr.ml@hotmail.com البريد الإلكتروني: ص.ب:٤٠٥

# ആവതാരകം – മൊഴിമാറ്റം

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

ഏകനായ അല്ലാഹുവിന്നു സർവ്വ സ്തുതി. അന്ത്യ നബിയിലും അവിടുത്തെ കൂട്ടു – കുടുംബാദികളിലും ആ സന്മാർഗ്ഗം പിൻപറ്റിയ വരിലും അല്ലാഹുവിന്റെ കരുണാ കടാക്ഷങ്ങളുണ്ടാവട്ടെ.

എന്നാൽ ബഹുമാന്യ സഹോദരനും സഞ്ചാരിയുമായ ആദരണീയ ഷൈഖ് മുഹമ്മദ് ഹനീഫ് അബ്ദുർറഹ്മാൻ ''നിഖാബ്'' എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം പരിശോധന ചെയ്യാനായി എന്നോടാവശ്യപ്പെട്ടു. അത് വായിച്ചു നോക്കണ മെന്ന ഉൽക്കടമായ ആശയും എനിക്കുണ്ടായി. ഗ്രന്ഥകാരന്റെ വ്യക്തിപ്രഭാവം കൊണ്ട് മാത്രമല്ല, സ്വഭാവ വ്യതിചലനവും അധർമ്മത്തിലേക്കുള്ള ക്ഷണവും വിവിധ മാധ്യമങ്ങളിലൂടെ ഹിജാബി നോടും ആദരണീയ സ്വഭാവവിശേഷങ്ങളോടുമുള്ള പോരാട്ടവും മ്ലേച്ഛ മായ പക്ഷപാതിത്വബാന്ധവവും ബുദ്ധിജീവികളെന്ന നാട്യേന ദീനി ന്റെ സുസ്ഥിരാവസ്ഥക്കുമേൽ ചെലുത്തുന്ന കുതന്ത്രങ്ങളും അധി കരിച്ച ഒരു കാലത്ത് ഇതുപോലൊരു വിഷയത്തിൽ എഴുതപ്പെടുക എന്നത് തീർത്തും അപൂർവ്വം തന്നെയാണ് എന്നതുകൊണ്ട് കൂടി യാണ്.

ഈ അമൂല്യ ഗ്രന്ഥത്തിന്റെ താളുകളിലൂടെ പോകവേ എന്റെ ദൃഷ്ടികളിൽ തടഞ്ഞ ചില സവിശേഷതകൾ താഴെ:

**ഒന്ന്** – ഗ്രന്ഥത്തിലെ പ്രതിപാദ്യം: അതിന്റെ മുഴുതലങ്ങളും അതി സൂക്ഷ്മ പരിശോധനക്കു ഞാൻ വിധേയമാക്കിയിട്ടില്ലെങ്കിൽകൂടി, തീർത്തും അത്ഭുതാവഹമായ ഒരു ദീർഘവീക്ഷണം എനിക്കതിൽ കാണാനായി. എന്തെന്നാൽ, ചരിത്ര യാഥാർഥ്യത്തിന്റെ പക്ഷത്തു നിന്ന് നോക്കുമ്പോൾ, ഖുർആനിൽ നിന്നും ഹദീഥുകളിൽ നിന്നും വികാസം കൊണ്ട നിഖാബീ ചിന്തകൾ കൊണ്ട് ഇതിന്റെ പേജുകൾ

കനപ്പെട്ടു കിടക്കുന്നു.

**രണ്ട്** – ഗ്രന്ഥത്തിലെ പ്രതിപാദ്യം: ഷരീഅത്തിലെ നിഖാബ് സംബന്ധിച്ച് പൂർവ്വീകരായ ഉത്തമ സമുദായത്തിന്റെയും ശ്രേഷ്ഠരായ കർമ്മശാസ്ത്രപടുക്കളുടെയും അഭിപ്രായങ്ങൾ ഇതുൾക്കൊള്ളുന്നു. അതിന്റെ ആ വിശുദ്ധിക്കും മാന്യതക്കും നൂറ്റാണ്ടുകളോളം യാതൊരു കുറവും വന്നില്ല. ഇസ്‌ലാമിക ലോകം ഇക്കാലഘട്ടങ്ങളത്രയും എല്ലാ ഉൽകൃഷ്ടതയോടെയും മാന്യതയോടെയും ഈ (മത) ചിഹ്നങ്ങളെ പരിപാലിക്കുന്നതിൽ നിഷ്ക്കർഷത പുലർത്തി എന്നത് കൊണ്ടാണത്.

**മൂന്ന്** – ഗ്രന്ഥത്തിലെ പ്രതിപാദ്യം: വ്യത്യസ്ത വീക്ഷണഗതിക്കാരും വിരുദ്ധ ആശയക്കാരുമായിരുന്നിട്ടുകൂടി അല്ലാഹുവോടുള്ള വിധേയത്വത്തിൽ പൂർണ്ണ തൃപ്തികൊണ്ട് “നിഖാബ്” നിർബന്ധമാണെന്നതിൽ യോജിപ്പു പ്രകടിപ്പിച്ച ആധുനികരുടെ അഭിപ്രായങ്ങളും (ഇതിൽ) ക്രോഢീകരിച്ചു.

**നാല്** – സുന്നത്തിനു പുനരുജ്ജീവനം നൽകുന്നതിൽ ആത്മസുഖം അനുഭവിക്കുന്നവർക്ക് “നിഖാബ്” തീർച്ചയായും അത്യാവേശം നൽകും. അതിനോട് ദൂരം പാലിക്കാനാഗ്രഹിക്കുന്നവരിൽ അത് മനഃസങ്കോചമുണ്ടാക്കുകയും ചെയ്യും.

ഈ ഗ്രന്ഥകാരനും ഇതിനെ സഹായിച്ചവനും പ്രസിദ്ധീകരിച്ചവനും ഇതിന്റെ വായനക്കാരനും അല്ലാഹു ഉൽകൃഷ്ട പ്രതിഫലം നൽകട്ടെ. ഇതിന്റെ അന്തഃസത്ത ഉൾക്കൊണ്ട് കർമ്മം ചെയ്യാൻ അല്ലാഹു എല്ലാവരെയും അനുഗ്രഹിക്കട്ടെ. എഴുതുകയും പ്രവർത്തിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന എല്ലാവർക്കും അല്ലാഹു ﷻ ആത്മാർത്ഥത പ്രദാനം ചെയ്യട്ടെ. പരിശുദ്ധനും അത്യുന്നതനുമായവൻ തീർച്ചയായും സമീപസ്ഥനും ഉത്തരം തരുന്നവനുമല്ലോ.

നബി ﷺ യിലും അവിടുത്തെ കൂട്ട് – കുടുംബാദികളിലും അല്ലാഹുവിന്റെ അനുഗ്രഹം വർഷിക്കുമാറാവട്ടെ. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹു ﷻ വിന്നത്രെ സർവ്വ സ്തോത്രങ്ങളും.

തിയതി

10/08/1434 (ഒപ്പ്)

**ഡോ. മുഹമ്മദ് അഷ്റഫ് അലി അൽ മലൈബാരി**

മുൻഗവേഷകൻ,

ഖുർആൻ പഠനകേന്ദ്രം, സുന്നത്ത് സേവനകേന്ദ്രം

ഇസ്‌ലാമിക സർവ്വകലാശാല (മദീന)

# സൂചകങ്ങൾ

| | |
|---|---|
| جل جلاله | മഹോന്നതൻ |
| جل وعلا | മഹോന്നതൻ |
| تبارك وتعالى | അത്യുന്നതനും പരിശുദ്ധനും |
| صلى الله عليه وسلم | അദ്ദേഹത്തിനു മേൽ അല്ലാഹുവിന്റെ അനുഗ്രഹാശിസ്സുകൾ വർഷിക്കുമാറാവട്ടെ |
| عليه الصلاة والسلام | അദ്ദേഹത്തിനു മേൽ അല്ലാഹുവിന്റെ അനുഗ്രഹാശിസ്സുകൾ വർഷിക്കുമാറാവട്ടെ |
| عليهم السلام | അവരിൽ (അല്ലാഹുവിന്റെ) സമാധാനം വർഷിക്കുമാറാവട്ടെ |
| عليها السلام | (അല്ലാഹുവിന്റെ) സമാധാനം ആ (മഹതിയിൽ) വർഷിക്കുമാറാവട്ടെ |
| عليهما السلام | (അല്ലാഹുവിന്റെ) സമാധാനം അവർ രണ്ടുപേരിലും വർഷിക്കുമാറാവട്ടെ |
| رضي الله عنه | അദ്ദേഹത്തിൽ അല്ലാഹു സംതൃപ്തനായി |
| رضي الله عنهما | അവർ രണ്ടുപേരിലും അല്ലാഹു സംതൃപ്തനായി |
| رضي الله عنهم | അവരിൽ അല്ലാഹു സംതൃപ്തനായി |
| رضي الله عنها | ആ മഹതിയിൽ അല്ലാഹു സംതൃപ്തനായി |
| رضي الله عنهن | ആ മഹതികളിൽ അല്ലാഹു സംതൃപ്തനായി |
| رحمه الله | അദ്ദേഹത്തിൽ അല്ലാഹു കരുണ ചൊരിയട്ടെ |
| رحمهما الله | അവർ രണ്ടുപേരിലും അല്ലാഹു കരുണ ചൊരിയട്ടെ |
| رحمهم الله | അവരിൽ അല്ലാഹു കരുണ ചൊരിയട്ടെ |
| رحمها الله | ആ മഹതിയിൽ അല്ലാഹു കരുണ ചൊരിയട്ടെ |
| رحمهن الله | ആ മഹതികളിൽ അല്ലാഹു കരുണ ചൊരിയട്ടെ |

# പ്രവേശിക

സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്ന് സർവ്വസ്തുതി. അവനോട് സഹായവും പാപമോചനവും തേടുന്നു. ശരീരങ്ങളിലെ തിന്മകളും കർമ്മങ്ങളിലെ മ്ലേഛതകളും സംഭവിച്ചു പോവുന്നതിൽ നിന്ന് അല്ലാഹുവോടഭയം തേടുന്നു. അല്ലാഹുവിൽ നിന്നും സന്മാർഗ്ഗം വന്നു ചേർന്നവനാരോ അവനെ വഴികേടിലാക്കുന്നവനാരുമില്ല. ഏതൊരാൾ വഴികേടിലായോ അവനെ സന്മാർഗത്തിലാക്കുന്നവനുമില്ല. ഏകനായ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ലെന്നു ഞാൻ സാക്ഷിയാവുന്നു. മുഹമ്മദ് ﷺ അല്ലാഹുവിന്റെ അടിമയും ദൂതരുമാണെന്നും ഞാൻ സാക്ഷിയാവുന്നു. അല്ലാഹു അവരിൽ അനുഗ്രഹം വർഷിക്കുമാറാവട്ടെ. അവരുടെ സന്തതസഹചാരികളിലും നന്മയിൽ അവരെ പിൻപറ്റിയ എല്ലാവരിലും അതുണ്ടായിത്തീരട്ടെ.

അന്ധകാരത്തിലകപ്പെട്ട ജനതയെ വളരെ സ്തുത്യർഹവും പ്രൗഢവും ഉജ്വലവുമായ മാർഗ്ഗത്തിലേക്ക് കരകയറ്റിക്കൊണ്ടുവന്നവരാണവർ. സന്മാർഗ്ഗത്തിന്റേതായ സത്യമതത്തിലേക്ക് ജനതയെ നയിക്കാനായാണ് അല്ലാഹു തിരുമേനി ﷺ യെ അയച്ചത്. അവർ ﷺ കൽപിച്ചതും ആശിച്ചതുമായ കാര്യങ്ങൾ എല്ലാ തൃപ്തിയോടും കൂടി അംഗീകരിച്ചും അനുഷ്ഠിച്ചും ജീവിക്കുന്ന ഒരു ജനതയായി നാം മാറാൻ വേണ്ടി. തിരുമേനി ﷺ അരുതെന്ന് പറഞ്ഞതും തടഞ്ഞതും വെറുപ്പ് പ്രകടിപ്പിച്ചതുമായ എല്ലാ തരം ആശകളെയും ശാരീരികാഭിവാഞ്ജകളെയും (ആ നേതാവിനോടുള്ള സ്നേഹത്തിന്റെ പേരിൽ, അല്ലാഹുവിൽ നിന്നും അതിന്നു ലഭ്യമാവുന്ന മഹത്തായ പ്രതിഫലത്തിന്റെ പേരിൽ) വർജ്ജിക്കുന്നതിന്നു വേണ്ടിയും അത് ആ നേതാവിനോടുള്ള സ്നേഹത്തിന്റെയും അല്ലാഹുവിൽ നിന്നും അതിന് ലഭ്യമാവുന്ന മഹത്തായ പ്രതിഫലത്തോടുള്ള ആശയു

ടെയും അടയാളമാകുന്നു.

സ്വഭാവത്തിന്റെയും ജീവിതരീതിയുടെയും പൂർത്തീകരിക്കപ്പെട്ട സമർപ്പണമായിരുന്നു പ്രവാചകൻ ﷺ യുടെ ജീവിതം. അതിൽ നിന്ന് പഠിക്കാൻ നാം കൽപിക്കപ്പെട്ടിരിക്കുന്നു. അവിടുന്ന് ജീവിച്ച കാലഘട്ടത്തിൽ തന്നെ അസ്തമിച്ചുപോയ ഒരു ജീവിത മാതൃകയായിരുന്നില്ല അത്. പകരം, കാലഹരണം വരാത്തതും കാലഘട്ടങ്ങളിലൂടെ കൈമാറി കാലാവസാനം വരെ തിളങ്ങിനിൽക്കുന്നതുമായ അന്യൂന സന്ദേശമാണത്. പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പുള്ള കാലാവസ്ഥക്കു യോജിച്ച ഒരു കാര്യം നാം ജീവിക്കുന്ന ഇക്കാലത്തേക്ക് പറിച്ചു നടുന്നത് യുക്തിസഹമാണോ എന്ന് പരിഹസിക്കുന്നവർ ഉണ്ടായിക്കൊണ്ടിരിക്കും. “നിങ്ങൾക്ക് അല്ലാഹുവിന്റെ പ്രവാചകനിൽ ﷺ ഉത്തമമായ മാതൃകയുണ്ട്” എന്ന അല്ലാഹുവിന്റെ നിർദ്ദേശം പരിഹാസത്തിനു വിധേയമാക്കാവതല്ല. അല്ലാഹുവിന്റെ ദൂതരുടെ ﷺ ചര്യ ആവും വിധം പ്രവൃത്തിപഥത്തിൽ കൊണ്ടുവരിക എന്നതാണ് ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം കരണീയം.

നഗ്നത മറക്കുകയും ലജ്ജാലുവാകുകയും ചെയ്യുക എന്നത് വിശ്വാസിയുടെ അടയാളങ്ങളാണ്. ലജ്ജ ഈമാനിന്റെ ശാഖകളിലൊന്നായാണ് റസൂൽ  എണ്ണിയത്. സ്ത്രീ-പുരുഷന്മാരുടെ നഗ്നതാ പരിധിക്കു വിശാലമായ നിർദ്ദേശങ്ങൾ മതം നൽകിയിട്ടുണ്ട്. അതിൽ സ്ത്രീയുടെ മുഖാവരണവുമായി ബന്ധപ്പെട്ട വിശദീകരണമാണ് ഈ ഗ്രന്ഥം. സ്ത്രീസുരക്ഷയുടെ മഹത്തായ ഒരു മാതൃകയായി അത് പരിചയപ്പെടുത്തുകയാണ്. അന്യം നിന്ന് പോയ ഒട്ടനവധി പ്രവാചകചര്യകളും സ്വഹാബി വനിതകളുടെ ജീവിത മാതൃകകളും പുനരവതരിപ്പിക്കപ്പെടുന്നത് കണ്ട് നിർവൃതി കൊള്ളാൻ ആശിക്കുന്ന ഒരു ചെറുസംഘമെങ്കിലും നമുക്കിടയിൽ ഉണ്ടാവാതിരിക്കില്ല. “നിഖാബ്” എന്ന ഈ വിഷയം അവർക്കാശ്വാസം പകരുമെന്ന് വിശ്വസിക്കുന്നു. ഇസ്‌ലാമിക ചര്യകൾക്ക് അപരിചിതത്വം വന്നുകൊണ്ടിരിക്കവെ വിഷയത്തിന്റെ സ്വീകാര്യതക്ക് അപാരമായ ഒരു ധൈര്യം തന്നെ വേണ്ടി വന്നേക്കും. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഈ ഗ്രന്ഥം രചിച്ചുകൊണ്ടിരിക്കവെ ‘ഗൾഫ് ന്യൂസ്’ എന്ന പത്രത്തിൽ കാണാനായ ഒരു വാർത്താശകലം എന്നെ വളരെ കൗതുകപ്പെടുത്തി. വായനക്കാർക്കായി അത് ഞാനിവിടെ പകർ

ത്തട്ടെ. പണത്തിനും പ്രശസ്തിക്കും വേണ്ടി തന്റെ മതവിശ്വാസത്തെ പണയപ്പെടുത്താൻ തയ്യാറാകാത്ത ഒരു ഫലസ്തീൻ വനിതയുടെ ധീരമായ നിലപാട്.

ലോകത്തിലെ ഏറ്റവും പ്രായമുള്ള വനിതയായി ഗിന്നസ് വേൾഡ് റെക്കോർഡിലേക്ക് പ്രവേശിക്കാനുള്ള സന്ദർഭം. അവർക്ക് 124 വയസ്സുണ്ട്. നിലവിൽ 122 വയസ്സ് കഴിഞ്ഞ ഒരു ഫ്രഞ്ചുകാരി യുടെ റെക്കോർഡാണ് മറിയം ഹംദാൻ അമ്മാഷ് എന്ന ഈ മുസ്ലിം വനിത മറികടക്കേണ്ടത്. ഗിന്നസ് ബുക്ക് പ്രതിനിധികളിൽ ഒരാൾ മറിയമിനോട് ആ സന്തോഷവാർത്ത അറിയിച്ചു. അഞ്ചു തവണ ഹജ്ജും പത്തു തവണ ഉംറയും നിർവ്വഹിച്ച മറിയം അതിൽ സന്തോഷവതിയായില്ല. ഗിന്നസ് ബുക്കിന്റെ നിബന്ധന അത്തരത്തിലായിരുന്നു. ശിരോവസ്ത്രം ഇല്ലാത്ത വിധം ഒരു ഫോട്ടോ വേണം. തന്റെ ശിരോവസ്ത്രം നീക്കി ശിരസ്സ് പ്ര ദർശിപ്പിച്ചുകൊണ്ടുള്ള ഫോട്ടോ എന്ന ഗിന്നസ്ബുക്കിന്റെ ആവശ്യ ത്തിലെ നിഗൂഢതയെക്കുറിച്ച് ഒട്ടും ആശങ്കയില്ലാതെ തന്നെ ആ ആവശ്യം മറിയം അവഗണിച്ചു. തന്നെ അറിയപ്പെടുന്ന ഒരു വ്യക്തിയാക്കാം എന്ന് വാഗ്ദാനം ചെയ്ത ഗിന്നസ് പ്രതിനിധിയോട് അവർ ചോദിച്ചു: 'അപ്പോൾ അതെന്നെ സന്തോഷിപ്പിക്കുമോ?'. 'തീർച്ചയായും, അത് നിങ്ങളിലും നിങ്ങളുടെ കുടുംബത്തിലും ആഹ്ലാദം ഉണ്ടാക്കും' എന്ന് അദ്ദേഹം പ്രതികരിച്ചു. മറിയം അദ്ദേഹത്തോട് ചോദിച്ചു: "താങ്കൾക്ക് എന്ത് പ്രായം വരും?" അദ്ദേഹം പറഞ്ഞു: '43.' അവർ മന്ദസ്മിതം തൂകി. മറിയം ജിജ്ഞാസാപൂർവ്വം അദ്ദേഹത്തോട് ചോദിച്ചു? എന്നിട്ടും താങ്കൾ ഒരു മുസ്ലിം ആകാഞ്ഞതെന്തേ? അത് കേട്ട് അദ്ദേഹം ആശ്ചര്യപ്പെട്ടു. ഇവിടെ തന്റെ പ്രായവും ഇസ്ലാമും തമ്മിൽ എന്ത് പ്രാധാന്യ മാണുള്ളത്? "താങ്കൾ എന്താണ് അതുകൊണ്ടുദ്ദേശിക്കുന്നത്?" അയാൾ ചോദിച്ചു. മറിയം ഇങ്ങിനെ മറുപടി നൽകി.

"തെറ്റും ശരിയും തിരിച്ചറിയാനുള്ള പ്രായം നിങ്ങൾക്കായിട്ടുണ്ട്. എന്നിട്ടും നിങ്ങൾ ഇസ്ലാമിനെ കണ്ടെത്തിയില്ല. ഇതിന്നർഥം ഒന്നുകിൽ നിങ്ങൾ തെറ്റിൽ നിന്ന് ശരിയെ വേർതിരിച്ചറിയാൻ കഴിയാത്തത്ര ചെറുതാണ്. അല്ലെങ്കിൽ നിങ്ങൾ ഒരു ബുദ്ധി ശൂന്യ നാണ്. എന്തുകൊണ്ടെന്നാൽ താനടക്കമുള്ള നശ്വരരായ ഒട്ടനവധി പേർ അടങ്ങിയ ഒരു സമൂഹത്തിൽ തനിക്കു മാത്രം ആദരണീയമായ

ഒരു പദവി കിട്ടിയാൽ അത് തന്നെ ആഹ്ലാദഭരിതയാക്കും എന്നത് ഒരു കുട്ടിയോ ബുദ്ധിശൂന്യനോ ആയ ആൾ മാത്രമേ വിശ്വസിക്കൂ. സ്രഷ്ടാവിന്റെ മുമ്പിൽ സ്വയം നാണം കെടുന്ന ഒരവസ്ഥയാണത്."

"എങ്കിൽ ഞാനെന്തായിരിക്കും തിരഞ്ഞെടുക്കുക?" മറിയം തന്റെ നിലപാട് തുടർന്നു. "ബഹുമാനിതരല്ലാത്ത ഒട്ടനവധി (സാധാരണക്കാരായ) ആളുകൾക്കിടയിൽ വാഴ്ത്തപ്പെടണോ... അതോ അല്ലാഹുവിന്റെ സംതൃപ്തി നേടിയ, ഔന്നത്യം വന്ന മഹാഭാഗ്യവാന്മാരിൽ പ്രശസ്തി നേടണോ? ഏതാണ് ഞാനും നീയും നമ്മളെല്ലാവരും തിരഞ്ഞെടുക്കേണ്ടത്?"

ഗിന്നസ് പ്രതിനിധിക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല. മറിയം പറഞ്ഞു: "താങ്കൾ പോവുക. ഇതിനൊരു ഉത്തരമില്ലെങ്കിൽ പോയി ചിന്തിച്ച് വളരുക." അവർ (തമാശയോടെ) പുഞ്ചിരി തൂകിക്കൊണ്ട് ഇത്രയും കൂടെ പറഞ്ഞു: "താങ്കൾ തിരിച്ചുവരും വരെ ഞാൻ ജീവിച്ചിരിക്കുമെന്ന് ഞാനുറപ്പുതരാം." (വിശ്വാസപരമായി, ഇത്തരം ഉറപ്പ് നാം ആർക്കും കൊടുത്തുകൂടാ. ان شاء الله ഇൻഷാ അല്ലാഹ് എന്ന് പറഞ്ഞല്ലാതെ. അടുത്ത നിമിഷത്തിന്റെ വിധി അല്ലാഹുവിങ്കലാണല്ലോ ഉള്ളത്.)

വിധിയുടെ ആശ്ചര്യകരമായ നിമിത്തം പോലെ പ്രസ്തുത പ്രതിനിധി ഏഴു മാസങ്ങൾക്കു ശേഷം ഇസ്‌ലാം ആശ്ലേഷിച്ചു. പിന്നെയും നാലു മാസങ്ങൾക്കു ശേഷമാണ് മറിയം ഹംദാൻ അമ്മാഷ് വിട പറഞ്ഞത്. തന്റെ ശിരോവസ്ത്രം മാറ്റിക്കൊടുത്ത് ഫോട്ടോയെടുക്കുകയും ഗിന്നസ് ബുക്കിലൂടെ ആ ചിത്രവും വാർത്തയും ലോകമെങ്ങും കൗതുകകരമായി ആസ്വദിക്കപ്പെടുന്ന പ്രശസ്തിയിലേക്ക് വളരുകയും ചെയ്യുന്നതിന്ന് പകരം അല്ലാഹുവിന്റെ ഉൽകൃഷ്ട ദാസിമാരിൽ ഒരുവളായി അറിയാനാണ് ആ മഹതി ആഗ്രഹിച്ചിരുന്നത്. (ഗൾഫ് ന്യൂസ്: ഡിസംബർ 26, 2012, ലക്കം 15-43ൽ ഇതു സംബന്ധിച്ച വാർത്ത വായിക്കാം.)

മറിയം ഹംദാൻ അവരുടെ സമീപനം കൊണ്ട് ആധുനിക കാലത്തെ വനിതകൾക്ക് ഈമാനിക ചൈതന്യം പകർന്ന ധീരയാണ്. അതുകൊണ്ട് തന്നെ "നിഖാബ്" എന്ന ഈ ഗ്രന്ഥത്തിന്റെ പേജുകളിലും അവരെ ആദരപൂർവ്വം സ്മരിക്കപ്പെടുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹീത സ്വർഗ്ഗങ്ങളിൽ പ്രവേശനം ലഭി

ച്ചവർ എന്ന “റെക്കോർഡ് ബുക്കിൽ” അവരുടെ പേരുണ്ടാവുമെന്ന് നമുക്കാശിക്കാം.

“നിഖാബി”ന്റെ രചനക്ക് ഇതിനു മുമ്പുള്ള എന്റെ “ബർസയിലെ ബർസ” പ്രചോദനമായിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥത്തിന്റെ മറ്റൊരു പരിണാമ ഘട്ടമാണിത്. നാലു വർഷങ്ങൾക്കിടയിലെ ഒരു പ്രത്യേക കാലഘട്ടമായിരുന്നു അത്. അല്ലാഹുവിന് സ്തുതി.

“നിഖാബ്” ഇസ്‌ലാമിക ജീവിതത്തിലേക്ക് നിങ്ങളെ തിരിച്ചുവിളിക്കുന്നു. ഖുർആനിന്റെയും സുന്നത്തിന്റെയും ആ പ്രഭവകാലത്തേക്ക് ക്ഷണിക്കുന്നു; ഇസ്‌ലാമിക ജനത ഉന്നതശോഭ ചൊരിഞ്ഞ ഒരു കാലഘട്ടത്തിലേക്ക്. മതമൂല്യങ്ങൾക്ക് ഏറെ പരിക്കു പറ്റിയ ഇക്കാലത്തിൽ ഊന്നിനിന്ന് പിന്നോട്ട് നോക്കുമ്പോൾ പല കണ്ണുകളിലും ഇരുൾ മൂടിയേക്കാം. എന്നാൽ അങ്ങനെയല്ല; അന്യം നിന്നുപോയ ഒരു സംസ്കൃതിയിലേക്ക് ത്യാഗമനസ്കനായ ഒരാളുടെ ആശാപൂർവ്വമായ മടക്കമായി ഇതിനെ കാണണം. അത്തരക്കാർക്ക് ഈ ഗ്രന്ഥം ഒരു വഴികാട്ടിയായി മാറുമെന്ന് പ്രതീക്ഷിക്കട്ടെ.

വിഷയങ്ങൾ രണ്ടായി വിഭജിക്കപ്പെടുന്ന ഒരു ഘട്ടം ഈ ഗ്രന്ഥത്തിനുണ്ടാവുന്നുണ്ട്. ഇബ്നു ഹജറുൽ അസ്ഖലാനി ﵀ യുടെ ജീവിതകാലത്തിലാണ് ആ വഴിത്തിരിവ്. അഥവാ ‘ഫത്ഹുൽ ബാരി’യുടെ രചനാകാലം. ഇവിടെ നിന്ന് സ്വഹാബികളുടെ കാലത്തേക്ക് ഏകദേശം എട്ടരനൂറ്റാണ്ട് പിന്നോട്ടത് സഞ്ചരിക്കുന്നു. നിഖാബിന്ന് പ്രശ്നങ്ങളൊന്നും വന്നുചേരാതിരുന്ന ഒരു കാലത്തേക്കുള്ള തിരിഞ്ഞുനോട്ടമായി വായനക്കാർ ഇതിനെ കാണണം. ‘ഫത്ഹുൽ ബാരി’ക്ക് ശേഷം നാമിന്ന് ജീവിക്കുന്ന ആധുനിക കാലം വരെ മുന്നോട്ടും വിഷയം സഞ്ചരിക്കുന്നു. അത് പ്രശ്നങ്ങളുടെ കാലമായിരുന്നു. സുരക്ഷിതമായ ഒരു കാലത്തുനിന്നും അരക്ഷിതമായ ഒന്നിലേക്ക് വേർതിരിക്കപ്പെടുന്ന ഒരു കേന്ദ്രമായി ഫത്ഹുൽ ബാരി മാറുകയാണ്; ഒരു വഴിയടയാളം പോലെ. വായനക്കാർക്ക് ഇത് കൂടുതൽ വ്യക്തത നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

അറിയപ്പെടുന്ന മതപ്രബോധകരിൽ ഒരാൾ വായിച്ചു ശുദ്ധിവരുത്തിക്കുക എന്ന പതിവുരീതി ഈ ഗ്രന്ഥരചനയിലും ഞാനവലംബിച്ചിട്ടുണ്ട്. അതനുസരിച്ച് എന്റെ പ്രിയ സുഹൃത്ത് – അദ്ദേഹം എന്നെ

ക്കാളേറെ ഈ സൗദിയിൽ ജീവിതം ചിലവഴിച്ച വ്യക്തിത്വമാണ്. വിശുദ്ധ മദീനയിലും മദീനക്ക് പുറത്തും നിരന്തര പ്രബോധന പ്രവർത്തനങ്ങളിലൂടെ മലയാളികൾക്ക് സുപരിചിതനും പ്രിയങ്കരനുമാണ് - ഡോക്ടർ മുഹമ്മദ് അഷ്റഫ് മലബാരി. അദ്ദേഹത്തിന്റെ പഠനാർഹമായ ആമുഖം ഈ ഗ്രന്ഥത്തിന് മാറ്റുകൂട്ടുന്നു. അല്ലാഹു അദ്ദേഹത്തിന് ഉത്തമപ്രതിഫലം നൽകുമാറാവട്ടെ - ഇതിന്റെ രചനയിൽ എന്നെ സഹായിച്ച ഉമ്മു ഫുർഖാൻ, മകൻ ഫുർഖാൻ, ഇതിന്ന് പുറം ചട്ടയൊരുക്കിയ എന്റെ മകൾ ഹുദാ, അതിന്നു കൂടുതൽ അലങ്കാരങ്ങൾ നൽകിയ മുസ്തഫ കീഴേപ്പാട്ട് എന്നിവർക്കൊക്കെയും അല്ലാഹു മതിയാവോളം പ്രതിഫലം നൽകട്ടെ.

വിനീതനായ ഒരു സാധാരണക്കാരന്റെ പരിശ്രമമാണ് ഈ ഗ്രന്ഥം. എന്നാലും ഗൗരവവും സൂക്ഷ്മവുമായ പരിശോധനക്ക് ഇതിലെ തർജ്ജമകളും ഹദീഥുകളും വിധേയമാക്കിയിട്ടുണ്ട്. പക്ഷേ അതൊരിക്കലും തെറ്റു വന്നുചേരാനിടയില്ലാത്ത വിധം വിശുദ്ധമായിത്തീരണമെന്നൊന്നും ഇല്ല. വായനക്കിടയിൽ വല്ല സ്ഖലിതങ്ങളും കണ്ടെത്താനായാൽ ഗുണകാംക്ഷയോടെ ഉണർത്തിത്തരണമെന്നഭ്യർഥിക്കുന്നു.

അല്ലാഹുവിന്റെ അനന്തവും മഹനീയവുമായ പൊരുത്തത്തിനും തൃപ്തിക്കുമായി ഈ പരിശ്രമം സമർപ്പിച്ചുകൊണ്ട്,

**ഹനീഫ് പുല്ലിപ്പറമ്പ്**

റിയാദ്
10.11.2013

# പർദ്ദയുടെ ചരിത്രം

ഇസ്‌ലാമിലെ സ്ത്രീയുടെ നഗ്നതാ പരിധി (ഔറത്ത്) സംബന്ധിച്ച് ഹിജ്റ 14-ാം നൂറ്റാണ്ടിൽ ഏറെ ചർച്ചകൾ നടന്നിട്ടുണ്ട്. മുഖവും മുൻകൈകളും ഔറത്തിൽ പെടുമോ എന്നതിനെ കേന്ദ്രീകരിച്ചാണ് അവയധികവും നടന്നത്. പെടുമെന്ന വിഭാഗവും ഇല്ലെന്ന വിഭാഗവുമുണ്ടായി. ഓരോരുത്തർക്കും അവരവരുടെതായ വാദങ്ങൾ ഉണ്ടായിരുന്നു.

നിഷ്പക്ഷമായ നിലപാടിൽ, ആഴമേറിയ ചിന്തകളിൽ, ശക്തമായ ഉൾക്കാഴ്ചകളിൽ, കുശാഗ്ര ശേഷിയുള്ള ചരിത്രാവബോധത്തിൽ രണ്ടു നിലപാടുകളും പരിശോധിക്കപ്പെടണം. സത്യം അറിഞ്ഞുൾക്കൊള്ളാനുതകുന്ന വിശാലമായ മനസ്സും അയാൾക്കുണ്ടാവണം. മതനിയമങ്ങളിൽ നിന്നകന്നു പോവാൻ ആഭിമുഖ്യം ഉണ്ടാവുന്ന ജനത അധികരിച്ചുകൊണ്ടേയിരിക്കുകയാണ്. മതസമ്പത്തും മത വിഭവങ്ങളും മതചിഹ്നങ്ങളും മതമെന്ന മഹാവൃക്ഷത്തിൽ നിന്നും കൊഴിഞ്ഞില്ലാതെ പോവുകയാണ്. റസൂൽ ﷺ യുടെ കാലത്ത് തന്നെ മതത്തിന് സമ്പൂർണ്ണത കൈവന്നിരിക്കെ ഇനി അതിലേക്ക് പുതുതായൊന്നും കയറ്റിവിടാനായി ഇല്ല. പകരം അതിൽ നിന്നും കുറഞ്ഞുപോവാനാണുള്ളത്. ആ പ്രവണതയാണ് തുടർന്നുകൊണ്ടിരിക്കുന്നതായി നാം കാണുന്നത്. കൂട്ടിച്ചേർക്കാനില്ലാത്ത ഏത് സംഭരണിയായാലും തുടർച്ചയായ അതിന്റെ ശോഷണത്തിന്റെ പരിണതി ശൂന്യതയിലേക്കാണല്ലോ. മതത്തിലും അത് സംഭവിച്ചുകൊണ്ടിരിക്കുന്നു. ലാഇലാഹ ഇല്ലല്ലാഹ് എന്നുച്ചരിക്കാൻ പോലും ആളില്ലാത്ത ഒരവസ്ഥ ഇതിനും വന്നുചേരും.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അയാളെന്ത് നിലപാടാണെടുക്കുക! തന്റെ ജീവിതകാലത്തുണ്ടാവരുതേ എന്നാണാശിക്കുക. അതിന്നുവേണ്ടിയാണ് പ്രവർത്തിക്കുക. അതിന്നെന്താണ്

വേണ്ടത്? ഖുർആനിലേക്കും സുന്നത്തിലേക്കുമുള്ള തിരിച്ചു പോക്കുതന്നെ! പൊതുജനത്തിന്റെ ജീവിതം അതായിക്കൊള്ളണമെന്നില്ല. അയാളുടെ തിരിച്ചുപോക്കിനു സുഖം പകരുന്ന അവസ്ഥയിലായിരിക്കില്ല. അവിടെ അയാൾ അപരിചിതനെ പോലെയായിരിക്കാം. മത ചിഹ്നങ്ങളെ പരിപാലിക്കാനൊരുങ്ങിയാൽ. പുനരുദ്ധരിക്കാനൊരുങ്ങിയാൽ സാധാരണ ജനത്തിന്നത് കൗതുകമായിരിക്കും. എന്തെന്നാൽ മുസ്‌ലിമിന്റെ മതജീവിതത്തിൽ കൊഴിഞ്ഞുപോയ മൂല്യങ്ങളെ അവർ മറന്നിട്ടുണ്ട്. അതിനാൽ തിരിച്ചുപോക്കിന്ന് – പുണ്യത്തിലേക്കുള്ള മടക്കത്തിന് – അയാൾ നല്ല ത്യാഗം തന്നെ ചെയ്യേണ്ടി വരും. ഈ വിഷയത്തിന്റെ തുടക്കമായിത്തന്നെ ഇത്രയും പറഞ്ഞത് അപരിചിതമായിപ്പോയ യാഥാർഥ്യങ്ങളിലേക്കു തിരിച്ചു വിളിക്കുമ്പോൾ മുഖം ചുളിഞ്ഞുപോവാതിരിക്കാനാണ്.

പൊതുസമൂഹത്തിൽ സ്ത്രീ മുഖം തുറന്നവളാണെങ്കിൽ ഞാനും അതാവട്ടെയെന്നാവും ആധുനിക മുസ്‌ലിം വനിത ചിന്തിക്കുക. അവൾക്കത് അനുവദനീയമാണോ എന്ന ചിന്തയൊന്നുമില്ല. അവർ തലയൽപം തുറന്നാൽ ഇവൾ തല മുഴുവൻ തുറന്നിടും. പിന്നെയും “പുരോഗതി”യെന്ന ഇസ്‌ലാമിലെ പെണ്ണിന്റെ അധോഗതിയിൽ അവൾ കഴുത്തും മാറും പിരടിയും പുറവുമൊക്കെ അനിസ്‌ലാമിക സ്ത്രീ സംസ്കാത്തിലുള്ള പോലെ തുറന്നിടും അവിടെ അവരുടെ നഗ്നത, മാറിലേക്കും പിൻവശം പിരടിക്കു താഴെ വരെയും എത്തിനിൽക്കുന്നു! അതിന്നപ്പുറത്തേക്ക് ഇനി പ്രദർശിപ്പിക്കാൻ ബാക്കിയുള്ളത് കുറച്ചല്ലേ ഉള്ളൂ!” لا حول ولا قوة إلا بالله

# താളഭംഗങ്ങളുടെ തുടക്കം

എവിടെയാണ് ഇതൊരു പ്രശ്നമായത്. മുൻകാലങ്ങളിൽ ഇതൊരു പ്രശ്നമോ അഭിപ്രായഭിന്നതയുള്ള കാര്യമോ ആയിരുന്നില്ലല്ലോ..! അഥവാ പർദ്ദയുടെ വാക്യം അല്ലാഹു നമുക്കറിയിച്ചു തന്ന ശേഷം ആയിരത്തി മുന്നൂറോളം വർഷം പ്രായപൂർത്തിയായ മുസ്ലിം സ്ത്രീ മുഖം തുറന്നിട്ടു നടന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. സ്വഹാബി വനിതകൾ തുടങ്ങി, ഉത്തമരായ ആദ്യ മൂന്ന് നൂറ്റാണ്ടുകാരിലൂടെ പിന്നിട്ട പതിമൂന്ന് നൂറ്റാണ്ടിലെ സ്ത്രീകളെക്കുറിച്ച് മുസ്ലിംകൾക്ക് അഭിപ്രായ ഐക്യമുണ്ട്. സ്വഹാബി വനിതകളുടെ കാലഘട്ടത്തിൽ നിന്നു തന്നെ രണ്ടു ഡസനോളം സംഭവങ്ങൾ എടുത്തുദ്ധരിക്കുന്നുണ്ട്. ഇതിൽ മുസ്ലിംകളും ഖൈനുഖാഅ് ഗോത്രത്തിലെ ജൂതരും തമ്മിൽ നടന്ന സംഘട്ടനത്തിനു തുടക്കമിട്ടത് ഒരു മുസ്ലിം സ്ത്രീയുടെ മുഖാവരണം പൊക്കിയിടത്തുനിന്നാണ് എന്നത് ഇവിടെ പ്രത്യേകം എടുത്ത് പറയട്ടെ.

ഹിജ്റ അഞ്ചാമത്തെയോ ആറാമത്തെയോ കൊല്ലത്തിലാണ് പർദ്ദയുടെ ആയത്തിറങ്ങുന്നത്. അന്നുതൊട്ടിങ്ങോട്ട് ഹിജ്റ പതിമൂന്നാം നൂറ്റാണ്ടുവരെ, കൃത്യമായി പറഞ്ഞാൽ ഹിജ്റ 1337 (1919 മാർച്ച് 16) വരെ മുസ്ലിം സ്ത്രീകൾ മുഖം തുറന്ന അവസ്ഥയിൽ അന്യപുരുഷന്മാർക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. അതവർക്കനുവദനീയമല്ലെന്നാണ് അക്കാലമങ്ങോളമുള്ള എല്ലാ മതപ്രബോധകരും ഉണർത്തിയിട്ടുള്ളത്. ഇതിൽ അബൂബക്കർ അൽ ജസ്വാസ്സ്, അസ്സർഖസി (السرخسی), അലാഉദ്ദീൻ, ഇബ്നു ആബിദീൻ, ഫൈദുൽ ബാരീ അൽ കഷ്മീരി പോലുള്ള ഹനഫീ പണ്ഡിതരുണ്ട്. ഇബ്നുൽ അറബി, ഖുർതുബി, ഇബ്നു അബ്ദിൽ ബിർറ് പോലുള്ള മാലികീ പണ്ഡിതരുണ്ട്. ഇമാം നവവി, അൽജുവൈനിയ്യ്, ഇബ്നു റസ്ലാൻ, അൽ മൗസഇയ്യ് (الموزعي), അൽ ഖൽയൂബി, അൽബ

ഗവി പോലുള്ള ഷാഫിഈ പണ്ഡിതരുണ്ട്. ഇമാം അഹ്മദ്, ഇമാം ഷൗകാനി, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പോലുള്ള ഹമ്പലീ പണ്ഡിതരുമുണ്ട്. സൗദിയിലെ മുൻകാലത്തും പിൽക്കാലത്തുമുള്ള മുഴുവൻ പണ്ഡിതരും ഇതേ അഭിപ്രായക്കാർ തന്നെയായിരുന്നു.

എന്ത് ചെയ്യാൻ...! പറഞ്ഞിട്ടും അനുസരിക്കാത്ത വലിയൊരു സമൂഹവും ഉണ്ടായി. ഒരുദാഹരണം നോക്കൂ... പ്രസിദ്ധ പണ്ഡിതൻ ഷൈഖ് അബുൽ അഅ്ലാ മൗദൂദി തന്റെ الحجاب എന്ന ലേഖനത്തിൽ പർദ്ദയുടെ വാക്യം വിശദീകരിച്ചതിൽ നിന്നൊരൽപം ഇങ്ങിനെ സംഗ്രഹിക്കാം... “എല്ലാ കാലത്തുമുള്ള ഖുർആൻ വ്യാഖ്യാതാക്കൾ ഈ (പർദ്ദയുടെ) വാക്യത്തെ വിശദീകരിച്ചിടത്ത് യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അതിൽ തർക്കത്തിന് യാതൊരു സാധ്യതയും കാണുന്നില്ല. എന്തെന്നാൽ അന്യ(പുരുഷ)രുടെ മുമ്പിൽ സ്ത്രീ മുഖം മറക്കണമെന്ന് ഇസ്‌ലാമിക ഷരീഅത്ത് അവളോട് കൽപിച്ചിട്ടുണ്ട്. നബി ﷺ യുടെ കാലഘട്ടം മുതൽക്കിങ്ങോട്ട് ഇന്നേ ദിവസം വരെ അതിന്നു മാറ്റം വന്നിട്ടില്ല...”

ഷൈഖ് മൗദൂദി സാഹിബിന് അല്ലാഹു കരുണ ചൊരിയട്ടെ. അദ്ദേഹം ഇസ്‌ലാമിക ലോകത്തിന് ചെയ്ത സംഭാവനകൾ വലുതാണ്. ഇത്തരം വിഷയങ്ങളിൽ അദ്ദേഹം ചെയ്തതിന്റെ നൂറിലൊരംശം പോലും ലോകത്തിന് സമർപ്പിക്കാനാവാത്ത ആളുകൾ മാത്രമേ അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ ചെറുതായിക്കാണൂ. പക്ഷെ പ്രബോധക സമൂഹത്തിൽ നിന്നും അദ്ദേഹത്തെ ഒരു കൂട്ടർ പറിച്ചെടുത്തു കൊണ്ടുപോയി. അദ്ദേഹത്തിന്റെ രാഷ്ട്രീയ ആശയങ്ങൾക്ക് മാത്രം വല്ലാത്ത പ്രാധാന്യം നൽകിക്കൊണ്ട് സംഘടിച്ചു. ഹിജാബ്, പലിശ പോലുള്ള വിഷയങ്ങളിൽ അദ്ദേഹമെഴുതിയ ഗ്രന്ഥങ്ങൾക്കോ ലേഖനങ്ങൾക്കോ അങ്ങിനെ കൂടുതൽ പ്രാധാന്യം കൈവരാതെപോയി.

നാട്ടിലെ സലഫീ വീക്ഷണക്കാരിലെ സ്ത്രീകളുടെ സ്ഥിതിയും വിഭിന്നമല്ലല്ലോ. കാലപ്രവാഹത്തിൽ ഞങ്ങളും മുമ്പെ എന്ന് തോന്നിക്കുമാറാണ് പലപ്പോഴും സമീപനങ്ങൾ. ചിലപ്പോഴൊക്കെ അത് സൗദി സലഫികൾ, ഇത് കേരളാ സലഫികൾ എന്നിങ്ങിനെ സമാധാനിക്കുന്ന ആളുകളെയും അവർക്കിടയിൽ കാണാം.

അല്ലാഹു അവർക്കും നമുക്കും സന്മാർഗ്ഗ ബോധനം നൽകട്ടെ..

പതിമൂന്ന് നൂറ്റാണ്ട് കാലം ആദരണീയമായി പരിരക്ഷിച്ച ഒരാശയത്തെ, സ്ത്രീകളുടെ സുരക്ഷാകവചമെന്ന് പൊതുവെ പ്രശംസിക്കപ്പെട്ട അനുഗ്രഹീതമായ സന്ദേശത്തെ, ലോകത്തേക്ക് ഇസ്‌ലാം പ്രവേശിച്ചപ്പോഴൊക്കെ സാന്ദ്രമായി പടർന്ന മഹത്തായ ഒരു മതാചാരത്തെ എത്ര ഞൊടിയിട കൊണ്ടാണ് പിശാച് കശക്കിയെറിഞ്ഞത്!

ഇസ്‌ലാമിന്ന് മുമ്പ് അറേബ്യൻ സ്ത്രീകൾ അധികവും മുഖം മറക്കുന്നവരായിരുന്നില്ല. എന്നാൽ തലയിലെ വസ്ത്രത്തിന്റെ അറ്റം കൊണ്ടോ മറ്റൊരു ചെറുവസ്ത്രം കൊണ്ടോ അവർ വായയും മൂക്കും മറയുമാറ് തലയിൽ ഒന്ന് ചുറ്റിക്കെട്ടുക പതിവുണ്ടായിരുന്നു. പുറത്തേക്കിറങ്ങുമ്പോൾ പ്രതികൂല കാലാവസ്ഥയിൽ നിന്നും പൊടിപടലങ്ങളിൽ നിന്നും സംരക്ഷണം കിട്ടാനായിരുന്നുവത്രെ ഇങ്ങിനെ ചെയ്തിരുന്നത്. ചില പുരുഷന്മാരും ഇപ്രകാരം ചെയ്യാറുണ്ടായിരുന്നു. ഇസ്‌ലാം വന്നപ്പോഴും അവരുടെ പൊതുവെയുള്ള പൂർവ്വകാല വസ്ത്രരീതിയിൽ നിന്നും കാര്യമായ മാറ്റമൊന്നും വന്നിരുന്നില്ല. പുരുഷന്മാരോട് ഞെരിയാണിക്കു താഴെ വസ്ത്രം ധരിക്കരുതെന്നും അന്യമതാചാര വേഷങ്ങൾ ആവരുതെന്നും എതിർലിംഗത്തെ അനുകരിക്കരുതെന്നും തുടങ്ങിയ ചില പൊതു നിർദ്ദേശങ്ങളല്ലാതെ.

ഇസ്‌ലാം അവരിൽ ആവിർഭവിച്ച് പതിനെട്ടോ പത്തൊമ്പതോ കൊല്ലത്തോളം സ്വഹാബി വനിതകളും മുഖാവരണം അണിഞ്ഞിരുന്നില്ല. പർദ്ദയുടെ വാക്യങ്ങൾ ഇറങ്ങിയത് ഹിജ്റ അഞ്ചാമത്തെയോ ആറാമത്തെയോ വർഷത്തിലാണെന്ന് പറഞ്ഞല്ലോ. അൽ അഹ്സാബ് അധ്യായത്തിലെ 59-ാം വാക്യമാണത്. തുടർന്ന് അതേ കാലയളവിൽ തന്നെ അന്നൂർ അധ്യായത്തിലെ 31-ാം വാക്യം അവതരിച്ചു. അത് ആദ്യവാക്യത്തിന്റെ വികാസവും ദൃഢീകരണവുമായിട്ടാണ് ഫലിച്ചത്. അഹ്സാബ് (ഖന്തഖ്), ബനുൽ മുസ്ത്വലഖ് എന്നീ രണ്ടു യുദ്ധങ്ങൾക്കിടയിലായിരുന്നു അതിന്റെ അവതരണ കാലഘട്ടം. വിവിധങ്ങളായ ചരിത്ര പരാമർശങ്ങളെ ഏകോപിപ്പിക്കുമ്പോൾ നമുക്കങ്ങിനെയാണ് മനസ്സിലാക്കാനാവുക. ഖന്തഖ് യുദ്ധം നടന്നത് ഹിജ്റ അഞ്ചാം വർഷം ശവ്വാലിലാണ്.

ബനുൽ മുസ്ത്വലഖ് യുദ്ധമാവട്ടെ ഹിജ്‌റ ആറാം വർഷം ശഅ ബാനിലും. അത്കൊണ്ടാണ് പർദ്ദയുടെ വാക്യങ്ങൾ ഇറങ്ങിയത് ഹിജ്‌റ അഞ്ചാമത്തെയോ ആറാമത്തെയോ വർഷത്തിലാണ് എന്ന് പറഞ്ഞുവരുന്നത്.

ഇസ്‌ലാം പൂർവ്വകാലത്തെ അറബി വനിതകളുടെ വേഷത്തെ പ്പറ്റി നേരത്തെ പരാമർശിച്ചല്ലോ... അത് തന്നെയായിരുന്നു മുസ്‌ലിം വനിതകൾ ശീലിച്ചു പോന്നിരുന്നതും. ഇതിന്ന് അപവാദമായി വന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ടെന്നും പ്രവാചകൻ ﷺ അതിനെ ഗുണദോ ഷിച്ചു പോന്നിരുന്നുവെന്നും പറയാറുണ്ട്. അതിന്ന് ഒരുദാഹരണമായി പറഞ്ഞിരുന്നത് ആയിഷാ رضي الله عنها യുടെ സഹോദരി അസ്മാ رضي الله عنها യെ കുറിച്ചാണ്. അവർ ഒരിക്കൽ വളരെ സുതാര്യമായ വസ്ത്രം ധരി ച്ചുകൊണ്ട് പ്രവാചകൻ ﷺ യുടെ മുമ്പിൽ വന്നു. റസൂൽ ﷺ അവരിൽ നിന്നും മുഖം തിരിച്ചു. തന്റെ മുഖത്തേക്കും കൈപ്പത്തി യിലേക്കും വിരൽ ചൂണ്ടി. തിരുമേനി ﷺ പറഞ്ഞു: "അസ്മാ! ഒരു സ്ത്രീ പ്രായപൂർത്തിയായിക്കഴിഞ്ഞാൽ ഇതും ഇതും അല്ലാതെ പുറത്തുകാട്ടാൻ പാടില്ല" എന്ന്. റിപ്പോർട്ടർമാരിലെ ബലമില്ലായ്മ യിൽ അവഗണിക്കപ്പെട്ട ഗണത്തിലാണ് ഹദീഥ് പണ്ഡിതന്മാർ ഈ ഹദീഥ് ഉൾപ്പെടുത്തിയിട്ടുള്ളത്.

അതെന്തായാലും അക്കാലത്തെ സ്ത്രീകൾ പർദ്ദയുടെ വാക്യ ങ്ങൾ അവതരിക്കും വരെ മുഖം മറക്കാത്ത അവസ്ഥയിലായിരുന്നു പുറത്തിറങ്ങിയത്. എന്നാൽ അക്കാലത്ത് പോലും മുഖം മറക്കുന്ന സ്ത്രീകളും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നതിലേക്കു വിരൽ ചൂണ്ടുന്നതാണ് ബനൂ ഖൈനുഖാഅ് സംഭവം. ഹിജ്‌റ രണ്ടാം വർഷം ബദർ യുദ്ധം കഴിഞ്ഞ് ഒരുമാസം പിന്നിടുന്നതിന് മുമ്പായിട്ടാണ് ഇത് സംഭവിച്ചത്. അഥവാ ശവ്വാൽ മധ്യത്തിൽ. ഖൈനുഖാഅ് ഗോത്രക്കാരുടെ ചന്തസ്ഥലത്ത് ഒരു മുസ്‌ലിം വനിത തന്റെ ആഭരണം പണിയാൻ വന്നു. അവർ മുഖം മറച്ചവരായിരുന്നു. ജൂതനായിരുന്ന ആ ആഭരണപ്പണിക്കാരന്റെ കടയിൽ ഇരിയ്ക്കവെ അവരുടെ മുഖാവരണം ഉയർത്താനായി അവിടെ ഉണ്ടായിരുന്ന ചിലർ നിരന്തരം ആവശ്യപ്പെട്ടു. എന്നാൽ ആ വനിത അവരുടെ ആവശ്യം അംഗീകരിച്ചില്ല. അപ്പോഴവരിൽ പെട്ട ഒരു ജൂതൻ ആ സ്ത്രീ അറിയാതെ അവരുടെ പിൻവശം വന്നു. അവരുടെ വസ്ത്ര ത്തിന്റെ ഒരറ്റം കൊളുത്തു കൊണ്ടു പിന്നിൽ ബന്ധിച്ചു. അവർ

പോവാൻ വേണ്ടി എഴുന്നേറ്റപ്പോൾ അവരുടെ വസ്ത്രം ഉതിർന്നു വീണു. അവരുടെ നഗ്നത വെളിപ്പെട്ടു. കണ്ടു നിന്നവർ ആർത്തു ചിരിച്ചു. ആ സ്ത്രീ ഉച്ചത്തിൽ നിലവിളിച്ചു. ഒരു മുസ്ലിം ഇത് കണ്ട ഉടനെത്തന്നെ ആ ആഭരണ വ്യാപാരിയുടെ മേൽ ചാടി വീണ് അയാളുടെ കഥ കഴിച്ചു. ഇത് കണ്ടു നിന്ന മറ്റു ജൂതന്മാർ ആ മുസ്ലിമിനെയും വധിച്ചു.

മുസ്ലിംകളും ജൂതരും തമ്മിലുള്ള സംഘട്ടനം ഇവിടെ തുടങ്ങി. നബി ﷺ അവരെ സമാധാനത്തിലേക്കും അവർ തമ്മി ലുണ്ടാക്കിയ വ്യവസ്ഥകൾ പാലിക്കുന്നതിലേക്കും ക്ഷണിച്ചു. ഒരു ഫലവുമുണ്ടായില്ല. അതിനാൽ മുസ്ലിംകൾ അവരെ ഉപരോധിച്ചു. പതിനഞ്ചു ദിവസം ജൂതന്മാരെ അവരുടെ വീടുകളിൽ നിന്ന് പുറ ത്തുപോവാൻ അനുവദിക്കാതെ തടഞ്ഞുവെച്ചു. തുടർന്നു മുന്നൂറ് സായുധരും നാനൂറോളം വരുന്ന നിരായുധരുമായ ആ ജൂതസമൂ ഹത്തെ അവരുടെ ആയുധങ്ങളും ചന്ത മുതലുകളും വിട്ടുകൊടു ക്കാത്ത വിധം നാടുകടത്താനുള്ള റസൂൽ ﷺ യുടെ വിധി അവർ നടപ്പിലാക്കി. ബനൂ ഖൈനുഖാഅ് എന്ന ജൂതവംശം അങ്ങിനെ മദീനയിൽ ഇല്ലാതായി.

ഇത്രയും വിശദമായി ഈ സംഭവം ഇവിടെ ഉദ്ധരിച്ചത്, പർദ്ദ യുടെ വാക്യങ്ങൾ ഇറങ്ങുന്നതിന്നും എത്രയോ മുമ്പുതന്നെ സ്വമേധയാ മുഖം മറയ്ക്കുന്ന സ്ത്രീ സമൂഹത്തെ മദീനയിൽ കാണാമായിരുന്നു എന്ന് പറയാൻ വേണ്ടിയാണ്. ഈ സംഭവം കഴിഞ്ഞ് മൂന്ന് നാലു വർഷങ്ങൾക്ക് ശേഷമാണ് മുഖം മറയ്ക്കാൻ കൽപ്പിക്കപ്പെട്ട വാക്യങ്ങൾ വന്നുചേരുന്നത്. പിന്നെ മുഖം തുറന്നി ട്ടുകൊണ്ട് അന്യപുരുഷന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ഒരു സമൂഹം അവർക്കിടയിൽ ഉണ്ടായിട്ടില്ല.

നബി ﷺ യുടെ കാലത്തെ മുഖം തുറന്നിട്ടുകൊണ്ട് പുറത്തി റങ്ങാറുണ്ടായിരുന്ന സ്ത്രീകളെ സംബന്ധിച്ചും അങ്ങിനെ അല്ലാ ത്തവരെക്കുറിച്ചും വന്ന സംഭവങ്ങളൊക്കെ പുനഃപരിശോധനക്ക് വിധേയമാക്കാൻ വായനക്കാർക്ക് ഇതിലൂടെ കഴിയും. അവയെ ഹി ജ്റ ആറാം നൂറ്റാണ്ടിനു മുമ്പെന്നും അതിന്നു ശേഷമെന്നും. ബനൂ ഖൈനുഖാഅ് സംഭവത്തിലെ മുസ്ലിം വനിതയെപ്പോലെ മുഖം മറക്കാർ പതിവുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ചിലത് ഉണ്ടാവാമെന്നത്

വിസ്മരിക്കുന്നില്ല. പക്ഷെ ഹിജ്റ അഞ്ച്, ആറ് വർഷങ്ങൾക്കിടയിൽ അവതീർണ്ണമായ പർദ്ദയുടെ ആയത്തുകൾക്ക് ശേഷം അത്തരം മുഖം മറക്കാത്തൊരുനുഭവം ഉദ്ധരിക്കാനാവുകയില്ല. മുഖം മറക്കാതെ പുറത്തിറങ്ങാവുന്ന ഒരു ജീവിതമാണ് അല്ലാഹു ﷻ ഉദ്ദേശിച്ചതെങ്കിൽ പിന്നെ ഇത്തരം ഒരവതരണത്തിന് പ്രസക്തിയെന്ത്? മുഖം മറക്കാറ് പതിവില്ലാത്ത ഒരു സമൂഹത്തോട് മുഖം മറക്കുന്നതിന്റെ ഗൗരവത്തിലേക്കാണ് ആ വാക്യങ്ങൾ ചൂണ്ടുന്നത്. കാലങ്ങളായി വന്ന പണ്ഡിതർ ഏറെയും അക്കാര്യം തന്നെയാണ് ഉണർത്തിപ്പോന്നത്. അതിലാണ് ഇജ്മാഉമുള്ളത്. അഥവാ മുജ്തഹിദുകളായ പണ്ഡിതന്മാരുടെ അഭിപ്രായ യോജിപ്പ്. സൗദി അറേബ്യയിലെ ദാറുൽ ഇഫ്തയിലെ മുപ്പതോളം അംഗങ്ങൾ വരുന്ന പണ്ഡിതസഭ ഇതിൽ പെടുന്നു. ഒറ്റപ്പെട്ട വിരുദ്ധാഭിപ്രായങ്ങൾ വലിയ പണ്ഡിതർ പറഞ്ഞാലും ഇജ്മാആണ് ഖുർആനും സുന്നത്തിനും ശേഷമുള്ള മുഖ്യപ്രമാണം. (ഇജ്മാഅ് എന്നത് അഭിപ്രായ യോജിപ്പാണ്. റസൂൽ ﷺ യുടെ മരണശേഷം ഈ സമുദായത്തിലെ പരിശ്രമശാലികളായ പണ്ഡിതന്മാർ എത്തിച്ചേരുന്ന അഭിപ്രായങ്ങളിലെ യോജിപ്പാണ്; അത് ഏത് കാര്യത്തിലായാലും ശരി). അത്കൊണ്ടാവണം ഹിജ്റ 6-ാം വർഷം മുതൽ ഹിജ്റ 1337 വരെയുള്ള നീണ്ട പതിമൂന്നര നൂറ്റാണ്ടുകാലം യാതൊരു ഭംഗവും കൂടാതെ പർദ്ദ മുഖാവരണത്തോടു കൂടി പാലിക്കപ്പെട്ടുപോയത്!!

# പ്രമാണങ്ങൾ തിളങ്ങുന്നു

**ഈ** കാലഘട്ടങ്ങളിലുടനീളം അവർക്ക് പ്രചോദനമായി ത്തീർന്ന, തുടർന്ന് അന്ത്യനാൾ വരെ പരിപാലിക്കാൻ ബാധ്യസ്ഥ മായ പർദ്ദയുടെ ആ വാക്യങ്ങളേതാണ്? അവ പ്രധാനമായും രണ്ടെ ണ്ണമാണ്. രണ്ടു വ്യത്യസ്ത സന്ദർഭങ്ങളിൽ അവതീർണ്ണമായത്. അൽ അഹ്സാബ് അധ്യായത്തിലെ 59-ാം വാക്യമാണ് ആദ്യത്തേത്. അതിങ്ങിനെ

يَـٰٓأَيُّهَا ٱلنَّبِىُّ قُل لِّأَزْوَٰجِكَ وَبَنَاتِكَ وَنِسَآءِ ٱلْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَـٰبِيبِهِنَّ ۚ ذَٰلِكَ أَدْنَىٰٓ أَن يُعْرَفْنَ فَلَا يُؤْذَيْنَ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥٩﴾

(ഹേ നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യ വിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ ജിൽബാബു കൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയ പ്പെടുവാൻ വളരെ എളുപ്പമുള്ളതാണത്. അങ്ങിനെ അവൾ ശല്യം ചെയ്യപ്പെടാതിരിക്കുവാനും. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണയുള്ളവനുമാകുന്നു). (അൽ അഹ്സാബ് - 59)

ഈ വാക്യത്തിൽ രണ്ട് ആശയങ്ങളാണ് പരിശോധിക്ക പ്പെടേണ്ടത്.

**ഒന്ന്:** ജിൽബാബ്, **രണ്ട്:** തിരിച്ചറിയപ്പെടുവാൻ വളരെ എളു പ്പമുള്ളത്.

ജിൽബാബ് എന്നത് തലമുതൽ കാൽപാദം വരെ മറക്കപ്പെ ടുന്ന ഒരിനം മൂടുപടമാണ്. ശരീരവടിവുകൾ പ്രകടമാവാത്ത വിധം അയവുള്ളതും അനാകർഷണീയമാം വിധം കറുപ്പു നിറത്തിലുമാ യിരുന്നു അത്. തലയിലൂടെ ഇത് ധരിച്ചു കഴിഞ്ഞാൽ പിന്നെ അതി ന്നകത്തേക്ക് സ്ത്രീക്ക് തന്റെ കൈ പ്രവേശിപ്പിക്കണമെങ്കിൽ അടി

യിലൂടെ മാത്രമേ സാധിക്കൂ. മുഖത്താവട്ടെ ഇടതു കണ്ണിനു നേരെ ഒരു ദ്വാരമുണ്ടായിരിക്കും. അവർ പുറത്തേക്ക് നോക്കിയിരുന്നത് ഈ ദ്വാരത്തിലൂടെ മാത്രമായിരിക്കും. അന്നത്തെ ജിൽബാബിനെ സംബന്ധിച്ചു വന്ന ഒട്ടനവധി വ്യത്യസ്ത പരാമർശങ്ങളൊക്കെ ക്രോഡീകരിച്ചാൽ നമുക്ക് കിട്ടുന്ന ചിത്രമാണിത്. ഈ വസ്ത്രം പിന്നെയും പരിഷ്ക്കരിക്കപ്പെട്ടു خِمار (ഖിമാറ്) എന്ന ഒരിനം വസ്ത്രം അതിന്നടിയിൽ വന്നു. അഥവാ ഖിമാറിന്റെ ഒരറ്റം തലയിൽ ഇട്ട് മറ്റെ അറ്റം മുഖം വഴി മാറിലേക്ക് പരത്തിയിടുന്നതായിരുന്നു ഈ രീതി. അതിന്നു മീതെ ജിൽബാബണിയും. ഇങ്ങിനെ ഖിമാറിന്നുമേൽ അണിയുന്ന ജിൽബാബിന്റെ മേലറ്റം തുറന്നതായിരിക്കും. ഇതിന്റെയും പരിഷ്കൃതരൂപം ഈ ലേഖകന്റെ ചെറുപ്പകാലത്ത് മലബാറിലാകെ വ്യാപകമായി കണ്ടിരുന്നു. തലയിൽ ഒരു തൊപ്പിയും അതിന്മേൽ ഞൊറിഞ്ഞു തുന്നിപ്പിടിപ്പിച്ച കീഴറ്റം വരെ എത്തുന്ന ഒരു നീളൻ ഉടുപ്പും. മുഖത്തിന്റെ സ്ഥാനത്ത് മുഖത്തേക്ക് തൂക്കിയിടാനും ആവശ്യമില്ലാത്തപ്പോൾ തലയിലേക്കുയർത്തിവെക്കാനും പാകത്തിൽ ഒരു കർട്ടനുണ്ടായിരിക്കും. ഈ കർട്ടനിൽ കണ്ണുകളുടെ സ്ഥാനത്ത് പുറത്തേക്ക് കാണാൻ സുതാര്യമായ ഒരു വലയും ഉണ്ടാവും. ബുർഖഃ എന്നാണവർ ഇതിന്നു പേര് നൽകിയിരുന്നത്. ഇതും ജിൽബാബിന്റെ ഫലം തന്നെയാണ് ചെയ്തിരുന്നത്. ദുരന്തമെന്നേ പറയേണ്ടൂ. മുസ്ലിം ജീവിതത്തിലെ ഒട്ടനവധി നന്മകൾ ഒന്നിച്ച് ഇല്ലാതായിപ്പോയ അറുപതുകളിൽ ഇതും ഉൾപ്പെട്ടു. അക്കാലത്തെ ആ നന്മകളുടെ അവശിഷ്ടം പോലെ ചില നാട്ടിൻപുറങ്ങളിൽ ചില വൃദ്ധ സഹോദരിമാരിൽ അപൂർവ്വമായി ഇന്നും ഇത്തരം ജിൽബാബുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു.

ആ ആയത്തിലെ രണ്ടാമത്തെ വിഷയം എന്തിനു ജിൽബാബണിയാൻ പറഞ്ഞു എന്നതാണ്. സ്ത്രീയെ എളുപ്പത്തിൽ തിരിച്ചറിയാനും അവൾ ശല്യം ചെയ്യപ്പെടാതിരിക്കാനും വേണ്ടി. പർദ്ദയണിഞ്ഞ സ്ത്രീയെ അതണിയൽ പതിവില്ലാത്ത പൊതുസമൂഹത്തിൽ നിന്നും പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കും. (പർദ്ദ എന്നാൽ ഹിജാബ് (حجاب) എന്നർഥം. ഇത് ജിൽബാബും ഖിമാറും കൂടിചേർന്നതാണ്). താൻ സൗന്ദര്യ പ്രദർശനത്തിനോ നഗ്നതാ പ്രദർശനത്തിനോ താത്പര്യമില്ലാത്ത സ്ത്രീയാണെന്നും എന്റെ മതശാസനകൾ കർശനമായി പാലിച്ച് വിശുദ്ധയായി ജീവിക്കാനി

ഷ്ടപ്പെടുന്നവളുമാണെന്ന മൂക സന്ദേശമാണ് പൊതു സമൂഹത്തിന്നവൾ ഇതിലൂടെ നൽകുന്നത്. മനുഷ്യന്റെ പ്രകൃതിയും സ്വഭാവ വൈവിധ്യങ്ങളും സംവിധാനിച്ച അല്ലാഹു ﷻ തന്നെ പറയുന്നു അവൾ "ശല്യം ചെയ്യപ്പെടാതിരിക്കാനാണ്" അപ്രകാരം കൽപിച്ചത് എന്ന്. അഥവാ ഇങ്ങിനെ പർദ്ദ അണിയുന്നവൾ പൊതുസമൂഹത്തിൽ നിന്നുണ്ടാവുന്ന, പൊതു ശല്യങ്ങളിൽ നിന്നും സുരക്ഷിതയായിരിക്കും എന്ന്. മനുഷ്യരുടെ കേവല വിചാരങ്ങൾക്കും ധാരണകൾക്കുമപ്പുറത്തുള്ള യാഥാർഥ്യം തന്നെയാണല്ലോ അല്ലാഹു ﷻ വ്യക്തമാക്കുന്നത്.

ഇനി നാം മറ്റൊരായത്തിലേക്ക് നോക്കാം, അല്ലാഹു ﷻ പറയുന്നു.

وَقُل لِّلْمُؤْمِنَٰتِ يَغْضُضْنَ مِنْ أَبْصَٰرِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ
زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا ۖ وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ ۖ وَلَا يُبْدِينَ
زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ ءَابَآئِهِنَّ أَوْ ءَابَآءِ بُعُولَتِهِنَّ أَوْ أَبْنَآئِهِنَّ أَوْ أَبْنَآءِ
بُعُولَتِهِنَّ أَوْ إِخْوَٰنِهِنَّ أَوْ بَنِىٓ إِخْوَٰنِهِنَّ أَوْ بَنِىٓ أَخَوَٰتِهِنَّ أَوْ نِسَآئِهِنَّ أَوْ مَا
مَلَكَتْ أَيْمَٰنُهُنَّ أَوِ ٱلتَّٰبِعِينَ غَيْرِ أُو۟لِى ٱلْإِرْبَةِ مِنَ ٱلرِّجَالِ أَوِ ٱلطِّفْلِ ٱلَّذِينَ
لَمْ يَظْهَرُوا۟ عَلَىٰ عَوْرَٰتِ ٱلنِّسَآءِ ۖ وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن
زِينَتِهِنَّ ۚ وَتُوبُوٓا۟ إِلَى ٱللَّهِ جَمِيعًا أَيُّهَ ٱلْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ ﴿٣١﴾

"സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്താനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കാനും അവരുടെ ഭംഗി - അതിൽ നിന്ന് പ്രത്യക്ഷമായതല്ലാതെ - വെളിപ്പെടുത്താതിരിക്കാനും പറയുക. അവരുടെ ഖിമാറുകൾ കുപ്പായമാറുകൾക്കു മീതെ അവർ താഴ്ത്തിയിട്ടു കൊള്ളട്ടെ. 1. അവരുടെ ഭർത്താക്കന്മാർ, 2. അവരുടെ പിതാക്കൾ, 3. അവരുടെ ഭർതൃപിതാക്കൾ, 4. അവരുടെ പുത്രന്മാർ, 5. അവരുടെ ഭർതൃപുത്രന്മാർ, 6. അവരുടെ സഹോദരന്മാർ, 7. അവരുടെ സഹോദരപുത്രന്മാർ, 8. അവരുടെ സഹോദരീ പുത്രന്മാർ, 9. അവരുടെ (അതേ വിഭാഗക്കാരായ) സ്ത്രീകൾ, 10. അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ), 11. ലൈംഗികാസക്തി ഇല്ലാത്ത പുരുഷ പരിചാരകർ, 12. സ്ത്രീ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ

എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്ത രുത്. തങ്ങൾ മറച്ചുവെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടു വാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസി കളെ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്കു ഖേദിച്ചു മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം." (നൂർ - 31)

നേരത്തെ അവതീർണ്ണമായ അൽ അഹ്സാബ് അധ്യായത്തിൽ വന്ന വാക്യത്തിന്റെ വിശദീകരണമായി മാറി ഈ വാക്യം. ആദ്യം പറ ഞ്ഞതിലെ അവ്യക്തത ഇതോടുകൂടി നീങ്ങി. ഇതാണ് സ്വഹാബി വനിതകളെ ഞൊടിയിടയിൽ മാറ്റിമറിച്ചത്. ഈ വാക്യത്തെ ശിരസാ വഹിച്ച, പ്രതികരിച്ച മുഹാജിറുകളായ സ്ത്രീകളെയാണ് ആഹ്ലാദ ഭരിതയായി ആയിഷ ﷺ അനുമോദിച്ചത്.

ദീർഘമായ മേൽ സൂക്തത്തിൽ നാലു സൂചകങ്ങളുണ്ട്. പർദ്ദ വിഷയത്തിൽ അതിന്റെ അതിർത്തികൾ നിർണ്ണയിക്കുന്നതിൽ വന്ന സംശയങ്ങളെയെല്ലാം ഉന്മൂലനം ചെയ്ത വാക്യം എന്ന നിലക്ക് അവയോരോന്നും പരിശോധിക്കപ്പെടേണ്ടതുണ്ട്.

അല്ലാഹു ﷻ തന്റെ പ്രവാചകൻ ﷺ വഴി സത്യവിശ്വാസി നികളോട് പറയാൻ കല്പിക്കുന്ന വിധമാണ് ഈ വാക്യത്തിന്റെ ശൈലി. ഇതിൽ നാം ചർച്ച ചെയ്യേണ്ട ഒന്നാമത്തെ കാര്യം "അവരുടെ (സ്ത്രീകളുടെ) ഭംഗി - അതിൽ നിന്നു പ്രത്യക്ഷ മായതല്ലാതെ - വെളിപ്പെടുത്താതിരിക്കുക" എന്നാണ്. إلا ما ظهر منها എന്ന ഭാഗത്തിന്നാണ് "അതിൽ നിന്ന് പ്രത്യക്ഷമായതൊ ഴികെ" എന്ന അർഥം വരുന്നത്. നമ്മുടെ പൊതുസമൂഹം തെറ്റി ദ്ധരിക്കപ്പെട്ട ഒരു സ്ഥലമാണിത്. إلا ما ظهر എന്ന് ഖുർആനിൽ നിന്ന് പാരായണം ചെയ്യുകയും إلا ما أظهرت എന്ന് ധരിക്കുകയും ചെ യ്തു അവർ. ആദ്യത്തേതിന്ന് "പ്രത്യക്ഷമായതല്ലാതെ" എന്നും രണ്ടാമത്തേതിന്ന് "പ്രത്യക്ഷമാക്കിയതല്ലാതെ" എന്നുമാണർഥം. ആദ്യം പറഞ്ഞതാണ് ഖുർആൻ ഉദ്ദേശിച്ചത്. ഇതിലാവട്ടെ സ്ത്രീക്ക് പ്രത്യേകിച്ച് റോളൊന്നും ഇല്ല. അവൾ പർദ്ദ ധരിച്ചിട്ടുണ്ട്. എന്നിട്ടും പ്രത്യക്ഷമാവുന്നതിൽ വേവലാതിപ്പെടേണ്ടതില്ലെന്നാണ് ഖുർആൻ സമാധാനപ്പെടുത്തുന്നത്. അതിൽ പെട്ടതാണ് അവളുടെ നീളക്കു റവ്, നീളക്കൂടുതൽ, ശരീരത്തിന്റെ വണ്ണക്കുറവ്, മുന്നോട്ട് ആഞ്ഞ് നടക്കുമ്പോഴോ കാറ്റടിക്കുമ്പോഴോ മുഴുത്തു കണ്ടേക്കാവുന്ന അവ

ളുടെ മാറിടം, കാൽവണ്ണകൾ, അല്ലെങ്കിൽ പിൻഭാഗം എന്നിങ്ങനെയുള്ള ഭാഗങ്ങൾ. അവൾക്കിതിൽ ഒന്നും ചെയ്യാനില്ല. അവൾ സ്വയം പ്രത്യക്ഷമാക്കുന്നതല്ല അവയൊന്നും. ഖുർആൻ അവൾക്കിവിടെ വിട്ടുവീഴ്ച ചെയ്തിരിക്കുന്നു. നേരെ മറിച്ച് إلا ما أظهرت എന്നാണ് പറഞ്ഞിരുന്നതെങ്കിൽ സ്ത്രീക്ക് അവളുടെ മുഖമോ തലയോ കഴുത്തോ പിരടിയോ കൈകാലുകളോ യഥേഷ്ടം തുറന്നിടാമായിരുന്നു. "പ്രത്യക്ഷമാക്കിയതല്ലാതെ" എന്നാണല്ലോ അർഥമാക്കുക. ഇങ്ങിനെയൊരു പദമായിരുന്നുവെങ്കിൽ അവൾക്ക് ഇഷ്ടമുള്ളതൊക്കെ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടും പർദ്ദയാചരിക്കാമെന്നുള്ള വിവേചനാധികാരമായിരിക്കും ഉണ്ടായിരിക്കുക. പക്ഷെ അല്ലാഹു പറഞ്ഞത് "പ്രത്യക്ഷമായതല്ലാതെ" എന്നാണ്; "പ്രത്യക്ഷമാക്കിയതല്ലാതെ" എന്നല്ല. അതിനാൽ മുഖം തുറന്നിടുക എന്നത് ഖുർആൻ അനുവദിച്ച പുണ്യകാര്യമല്ല; പ്രത്യുത വ്യക്തി സ്വയം തീരുമാനിച്ച തിന്മയാണ്.

ഇനി രണ്ടാമത്തെ കാര്യം:

وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ ۖ ﴿٣١﴾

"അവരുടെ ഖിമാറുകൾ കുപ്പായമാറുകൾക്കു മീതെ അവർ താഴ്ത്തിയിടുകയും ചെയ്യട്ടെ" (നൂർ 31) എന്ന ഭാഗം ശ്രദ്ധിക്കുക. ഖിമാർ - خِمار - എന്ന് അറബിപദം തന്നെ ഉപയോഗിച്ചത് മനഃപൂർവ്വമാണ്. മലയാളികൾ അതെന്താണെന്ന് ശരിയ്ക്കും അറിയേണ്ടതുണ്ട്. മിക്കവാറും എല്ലാ മലയാള ഖുർആൻ തർജമകളിലും ഈ സ്ഥലത്ത് നൽകിയ അർഥം മക്കനകൾ എന്നോ ശിരോവസ്ത്രങ്ങൾ എന്നോ മുഖപടം എന്നോ ഒക്കെയാണ്. ഇപ്രകാരം മുഖമക്കനകൾ എന്ന് പറയുമ്പോൾ ഇക്കാലത്തെ ജനങ്ങളുടെ മനസ്സിൽ രൂപം കൊള്ളുന്ന ചിത്രം അവർക്ക് പരിചിതമായ, വൃത്താകൃതിയിൽ മുഖം തുറന്നിടാവുന്ന വിധം തലയിലണിയുന്ന ഒരു വസ്ത്രമാണ്. അതിന്റെ കീഴ്ഭാഗം ചിലരിൽ മാറിലേക്കിറക്കിയിട്ടിരിക്കാം. ചിലരിൽ അത് പിറകിലേക്കിട്ടിരിക്കാം. ചിലരത് കഴുത്തിൽ ചുറ്റിയിരിക്കാം. എന്നാൽ ഖുർആൻ കൽപിച്ച ഖിമാർ അതല്ല. അതിന്ന് അടയ്ക്കുക മറയ്ക്കുക എന്നൊക്കെയാണർഥം. ഏതൊരു വസ്തുവാവട്ടെ അതിനെ അടയ്ക്കുകയോ മൂടുകയോ ചെയ്താൽ അതിനെ ഖിമാർ ചെയ്തു എന്നാണ് പറയുക. خمِّروا آنيتكم എന്ന ഹദീഥ്

പ്രസിദ്ധമാണ്. നിങ്ങളുടെ പാത്രങ്ങൾ നിങ്ങൾ അടച്ചുവെക്കുക എന്നർഥം. അഥവാ നിങ്ങളുടെ പാത്രങ്ങളുടെ വായഭാഗം കീടങ്ങളൊന്നും കടക്കാത്തവിധം മൂടിവെക്കുക എന്ന്. ഖംറ് ( خمر) എന്നാണ് മദ്യത്തിന് പറയുക. ഭാഷാ നിപുണന്മാർ ആ പദത്തിന് ആ പേര് വന്നതിനെക്കുറിച്ചു പറയുന്നത്, ബുദ്ധിക്കു മൂടിയിടുന്നത് കൊണ്ടാണ് എന്നാണ്. അതിനാൽ ഖിമാർ എന്ന് തന്നെ മലയാളികൾ പരിചയിക്കട്ടെ. ഖിമാറണിയുക എന്ന് പറയട്ടെ. ഇങ്ങിനെ ഖിമാറണിയാൻ കൽപിച്ച ആയത്തിന്നു ശേഷമാണ് സ്വഹാബീ വനിതകൾ അതുപയോഗിച്ചു തുടങ്ങിയത്. അതിനു മുമ്പു വന്ന ആയത്തിൽ മുൻകയ്യും മുഖവും മാറ്റിനിർത്തിയിരുന്നു. അതിനാൽ അവരും അപ്രകാരം ചെയ്തു. മാത്രമല്ല, അതാണ് സ്ത്രീയുടെ പൊതുവായ നഗ്നതാ പരിധി. നമസ്കാരത്തിലും അവരപ്രകാരമാണ് അല്ലാഹുവിന്ന് മുമ്പിൽ നിൽക്കേണ്ടത്. മുൻകയ്യും മുഖവും അവർ മറച്ചുകൂടാ. ഹജ്ജിലും ഉംറയിലും അപ്രകാരം തന്നെ മറച്ചുകൂടാ. പുരുഷനോട് തല മറയ്ക്കാൻ പാടില്ലാ, കുപ്പായം ധരിക്കാൻ പാടില്ലാ എന്ന് പറഞ്ഞത് പോലെയുള്ള ഒരതിർ നിർണ്ണയം. എന്നാൽ പൊതു സമൂഹത്തിലേക്കിറങ്ങുമ്പോൾ രണ്ടാമത് അവതീർണ്ണമായ വാക്യം അവൾ പ്രാവർത്തിമാക്കണം. ഇതിനെ ഖിമാറിന്റെ ആയത്ത് എന്നുകൂടി നമുക്ക് വിശേഷിപ്പിക്കാം.

# നിഖാബിന്റെ പൊരുൾ

**ഖി**മാർ എന്ന പദം പിന്നീട് പരിഷ്ക്കരിക്കപ്പെട്ടു. നിഖാബ് ( نقاب ) എന്നായി മാറി. നിഖാബ് എന്നാൽ ദ്വാരമിട്ടത് എന്നർഥം. മുഖപടത്തിൽ അവളുടെ കണ്ണിനു നേരെ വരുന്ന ഭാഗത്ത് പുറത്തേക്ക് കാണാനാവും വിധം ചെറിയ ദ്വാരമിട്ടത് എന്നാണതു കൊണ്ടുദ്ദേശിക്കുന്നത്. സ്വഹാബി സ്ത്രീകളുടെ കാലത്ത് തുടക്കത്തിൽ ഇടതുകണ്ണിന് നേരെ ഒരു ദ്വാരം മാത്രമെ ഉണ്ടായിരുന്നുള്ളൂ. പിന്നീടാണത് രണ്ടു കണ്ണിനും പൊതുവെയാക്കപ്പെട്ടത്. ദ്വാരം ഒന്നായാലും രണ്ടായാലും പുറത്തേക്കിറങ്ങുമ്പോൾ ഖിമാറണിയുക അല്ലെങ്കിൽ നിഖാബണിയുക എന്നത് അല്ലാഹു ﷻ നിർബന്ധമാക്കിയ ഒരു വിഷയമായതിനാൽ അവരത് ആചരിച്ചു തന്നെ വന്നു.

ഷൈഖ് നാസറുദ്ദീൻ അൽബാനിയെ പോലെ ഒരു ചെറിയ വിഭാഗം പണ്ഡിതന്മാർ ഇതിനു വിരുദ്ധമായും പ്രതികരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പരിശ്രമത്തിൽ വന്ന അബദ്ധമായിട്ടാണ് അവ പരിശോധിച്ച മറ്റു പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. പണ്ഡിതന്മാരുടെ പരിശ്രമങ്ങളിൽ അവർക്ക് തെറ്റുപറ്റിയാലും നാമവരെ കുറ്റപ്പെടുത്തേണ്ടതില്ല. എന്തുകൊണ്ടെന്നാൽ തെറ്റിയ, പിഴവുവന്ന അവരുടെ പരിശ്രമങ്ങൾക്ക് അല്ലാഹുവിങ്കൽ ഒരു പ്രതിഫലവും വിജയിച്ചവയ്ക്ക് രണ്ടു പ്രതിഫലവും എന്നാണ് റസൂൽ ﷺ നമ്മെ അറിയിച്ചത്.

ഇനി പ്രസ്തുത ആയത്തിലെ മൂന്നാമത്തെ ഘടകം പരിശോധനാവിധേയമാക്കാം. സ്ത്രീകൾ തങ്ങളുടെ ഭംഗി വെളിപ്പെടുത്തിക്കൊടുക്കുന്നതിൽ വിരോധമില്ലാത്ത പന്ത്രണ്ടു വിഭാഗം ആളുകളാണവർ. വായനക്കാർ അതൊന്നുകൂടി മറിച്ചു നോക്കുക.

സ്ത്രീകളുടെ നഗ്നതാ പരിധി പ്രധാനമായും നാലാണ്. ഇതിൽ

ഒന്ന്: ഭർത്താവിന്നു മുമ്പിലുള്ളതാണ്. ഇവിടെ അവർക്ക് രണ്ടു പേർക്കുമിടയിൽ പ്രത്യേകമായ അതിർത്തികളൊന്നുമില്ല. അവർ പരസ്പരം അവരുടെ നഗ്നതകൾ ആസ്വദിക്കുന്നതിൽ മതം യാതൊരു വിലക്കും ഏർപ്പെടുത്തുന്നുമില്ല. അവരുടെ ലോകം അവരുടേത് മാത്രമാണ്. അതിലെ മികവുകളും പോരായ്മകളും പരസ്യപ്പെടുത്തരുത് എന്ന് പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. ഒരാളുടെ വസ്ത്രം അയാളുടെ നഗ്നതയെ പരിരക്ഷിക്കുന്നതു പോലെ അവരിരുവരും അവരുടെ ആസ്വാദനങ്ങൾ മറച്ചുവെക്കണം, അതിലെ പോരായ്മകളും. അല്ലാഹു ﷻ അവരോട് പറയുന്നു.

هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ ۗ ﴿١٨٧﴾

(അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്ക് ഒരു വസ്ത്രമാകുന്നു - ബഖറ 187) സ്ത്രീ പുരുഷന്റെയും പുരുഷൻ സ്ത്രീയുടെയും വസ്ത്രം പോലെ ആസ്വാദനങ്ങളോടിഴുകിച്ചേർന്ന് ഒതുങ്ങിയും പരിരക്ഷിച്ചും ഉപയോഗപ്പെടുത്താനവർക്കാവണം.

പ്രസ്തുത ഖുർആൻ വാക്യത്തിലെ രണ്ടു മുതൽ പന്ത്രണ്ടുവരെ വരുന്ന വിഭാഗങ്ങൾക്ക് മുമ്പിലെ സ്ത്രീയുടെ നഗ്നതാ പരിധിയാണ്, രണ്ടാമത്തേത്. ഇവിടെ അവൾ തന്റെ മുഖമോ തലയോ കഴുത്തോ കണങ്കൈകളോ കണങ്കാലുകളോ തുറന്നിട്ടു എന്നതിന്റെ പേരിൽ അവൾ കുറ്റക്കാരിയാവുകയില്ല.

മൂന്നാമത്തേത് ഇബാദത്തിലെ - ആരാധനയിലെ - നഗ്നതാ പരിധിയാണ്. അത് പ്രധാനമായും രണ്ടിനങ്ങളിലാണുള്ളത്. നമസ്ക്കാരത്തിലും ഹജ്ജിലും. എന്നാൽ നമസ്ക്കാരത്തിൽ പുരുഷനോട് മുട്ടു-പൊക്കിളുകൾക്കിടയിലുള്ള സ്ഥലവും ചുമലും നിർബന്ധമായും മറയ്ക്കാൻ പറയുന്നു. അതിൽ കൂടുതൽ അണിയുന്നത് അവന്റെ അലങ്കാരമായിട്ടാണ് ഇസ്‌ലാം കാണുന്നത്. പുരുഷനെ സംബന്ധിച്ചിടത്തോളം അവനത് വിരോധമില്ല താനും. എന്നാൽ സ്ത്രീ അവളുടെ നമസ്ക്കാരത്തിൽ മുൻകയ്യും മുഖവും ഒഴിച്ചുള്ള ഭാഗം നിർബന്ധമായും മറയ്ക്കണം. അഥവാ മുൻകൈകളും മുഖവും തുറന്നിടണമെന്ന് സാരം. ഹജ്ജിലെ അവളുടെ വേഷവും അപ്രകാരം തന്നെ. ഇവിടെയും പുരുഷന്മാരുടെ വേഷം നേരത്തെ പറഞ്ഞത് പോലെത്തന്നെ. ചെറിയ ഒരു വ്യത്യാസമുണ്ടെന്ന് മാത്രം. ഹജ്ജിൽ അവൻ വെള്ള വസ്ത്രമേ

ധരിക്കാവൂ. രണ്ടു മുണ്ടുകൾ മാത്രം. ഒന്നു മുട്ടുപൊക്കിളുകൾക്കിടയിൽ ഉടുക്കാനും മറ്റൊന്ന് ചുമലിൽ ധരിക്കാനും.

(ഈ വിനീതന്റെ "കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം" എന്ന ഗ്രന്ഥത്തിൽ സ്ത്രീ പുരുഷന്മാരുടെ നഗ്നതാ പരിധി പരാമർശിക്കുന്ന ഒരധ്യായമുണ്ടായിരുന്നു. പ്രസ്തുത ഭാഗത്ത് ആരാധനയിലെ ഈ നഗ്നതാ പരിധി ചേർക്കാൻ വിട്ടുപോയിരുന്നു).

നാലാമത്തേതും അവസാനത്തേതുമായ നഗ്നതാ പരിധിയാണ് സ്ത്രീ പൊതുവിൽ പുറത്തിറങ്ങുമ്പോൾ പാലിക്കേണ്ടത്. അവിടെ അവൾക്ക് സ്വമേധയാ പുറത്തു കാണിക്കാൻ പറ്റിയ ശരീരഭാഗങ്ങളൊന്നും ഇല്ല. പുറത്തേക്ക് കാണാൻ മാത്രമായി കണ്ണിനുനേരെ ഒരു ദ്വാരം എന്നാണെങ്കിൽ അവൾക്ക് നിഖാബ് ധരിക്കാം. അവിടെയും പുറംദൃശ്യം കാണും വിധം സുതാര്യമായ ഒരു തുണികൊണ്ട് മറച്ചതാണെങ്കിൽ ഖിമാർ ധരിക്കാം.

ഇവിടെ ഒന്നാമതു പറഞ്ഞ ഭാര്യാഭർത്താക്കന്മാർക്കിടയിലെ നഗ്നതാ പരിധി അവിടെ മാത്രം ഒതുക്കേണ്ടതാണ്. അതിന്നപ്പുറത്തേക്ക് കടക്കുമ്പോൾ അത് കുറ്റകരവുമാണ്.

രണ്ടാമത്തെ വിഭാഗങ്ങൾ പതിനൊന്ന് പേരാണ്. അവർ പിതാവ്, ഭർത്തൃപിതാവ്, പുത്രൻ, ഭർത്താവിന്റെ പുത്രൻ, സഹോദരൻ, സഹോദരന്റെ പുത്രൻ, സഹോദരിയുടെ പുത്രൻ, മുസ്‌ലിം സ്ത്രീ, അടിമ, ലൈംഗികാസക്തിയില്ലാത്ത പുരുഷ പരിചാരകൻ, സ്ത്രീ വിഷയങ്ങളറിയാത്ത കുട്ടി എന്നിവരാണ്. ഇവർക്കൊക്കെ മുമ്പിൽ എത്രവരെ പ്രദർശിപ്പിക്കാമെന്ന് നാം നേരത്തെ കണ്ടു. അതിൽ കൂടുതൽ പാടില്ല.

ക്രമപ്രവൃദ്ധമായ അതിന്റെ വികാസത്തിലെ മൂന്നാം ഘട്ടം ആരാധനയിൽ പാലിക്കേണ്ട നഗ്നതാ പരിധിയാണ്. സ്ത്രീയെ സംബന്ധിച്ചിടത്തോളം അവിടെ അനുവദിക്കപ്പെട്ട പരിധി പൊതുസമൂഹത്തിലേക്ക് വികസിപ്പിച്ചു കൂടാ.

സ്ത്രീ സമൂഹം പക്ഷെ എതിർദിശയിലേക്കാണ് സഞ്ചരിക്കാനിഷ്ടപ്പെടുന്നത്. അലങ്കാരങ്ങളൊക്കെ പൊതുജനങ്ങൾ കാണാൻ വേണ്ടിയാണവൾ അണിയുന്നത്. ശരീരത്തിലെ വസ്ത്രത്തിന്റെ അളവ് കുറച്ച് കുറച്ച് പരമാവധി വസ്ത്രമില്ലാത്ത ഒരു മേനി

പൊതുജനത്തെ കാണിക്കാനാണ് അവൾക്ക് വെമ്പൽ. അത് കാണാനും ആസ്വദിക്കാനും പാടില്ലാത്ത ഒരു പുരുഷ വിഭാഗമാണവർ. അത് അനുവദിക്കപ്പെട്ടതും അവകാശപ്പെട്ടതുമായ ഭർത്താവിന്നു മുമ്പിൽ അങ്ങിനെ ഒന്നു സാധിപ്പിക്കുന്നതിൽ അവൾക്ക് താത്പര്യവുമില്ല. വിധി വൈപരീത്യം തന്നെ, അത്തരം പുരുഷന്മാരിലേറെയും അവൾ പുറം ലോകത്തേക്ക് "ചമയുന്നതിൽ" തൃപ്തരാണു താനും!

നേരത്തെ നാം ഉദ്ധരിച്ച ഖുർആൻ വാക്യത്തിലെ നാലാമത്തെയും അവസാനത്തെയും ഘടകം

وَلَا يَضۡرِبۡنَ بِأَرۡجُلِهِنَّ ﴿٣١﴾

"അവൾ കാലിട്ടടിക്കുകയും ചെയ്യരുത്" എന്നാണ്.

സ്ത്രീ പുറത്തിറങ്ങുമ്പോൾ പാലിക്കേണ്ട മറ്റൊരു മര്യാദയാണിത്. ഈ ഖുർആനിക ശൈലി കൊണ്ടുദ്ദേശിച്ചത് അവൾ നടക്കുമ്പോൾ തീർത്തും മിതത്വവും മയവും പാലിക്കണമെന്നാണ്. നടന്നുപോവുന്ന സ്ത്രീയിലേക്ക് പുരുഷന്റെ ശ്രദ്ധ തിരിക്കുമാറ് അവളുടെ കാലിൽ നിന്ന് ശബ്ദം പുറത്തുവരുന്നതാണ് നിയന്ത്രിക്കേണ്ടത്. കിങ്ങിണിയണിഞ്ഞ പാദസരം, തണ്ട എന്ന പേരിൽ അറിയപ്പെടുന്ന കിലുക്കമുണ്ടാക്കുന്ന ഒരിനം വെള്ളിവളയം തുടങ്ങിയ പാദാലങ്കാരങ്ങളും ശബ്ദമുണ്ടാക്കുന്ന ചെരിപ്പുകളും ഭൂമിയിൽ ശബ്ദമുണ്ടാക്കിയുള്ള കാൽവെപ്പുകളുമൊക്കെ അന്യപുരുഷന്റെ ശ്രദ്ധക്ഷണിച്ചേക്കാവുന്നതും അവൾ മറച്ചുവെക്കേണ്ടതും മയപ്പെടുത്തേണ്ടതുമായ സഞ്ചാരരീതികളാണ്.

സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ മുഖം മറക്കേണ്ടതിലേക്ക് വിരൽ ചൂണ്ടുന്ന സുപ്രധാനമായ ഖുർആൻ വാക്യങ്ങൾ അഥവാ പർദ്ദയുടെ ആയത്തുകളാണ് നാം ഇതേവരെ ചർച്ച ചെയ്തത്. ഇതിന്റെ പൂർത്തീകരണത്തിലേക്കെന്ന പോലെ ഒരു കാര്യം കൂടി നമുക്ക് പരിശോധിക്കാം.

وَٱلۡقَوَٰعِدُ مِنَ ٱلنِّسَآءِ ٱلَّٰتِي لَا يَرۡجُونَ نِكَاحٗا فَلَيۡسَ عَلَيۡهِنَّ جُنَاحٌ أَن يَضَعۡنَ ثِيَابَهُنَّ غَيۡرَ
مُتَبَرِّجَٰتِۢ بِزِينَةٖۖ وَأَن يَسۡتَعۡفِفۡنَ خَيۡرٞ لَّهُنَّۗ ﴿٦٠﴾

(വൈവാഹിക പ്രതീക്ഷയില്ലാത്ത വിധം ആർത്തവവിരാമം വന്ന (വൃദ്ധ) സ്ത്രീകൾ അലങ്കാര പ്രദർശകരല്ലാത്തവിധം അവരുടെ

പർദ്ദകൾ മാറ്റിവെക്കുന്നതിൽ അവൾക്ക് വിരോധമില്ല. (എന്നാൽ) അവർ മാന്യത സൂക്ഷിക്കലാണ് അവൾക്കേറെ ഉത്തമം. (നൂർ - 60)

വൃദ്ധ സ്ത്രീകളെയാണ് ഇവിടെ ഹിജാബിൽ നിന്നൊഴി വാക്കിയിട്ടുള്ളത്. അവർ മുഖം തുറന്നിട്ടു നടന്നാലും ആരാലും ആകർഷിക്കപ്പെടുകയോ കുഴപ്പം ഭയക്കുകയോ ചെയ്യുന്നില്ല. എന്നാൽ പോലും ചാരിത്ര്യം സൂക്ഷിക്കാനും മാന്യത നിലനിർത്താനും അവർക്കും ഏറ്റവും ഉത്തമം പർദ്ദയാചരിക്കലാണ് എന്നാണ് അല്ലാഹു ﷻ പറയുന്നത്. വൃദ്ധകളോടുള്ള സമീപനം ഇത്തര ത്തിലൊക്കെയാണെങ്കിൽ യുവതികളുടെ കാര്യത്തിൽ പിന്നെ കൂടുതൽ വിശദീകരിക്കേണ്ടതില്ലല്ലോ...!

ഇതുവരെ നാം പർദ്ദയുടെ വിഷയത്തിൽ വന്ന അല്ലാഹുവിന്റെ കൽപനകൾ പരിശോധിക്കുകയായിരുന്നു. ഇനി, ആ കൽപനക്കു ശേഷം സ്വഹാബി വനിതകളിൽ വന്ന മാറ്റം എന്തൊക്കെയായി രുന്നു എന്നു പരിശോധിക്കാം. മൂന്ന് നാല് ഉദാഹരണങ്ങൾ മാത്രം. ഇൻഷാ അല്ലാഹ്.

ആയിഷ رضي الله عنها പറയുന്നു: “ആദ്യകാല മുഹാജിറുകളായ സ്ത്രീകളിൽ അല്ലാഹു കരുണ ചൊരിയട്ടെ - എന്തെന്നാൽ

وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ ﴿٣١﴾

(എന്ന വാക്യം) അല്ലാഹു ഇറക്കിയപ്പോൾ ഉടുമുണ്ടിന്റെ അറ്റം കീറിയെടുത്തവർ ഖിമാറണിഞ്ഞു.” ബുഖാരിയുടെ വ്യാഖ്യാതാവ് ഇബ്നു ഹജർ رحمه الله അതിലെ اختمرن (അവർ ഖിമാറണിഞ്ഞു) എന്ന തിന്ന് ഇങ്ങിനെ വിശദീകരിച്ചു. أي غطين وجوههن (അതായത് അവർ അവരുടെ മുഖങ്ങൾ മറച്ചു) - ഫത്ഹുൽ ബാരി 8-347. അദ്ദേഹം തന്നെ സ്ത്രീയുടെ ഖിമാർ എന്നു സൂചിപ്പിച്ചിടത്ത് ഖിമാർ എന്താ ണെന്ന് വിശദീകരിക്കുന്നു. لانه يستر وجهها (എന്ത് കൊണ്ടെന്നാൽ അത് അവളുടെ മുഖം മറക്കും) എന്ന്. ഫത്ഹുൽ ബാരി 10-15.

ഇത് തന്നെ മറ്റൊരു വിധത്തിൽ അബൂദാവൂദ് رحمه الله റിപ്പോർട്ട് ചെയ്യു ന്നു. സ്വഫിയ്യ ബിൻത് ശൈബ رضي الله عنها പറയുന്നു: ഞങ്ങൾ ആയിഷ رضي الله عنها ക്കൊപ്പമായിരിക്കവെ ഖുറൈശി സ്ത്രീകളെ കുറിച്ചും അവരുടെ ശ്രേഷ്ഠതകളെ കുറിച്ചുമൊക്കെ സ്മരിക്കപ്പെട്ടു. അപ്പോൾ ആയിഷ رضي الله عنها പറഞ്ഞു: തീർച്ചയായും ഖുറൈശി വനിതകൾ ശ്രേഷ്ഠർ തന്നെ

യാണ്. എന്നാൽ അല്ലാഹുവാണെ അല്ലാഹുവിന്റെ ഗ്രന്ഥത്തെ അത്ര ബലവത്തായി സത്യപ്പെടുത്തിയ, അതിന്റെ അവതരണത്തെ അത്രമാത്രം വിശ്വാസത്തിലെടുത്ത അൻസാറുകളായ സ്ത്രീക ളെക്കാൾ ശ്രേഷ്ഠരായവരെ ഞാൻ കണ്ടിട്ടില്ല. "നൂർ" അധ്യാ യത്തിലെ وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ ﴿٣١﴾ (അവരുടെ ഖിമാറുകൾ, അവരുടെ കുപ്പായമാറുകൾക്കു മീതെ അവർ താഴ്ത്തിയിട്ടുകൊ ള്ളട്ടെ) എന്ന വാക്യം ഇറങ്ങിയപ്പോൾ അവരുടെ പുരുഷന്മാർ അവർക്കായി അല്ലാഹു ഇറക്കിയത് അവരെ ഓതിക്കേൾപ്പിക്കു വാനായി പുറപ്പെട്ടു. അവരുടെ ഓരോ പുരുഷനും അയാളുടെ ഭാര്യയ്ക്കും, മകൾക്കും, സഹോദരിക്കും എല്ലാ ഓരോ അടുത്ത ബന്ധുക്കൾക്കും അത് ചൊല്ലിക്കൊടുത്തപ്പോൾ അവരിലൊരു സ്ത്രീയും അവരുടെ വിരി കീറാതിരുന്നിട്ടില്ല. അതവർ ചുറ്റിക്കെട്ടി. അല്ലാഹു ﷻ അവന്റെ ഗ്രന്ഥത്തിൽ അവതരിപ്പിച്ചതിൽ വിശ്വസി ച്ചുകൊണ്ടും അതിനെ സത്യപ്പെടുത്തിക്കൊണ്ടും. തുടർന്ന് പ്രവാ ചകർ ﷺ ക്കു പിന്നിൽ അവർ പ്രഭാതനമസ്കാരം നിർവ്വഹിച്ചു, പർദ്ദയണിഞ്ഞവരായിക്കൊണ്ട്. (ഖിമാറിന്റെ അറ്റം തലയിൽ കന ത്തിൽ) ചുറ്റിക്കെട്ടിയതിനാൽ അവരുടെയൊക്കെ തലകളിൽ കാക്ക കൾ വന്നിരിക്കുന്നത് പോലെ (കാഴ്ചക്കാരനു തോന്നി).

ഹജ്ജിലും ഉംറയിലും സ്ത്രീകൾ മുഖമോ കയ്യുറയോ ധരിച്ചുകൂടാ എന്നത് നേരത്തെ സൂചിപ്പിച്ചല്ലോ. അബ്ദുല്ലാഹിബ്നു ഉമർ رضي الله عنهما റിപ്പോർട്ട് ചെയ്യുന്നു. നബി ﷺ പറഞ്ഞു.

ولا تنتقب المرأة المحرمة ، ولا تلبس القفازين

(ഇഹ്റാമിലെ സ്ത്രീ നിഖാബ് ധരിക്കരുത്. കയ്യുറകളും ധരിക്കരുത്) - ബുഖാരി, തിർമിദി, നസാഈ, അഹ്മദ്, മാലിക് എന്നിവരൊക്കെ റിപ്പോർട്ട് ചെയ്തത്. നിഖാബ് എന്നാൽ രണ്ടു കണ്ണുകൾക്കും നേരെ ദ്വാരമുള്ള മുഖപടമാണ് എന്ന് പറഞ്ഞത് ഓർക്കുമല്ലോ. ഇഹ്റാമിലെ സ്ത്രീ മുഖം മറയ്ക്കാൻ പാടില്ല എന്നായിട്ടും പ്രവാചകൻ ﷺ യോടൊപ്പം ഹജ്ജ് നിർവ്വഹിച്ചു കൊണ്ടിരിക്കവെ അന്യപുരുഷന്മാർ അവരെ കടന്നുപോവുമ്പോൾ സ്ത്രീകൾ എന്താണ് ചെയ്യാറുണ്ടായിരുന്നത് എന്ന് ആയിഷ رضي الله عنها പറയുന്നത് ശ്രദ്ധിക്കൂ... ഞങ്ങൾ പ്രവാചകർ ﷺ യോടൊപ്പം ഇഹ്റാമിലായിരിക്കെ യാത്രാസംഘങ്ങൾ ഞങ്ങളെ കടന്നുപോ

വാറുണ്ടായിരുന്നു. അവർ ഞങ്ങളിലൊരാൾക്കടുത്തെത്തിയാൽ അവളുടെ പർദ്ദ അവൾ തലയിൽ നിന്ന് മുഖത്തേക്കിറക്കിയിടും. അവർ കടന്നുപോയി കഴിഞ്ഞാൽ ഞങ്ങൾ മുഖം തുറന്നിടുകയും ചെയ്യും. (അഹ്മദ്, ഇബ്നുമാജ, ഇബ്നു ഖുസൈമ, ദാറുഖുതുനി, അബൂദാവൂദ് എന്നിവർ റിപ്പോർട്ട് ചെയ്തത്). മുഖം മറയ്ക്കൽ അനുവദനീയമല്ലാത്ത ഇഹ്റാമിന്റെ മേഖലയായിട്ടുപോലും ആ മഹതികൾ പുരുഷന്മാരുടെ ദൃഷ്ടിയിൽ പെടുമെന്നാവുമ്പോൾ മുഖം മറച്ചിരുന്നുവെന്നാണ് ഇത് തെളിയിക്കുന്നത്.

ഫാത്വിമ ബിൻത് അൽ മുൻദിർ ﵂ പറയുന്നു: "ഞങ്ങൾ അസ്മാ ബിൻത് അബൂബക്കർ ﵄ നൊപ്പം ഇഹ്റാമിലായിരിക്കെ ഞങ്ങൾ മുഖം മറക്കാറുണ്ടായിരുന്നു." ഇമാം മാലിക് 1/328.

അസ്മാ ബിൻത് അബൂബക്കർ ﵄ പറഞ്ഞതായി ഇമാമുമാരായ ഇബ്നു ഖുസൈമയും ഹാകിമും ഉദ്ധരിക്കുന്നു: പുരുഷന്മാർ (കാണാതിരിക്കാൻ അവരിൽ) നിന്ന് ഞങ്ങൾ മുഖം മറയ്ക്കാറുണ്ടായിരുന്നു.

ബനൂ മുസ്ത്വലിഖ് യുദ്ധം കഴിഞ്ഞുവരവേ സ്വഹാബികൾ വിശ്രമിക്കാനിരുന്ന സ്ഥലത്ത് ആയിഷ ﵄ ഒറ്റപ്പെട്ടു പോയ സംഭവം ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നുണ്ട്. സംഘാംഗങ്ങളിൽ അവസാനം വന്ന സ്വഫ്വാനുബ്നുൽ മുഅത്ത്വൽ ﵁ നെ അവർ കണ്ട രംഗം ആയിഷ ﵄ ഇങ്ങിനെ പറയുന്നു:

فعرفني حينَ رآني قبلَ الحجابِ فاستيقظتُ باسترجاعِه حينَ عرفني فخمّرتُ وجهي بجلبابي

"അദ്ദേഹം എന്നെ തിരിച്ചറിഞ്ഞു. ഹിജാബ് (ആയത്ത് ഇറങ്ങുന്നതിനു) മുമ്പ് അദ്ദേഹം എന്നെ കണ്ടിട്ടുണ്ടായിരുന്നു. അദ്ദേഹം എന്നെ തിരിച്ചറിഞ്ഞപ്പോഴുള്ള ഇസ്തിർജാഅ് - استرجاع - (إنا لله وإنا إليه راجعون എന്ന് പറയൽ) കേട്ട് ഞാനുണർന്നു. ഉടനെ ഞാനെന്റെ ജിൽബാബ് കൊണ്ട് എന്റെ മുഖം മറച്ചു."

മുപ്പതോളം ഉദാഹരണങ്ങൾ മുന്നിൽ നിരത്തി വെച്ചതിൽ നിന്നാണ് മേൽപറഞ്ഞ മൂന്നു നാലെണ്ണം തിരഞ്ഞെടുത്ത് ഉദ്ധരിച്ചത്. പ്രവാചകപത്നിമാരും അവരോടൊപ്പമോ അവരുടെ കാലത്തോ ജീവിച്ച ഇതര സ്വഹാബി വനിതകളും പുറത്തിറങ്ങുമ്പോഴോ അന്യപുരുഷന്മാരെ കാണുമ്പോഴോ പാലിച്ച ജീവിത ക്രമമാണിത്.

ജീവിതത്തിലെ അപൂർവ്വമായ ഒരു കൗതുകം പോലെ ഈ ഭാഗം എഴുതിക്കൊണ്ടിരിക്കവെയാണ് ഇന്ത്യയുടെ സുപ്രീം കോടതി ഒരു നിരീക്ഷണം പുറത്തുവിട്ടത്. ഉത്തരേന്ത്യയിലെ ഒരു ഇസ്‌ലാമിക സംഘടന, മുസ്‌ലിം സ്ത്രീകൾ തിരിച്ചറിയൽ കാർഡിനായി മുഖം തുറന്നിടുന്നത് മതശാസനകൾക്ക് വിരുദ്ധമാണെന്നും അതിനാൽ തിരഞ്ഞെടുപ്പ് കമ്മീഷനെ ഇതിൽ നിന്നും വിലക്കണമെന്നുമായിരുന്നു ഹരജി. സുപ്രീം കോടതി ഈ വാദം തള്ളിക്കൊണ്ട് തിരിച്ചറിയൽ കാർഡ് തിരിച്ചറിയാനുള്ളതാണെന്നും അവർക്കതിന്ന് പ്രയാസമുണ്ടെങ്കിൽ അവർക്ക് വോട്ട് ചെയ്യാൻ പോവേണ്ടതില്ലെന്നുമായിരുന്നു ആ നിരീക്ഷണം.

കോടതിയെ ഇത്തരം ഒരു നിരീക്ഷണത്തിലേക്കെത്തിച്ചത് ഹരജിക്കാരുടെ അപക്വമായ നിലപാടുകളാവാം. ഇസ്‌ലാം ഉദ്ദേശിക്കുന്നത് അന്യപുരുഷന്മാർക്ക് മുമ്പിൽ മുഖം തുറന്നിട്ട് നടക്കരുത് എന്നാണ്, അല്ലാതെ അനിവാര്യഘട്ടത്തിൽ തിരിച്ചറിയാൻ വേണ്ടി മുഖം കാട്ടിക്കൊടുക്കരുത് എന്നർഥത്തിലല്ല. ഇക്കാലത്ത് പാസ്പോർട്ടെടുക്കാനും മറ്റു ഗവൺമെന്റ് ബാങ്ക് ഇടപാടുകൾ സാധിപ്പിച്ചു കിട്ടാനും ഇതാവശ്യമാണ്. ഇത്തരം ഇടപാടുകളൊന്നുമില്ലാത്ത കാലം മുതൽ തന്നെ സ്ത്രീക്ക് തതുല്യമായ ചില അപൂർവ്വ സന്ദർഭങ്ങൾ വന്നുഭവിക്കാറുണ്ട്. ഇസ്‌ലാമിക കർമ്മശാഖയിൽ അത് അനുവദിക്കപ്പെടുകയോ നിർബന്ധിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. ഖാദിയുടെ മുമ്പിൽ, കോടതിയിൽ സാക്ഷി പറയേണ്ടി വരുമ്പോൾ, തന്നെ വിവാഹം ചെയ്യാനുദ്ദേശിച്ചു വരുന്ന പുരുഷന്നു മുമ്പിൽ, ഡോക്ടറുടെ മുമ്പിൽ എന്നിങ്ങിനെ മുമ്പെ നിലവിലുണ്ടായിരുന്ന രീതിയാണിത്. ഇത്തരം ഉദാഹരണങ്ങൾ പോലെ ഒരു ചെറിയ നിമിഷത്തിന്റെ പ്രശ്നമാണ് തിരിച്ചറിയൽ കാർഡിലെ ഫോട്ടോ. അത് പതിക്കുന്ന ഉദ്യോഗസ്ഥനു മുമ്പിൽ അവൾക്ക് മുഖം കാട്ടിക്കൊടുക്കേണ്ടി വന്നേക്കാം. വോട്ടെടുപ്പ് നടക്കുന്ന വേളയിൽ വോട്ട് രേഖപ്പെടുത്തുന്ന കൗണ്ടറിനു മുമ്പിൽ ഇരിക്കുന്ന ഉദ്യോഗസ്ഥനു മുമ്പിൽ ഈ തിരിച്ചറിയൽ കാർഡിലെ വ്യക്തി താൻ തന്നെയാണെന്ന് അവൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടി വന്നേക്കാം. എല്ലാം നേരത്തെ പറഞ്ഞ പോലെ ഒരു ചെറിയ നിമിഷത്തിൽ തുടങ്ങി ഒതുങ്ങുന്ന പ്രശ്നം. ഇതിനെ സ്ത്രീ മുഖം തുറന്നിട്ട് പുറത്തിറങ്ങി നടക്കാനനുവാദമില്ലാ എന്ന പൊതു തത്വത്തിന്റെ

വീഥിയിലേക്ക് കൊണ്ടുവരേണ്ട ഒരാവശ്യവും ഹരജിക്കാർക്കുണ്ടായിരുന്നില്ല.

എന്നാൽ കോടതിയുടെ പ്രസ്തുത നിരീക്ഷണത്തെ അവലംബിച്ച് കൊണ്ട് ടെലിവിഷൻ ചാനലുകളിൽ ചൂടുപിടിച്ച ചർച്ചകൾ നടന്നു. അവരുടെ സ്ഥിരം ക്ഷണിതാക്കളായ ചില മുസ്‌ലിം നാമധാരികളും അക്കൂട്ടത്തിലുണ്ടായിരുന്നു. അവരിലൊരാൾ മുഖം മറക്കുക എന്നത് അനിസ്‌ലാമികമാണെന്നു വരെ തട്ടിക്കളഞ്ഞു. ഇത്തരം മുസ്‌ലിം നേതാക്കൾ അധികരിച്ചാലുണ്ടാവുന്ന ഇസ്‌ലാമിന്റെ ഗതി ഒന്നോർത്തു നോക്കൂ. ഹിജാബിന്റെ ആയത്തിറങ്ങിയതു മുതൽ ആയിരത്തി മുന്നൂറോളം കൊല്ലം ആദരപൂർവ്വം പാലിക്കുകയും ശീലിക്കുകയും ചെയ്ത ഒരു സന്ദേശത്തെയാണ് അയാൾ അനിസ്‌ലാമികമെന്ന് പറഞ്ഞത്. നൂറു കൊല്ലം പോലും തികയാത്ത മുഖം തുറന്നിടുക എന്ന ദുരാചാരത്തെയാണ് ആ സഹോദരൻ ഇസ്‌ലാമികമായിക്കാണുന്നത്. സുന്നത്തുകൾ അപരിചിതങ്ങളായിത്തീരുകയും ബിദ്അത്തുകൾ തള്ളിക്കളയാൻ മനസ്സുറക്കാത്ത വിധം സുന്നത്തുകളാണെന്ന വ്യാജേന ആചരിച്ചു പോരുകയും ചെയ്തേക്കാവുന്ന ഒരു കാലഘട്ടത്തെ കുറിച്ച് അല്ലാഹുവിന്റെ റസൂൽ ﷺ മുന്നറിയിപ്പു തന്നത് ഈ നിമിഷം ഓർത്തുപോവുന്നു.

ഈ രചന നടത്തുമ്പോൾ തന്നെയാണ് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് വനിതകൾക്ക് മാത്രമായി "സ്ത്രീ ശാക്തീകരണം" എന്ന പേരിൽ ഒരു സംസ്ഥാന സമ്മേളനം അരങ്ങേറിയത്. ഒരു പ്രത്യേക കാലപരിധി വെച്ച് കൊണ്ട് ഇത്തരം പരിപാടികൾ ആവർത്തിക്കുകയില്ല എന്നു വരികിൽ ഇതൊരു തെറ്റായ കാര്യമായി പറയാവതല്ല. കാലപരിധി വെച്ച് ആവർത്തിക്കപ്പെടുന്ന, പ്രവാചകചര്യയിൽ പെടാത്ത ആചാരങ്ങളോ രീതികളോ ആണ് ബിദ്അത്തുകളായി വരിക. അവർ ഒന്നിച്ചിരുന്നു സ്ത്രീകളുടേതായ പ്രത്യേക പരിമിതികളിൽ നിന്ന് കൊണ്ട് ഇസ്‌ലാമിക സേവനം എങ്ങിനെ സാധിപ്പിക്കാം എന്ന് ചർച്ച ചെയ്തതിലോ തീരുമാനങ്ങളെടുത്തതിലോ അവർക്ക് ഉൽബോധനങ്ങൾ നടത്തിയതിലോ അതിനാൽ അപാകതകളും പറഞ്ഞുകൂടാ. പക്ഷെ വാർത്താ മാധ്യമങ്ങൾ ശരിക്കും അതാസ്വദിച്ചു കൈകാര്യം ചെയ്തു! സ്റ്റേജിലെയും സദസ്സിലെയും സുന്ദരിമാരായ ലലനാമണികളുടെ തുടുത്തവദനങ്ങൾ ലോകമെങ്ങും കാണാൻ അതിന്റെ സംഘാടകർ വേദിയൊ

രുക്കി. ലോകം പൊതുവിലും അവരെ സംബന്ധിച്ച് പ്രത്യേകിച്ചും ആദരണീയനായിക്കാണുന്ന അവരുടെ കൂട്ടായ്മയുടെ സ്ഥാപക നേതാവ് അബുൽ അഅ്‌ലാ മൗദൂദിയുടെ താത്പര്യങ്ങളെ തന്നെ പരിഹസിക്കുന്ന വിധമായിപ്പോയി അത്. ആ സ്ത്രീകൾ തങ്ങളുടെ മുഖങ്ങളെ പുരുഷന്മാരിലേക്കെത്തിക്കുന്നതിൽ അവരുടെ പുരുഷന്മാർ വേണ്ടത്ര സഹായവും ചെയ്തുകൊടുത്തു. അങ്ങിനെ "അതിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച്" എന്ന ദൈവിക കൽപനയെ "അതിൽ നിന്ന് അവർ പ്രത്യക്ഷമാക്കിയതും അവരുടെ നേതാക്കൾ ചാനലിലൂടെ പ്രത്യക്ഷമാക്കാൻ സഹായിച്ചതുമൊഴിച്ച്" എന്ന പരിഹാസം അതുണ്ടാക്കിത്തീർത്തു. മൗദൂദി സാഹിബ് തന്റെ الحجاب എന്ന ലേഖനത്തിൽ വിശുദ്ധ ഖുർആനിലെ പർദ്ദയുടെ വാക്യത്തിനു ഇപ്രകാരം അനുബന്ധമിടുന്നു: "പ്രസ്തുത ആയത്തിന്റെ പദങ്ങളും, അതിന്നു എല്ലാ കാലത്തുമുള്ള ഖുർആൻ വ്യാഖ്യാതാക്കൾ നൽകിയ അംഗീകരിക്കപ്പെട്ട വ്യാഖ്യാനങ്ങളും, നബി ﷺ യുടെ കാലത്തു തന്നെ ജനങ്ങൾ അതനുസരിച്ച് പ്രവർത്തിച്ചതുമെല്ലാം അവലോകനം ചെയ്താൽ ഇവ്വിഷയത്തിൽ തർക്കങ്ങൾക്ക് യാതൊരു സാധ്യതയും കാണുന്നില്ല. എന്ത് കൊണ്ടെന്നാൽ അന്യപുരുഷന്മാരിൽ നിന്ന് സ്ത്രീ അവളുടെ മുഖം മറയ്ക്കണമെന്ന് ഇസ്‌ലാമിക ഷരീഅത്ത് അവളോട് കൽപ്പിച്ചിട്ടുണ്ട്. നബി ﷺ യുടെ കാലം തൊട്ട് ഇന്ന് വരെ ആ രീതി തുടർന്നു പോന്നിട്ടുണ്ട്."

മൗദൂദി സാഹിബിന് അല്ലാഹു കരുണ ചൊരിയട്ടെ. അദ്ദേഹം ഭാഗ്യവാനാണ്. കുറ്റിപ്പുറത്തേക്ക് വന്ന ആ സ്ത്രീകളുടെ പൊതുജീവിതങ്ങളും അവർ ഒത്തുചേർന്നപ്പോൾ ചാനലുകൾ ലോകത്തിന് കാട്ടിക്കൊടുത്ത അവരുടെ മുഖങ്ങളും അദ്ദേഹത്തിനു കാണേണ്ടി വന്നില്ലല്ലോ!

നാട്ടിലെ സലഫീ ചിന്താഗതിക്കാരെന്നു വാദിക്കുന്നവരിൽ ഭൂരിപക്ഷത്തിന്റെ അവസ്ഥയും ഈ "ശാക്തീകരണക്കാരികളിൽ" നിന്നും ഭിന്നമല്ല എന്നു ഖേദപൂർവ്വം ഓർത്തുപോവുന്നു.

ഈ വിനീതൻ അവരുടെ സംഘടനാ നേതാക്കൾക്കും പത്രസ്ഥാപനങ്ങൾക്കുമൊക്കെ എഴുതി; "കൂട്ടായ്മ" ആയാലും "പ്രദർശനം" അരുതേ എന്ന്. കൊടുങ്കാറ്റിന്നെതിരിൽ ഊതുന്നവന്റെ ഗതിയാ

ണതിനുണ്ടായത്. ഒരു പ്രബോധകനെ സംബന്ധിച്ചിടത്തോളം സന്ദേശം എത്തിക്കാനെ അയാൾക്ക് ബാധ്യതയുള്ളൂ; അതിന്റെ പരിണിത ഫലം അയാളുടെ വിഷയമല്ല. ഓരോരുത്തരും അവനവന്റെ പരലോകത്തിനു വേണ്ടി വേണ്ടത് ചെയ്യട്ടെ.

നാം സംസാരിച്ചു വന്നത് പ്രവാചക കാലഘട്ടത്തിലെ സ്ത്രീകൾ പ്രസ്തുത പർദ്ദയുടെ വാക്യം എപ്രകാരമാണ് ജീവിതത്തിൽ കൊണ്ടുവന്നത് എന്നതു സംബന്ധിച്ചാണ്. അതിന്നു ശേഷമുള്ള സ്ഥിതിയോ? ഓരോ കാലഘട്ടത്തിലെയും പ്രബോധകന്മാർ സ്ത്രീകളുടെ സവിശേഷമായ ഈ വിധേയത്വത്തെ ആദരപൂർവ്വം സ്മരിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ കല്പനയ്ക്കു എതിരു പ്രവർത്തിച്ചതായോ അതിന്റെ പേരിൽ പ്രബോധകന്മാർക്ക് അവരെ ഗുണദോഷിക്കേണ്ടതായോ വന്നില്ല. ശ്രേഷ്ഠ നൂറ്റാണ്ടുകാരെന്നു റസൂൽ ﷺ വാഴ്ത്തിപ്പറഞ്ഞ ആദ്യ മൂന്ന് നൂറ്റാണ്ടുകാരിൽ തന്നെ അവരുടെ അഭിപ്രായ യോജിപ്പ് പ്രകടമായിരുന്നു. അതിൽ ചിലർ ഔറത്തിന്റെ ഭാഗമെന്ന നിലയിലാണെങ്കിൽ മറ്റു ചിലർ കുഴപ്പം ഇല്ലായ്മ ചെയ്യാനും അതിനെ പ്രതിരോധിക്കാനുമെന്ന നിലയിലുമാണ് യോജിപ്പുണ്ടായത്. إلا ما ظهر منها (അതിൽ നിന്ന് പ്രത്യക്ഷമായത് ഒഴികെ) എന്ന ഖുർആനികാധ്യാപനത്തെ അവർ إلا ما أظهرت منها(അതിൽ നിന്ന് പ്രത്യക്ഷമാക്കിയതൊഴികെ) എന്ന “ഇല്ലാത്ത ഒരർഥത്തിൽ” അതിനെ പ്രയോഗവത്ക്കരിച്ചില്ല.

# നിലപാടുകളിലൂടെ

ഉത്തമ നൂറ്റണ്ടാുകാരായി അറിയപ്പെടുന്നവർ ഹിജ്റയുടെ ആദ്യ മൂന്ന് നൂറ്റാണ്ടുകളിൽ ജീവിച്ച് മരിച്ചുപോയവരാണെന്ന് പറഞ്ഞല്ലോ. അബൂ ഹനീഫ, മാലിക്, ഷാഫിഈ, അഹ്മദ് ബിൻ ഹമ്പൽ എന്നീ ശ്രേഷ്ഠരായ നാലു ഇമാമുകൾ ഈ കാലഘട്ട ത്തിന്റെ ഉജ്വലരത്നങ്ങളായിരുന്നു.

അവരുടെ നിലപാടുകൾ അറിയുന്നതിന് മുമ്പ് നമുക്കേവർക്കും സുപരിചിതവും സർവ്വാംഗീകൃതവുമായ ഒരു ഗ്രന്ഥത്തിലേക്കു വരാം; فتح الباري (ഫത്ഹുൽ ബാരി), ഇമാം ബുഖാരിയുടെ ഹദീഥുകളുടെ വ്യാഖ്യാനഗ്രന്ഥം. ഇതിന്റെ കർത്താവ് الحافظ ابن حجر العسقلاني ഹിജ്റ 852-ലാണ് മരിക്കുന്നത്. അഥവാ ഒമ്പതാം നൂറ്റാണ്ടിൽ ജീവിച്ച മഹാപുരുഷൻ! അദ്ദേഹം പറയുന്നു

لم تزل عادة النساء قديماً وحديثاً يسترن وجوههن عن الأجانب

“അന്യപുരുഷന്മാരിൽ നിന്നും സ്ത്രീകൾ തങ്ങളുടെ മുഖം മറക്കുന്ന പതിവ് പഴയകാലത്തും ഇക്കാലത്തും തുടർന്നുവരുന്നു - ഫത്ഹുൽ ബാരി 9-235, 236.” ഒമ്പത് നൂറ്റാണ്ടുകളിലെ മുസ്ലിം സ്ത്രീകളുടെ ചരിത്രം ഈയൊരു വരിയിലൂടെ അനാവരണം ചെയ്യു ന്നു. പർദ്ദയുടെ വാക്യം ഇറങ്ങിയ ശേഷം 852 വർഷം വരെയുള്ള സംഭവം കുറിച്ചുവെക്കപ്പെട്ടതിലൂടെ അക്കാലഘട്ടത്തിന്നിടയിലുള്ള സ്ത്രീകൾ മുഖം മറച്ചിരുന്നോ എന്ന സംശയം ദൂരീകരിക്കപ്പെടു ന്നു. അദ്ദേഹം വീണ്ടും പറയുന്നു:

استمر العمل على جواز خروج النِّساء إلى المساجد والأسواق والأسفار منتقبات؛ لئلا يراهنَّ الرِجال

“മുഖം മറച്ചവരായി പള്ളികളിലേക്കും അങ്ങാടികളിലേക്കും യാത്രാവേളകളിലും സ്ത്രീകളെ പുറത്തു പോവാനനുവദിക്കുന്ന

പതിവ് തുടർന്നുപോന്നു. അല്ലാത്ത പക്ഷം പുരുഷന്മാർക്ക് അവർ ദൃശ്യമാകുമായിരുന്നു."

ഇനി ഇബ്നു ഹജറുൽ അസ്ഖലാനി ﷺ ജീവിച്ച കാലത്തിൽ നിന്നും പിന്നിലേക്ക് ക്രമത്തിൽ ഒന്ന് സഞ്ചരിച്ചുനോക്കാം. പ്രഗത്ഭരായ പണ്ഡിത ശ്രേഷ്ഠരുടെ കാലഘട്ടത്തിലൂടെ.... അവരുടെ മൊഴികളിലൂടെ....

**ഇബ്നു റസ്ലാൻ അഷ്ഷാഫിഈ (മരണം ഹി. 844)**

اتفق المسلمون على منع النِّساء أن يخرجن سافرات عن الوجوه، (عون المعبود 162/11)

"മുഖം തുറന്നിട്ടവളായി പുറത്തുപോവുന്ന സ്ത്രീകളെ തടയുന്ന കാര്യത്തിൽ മുസ്ലിംകൾ യോജിച്ചിട്ടുണ്ട്."

**അൽ ഇമാം ആബിയ്യുൽ മാലികി (മരണം ഹി.827)**

أنَّ مشهور المذهب وجوب ستر الوجه والكفين إن خشيت فتنة من نظر أجنبي إليها(جواهر الإكليل 41/1)

"അന്യപുരുഷന്മാർ അവളെ നോക്കുമെന്നു ഭയന്നാൽ ഇരു മുൻകയ്യുകളും മുഖവും മറക്കൽ നിർബന്ധമാണെന്ന മദ്ഹബാണ് പ്രസിദ്ധം."

**അൽ മൗസഇയുഷ്ഷാഫിഈ (മരണം ഹി. 825)**

لم يزل عمل النَّاس على هذا ، قديماً وحديثاً، في جميع الأمصار والأقطار، فيتسامحون للعجوز في كشف وجهها، ولا يتسامحون للشابّة، ويرونه عورة ومنكراً، وما أظنَّ أحداً منهم يُبيح للشابّة أن تكشف وجهها لغير حاجة، ولا يبيح للشابِّ أن ينظر إليها لغير حاجة.(تيسير البيان لأحكام القرآن 1001/2)

"എക്കാലത്തും ഏത് ദേശത്തുമുള്ള പൂർവ്വികരും ആധുനികരുമായ ജനവിഭാഗങ്ങളിൽ ഈ രീതി തുടർന്നുപോന്നു. അപ്രകാരം വൃദ്ധരെ അവരുടെ മുഖം തുറന്നിടാൻ അനുവദിക്കുകയും യുവതികളെ അവരതിന്ന് അനുവദിക്കാതിരിക്കുകയും ചെയ്തു. അവരതിനെ നഗ്നതയും വിരോധിക്കപ്പെട്ടതുമായാണ് കണ്ടത്.... അത്യാവശ്യത്തിനു വേണ്ടിയല്ലാതെ യുവതികളുടെ മുഖം തുറന്നിടാൻ അവരിലൊരാളും അനുവദിച്ചിരുന്നതായി ഞാൻ കരുതുന്നില്ല. അത്യാവശ്യത്തിനു വേണ്ടിയല്ലാതെ യുവതിയെ നോക്കാനും അനുവദിച്ചിരുന്നില്ല."

**ഇബ്നുൽ ഖയ്യിം അൽ ജൗസി (മരണം. ഹി. 751)**

العورة عورتان : عورة النظر ، وعورة في الصلاة ، فالحرّة لها أن تصلّي مكشوفة الوجه ، والكفين ، وليس لها أن تخرج في الأسواق ، ومجامع الناس كذلك " انتهى ". إعلام الموقعين "( 2 / 80 )

നഗ്നത രണ്ടു വിധമാണ്. നമസ്ക്കാരത്തിലെ നഗ്നതയും ദൃഷ്ടിയിലെ നഗ്നതയും. സ്വതന്ത്ര സ്ത്രീക്ക് മുൻകൈകളും മുഖവും തുറന്നിട്ടുകൊണ്ടു നിസ്ക്കരിക്കാവുന്നതാണ്. അങ്ങാടിയിലേക്കോ ആളുകൾ കൂടുന്നിടത്തേക്കോ അപ്രകാരം പാടില്ല.

**അസ്സയ്‌ലഈ അൽ ഹനഫി – الزيلعي (മരണം ഹി. 700)**

تمنع المرأة الشابة من كشف وجهها بين الرجال في زماننا للفتنة ( الزيلعي - البحر الرائق - كتاب الصلاة )

നമ്മുടെ കാലഘട്ടത്തിൽ യുവതികളായ സ്ത്രീകൾ പുരുഷന്മാർക്ക് മുമ്പിൽ അവരുടെ മുഖം തുറന്നിടുന്നത് വിരോധിക്കപ്പെടേതാണ്.

**അൽബൈദാവിയ്യുഷാഫിഈ – للبيضاوي (മരണം ഹി. 685)**

والمستثنى هو الوجه والكفان لأنها ليست بعورة والأظهر أن هذا في الصلاة لا في النظر فإن كل بدن الحرة عورة لا يحل لغير الزوج والمحرم النظر إلى شيء منها إلا لضرورة كالمعالجة وتَحَمّلِ الشهادة - (أنوار التنزيل وأسرار التأويل للبيضاوي – سورة النور 31)

“.... മാറ്റിനിർത്തിയതാവട്ടെ മുഖവും മുൻകൈകളുമാകുന്നു. എന്ത് കൊണ്ടെന്നാൽ അത് ഔറത്തിൽ (നഗ്നതാ പരിധിയിൽ) പെട്ടതല്ല. അത് വ്യക്തമാക്കുന്നത് നമസ്ക്കാരത്തിലെ കാര്യമാണ്. ദൃഷ്ടിയിലേതല്ല. എന്നാൽ സ്വതന്ത്രസ്ത്രീയുടെ ഔറത്ത് മുഴുവൻ ശരീരവുമാണ്. ഭർത്താവിന്നും മഹ്റമായവനും (അവളുമായി വൈവാഹിക ബന്ധം സാധ്യമാവാത്ത പുരുഷനും) ഒഴികെ ചികിത്സ, സാക്ഷി നിൽക്കൽ പോലുള്ള അത്യാവശ്യ കാര്യത്തിനു വേണ്ടിയല്ലാതെ ദർശിക്കൽ അനുവദനീയമല്ല.”

**ഇമാം നവവി ഷാഫിഈ (മരണം ഹി. 676)**

لا يجوز للمسلمة أن تكشف وجهها ونحوه من بدنها ليهوديّة أو نصرانيّة وغيرهما من الكافرات - إلاَّ أن تكون الكافرة مملوكة لها (فتاوى النَّوويّ- ص 192

“ജൂത–ക്രിസ്തീയരോ അവരല്ലാത്തവരോ ആയ അവിശ്വാസികളെ പോലെ ഒരു മുസ്‌ലിം സ്ത്രീ തന്റെ മുഖമോ അതുപോലെ ശരീരത്തിൽ നിന്നുള്ള ഭാഗങ്ങളോ ദൃശ്യമാക്കാൻ പാടില്ലാത്തതാണ്.”

**ഇമാം ഖുർതുബി അൽ മാലികി (മരണം ഹി. 671)**

المرأة كلُّها عورة، بدنها وصوتها، فلا يجوز كشف ذلك إلا لضرورة أو لحاجة، كالشهادة عليها، أو داء يكون ببدنها، أو سؤالها عمّا يعنّ ويعرض عندها. (القرطبيّ -الجامع لأحكام القرآن (277/14)

"സ്ത്രീ, അവളുടെ ശരീരവും അവളുടെ ശബ്ദവും അവൾ മുഴുവൻ തന്നെയും നഗ്നത(പരിധി)യിൽ പെട്ടതാണ്. സാക്ഷിത്വം, അവളുടെ ശരീരത്തെ ബാധിച്ച രോഗം, അവളിൽ നിന്നും തെളിയിക്കാനുപയുക്തമാവും വിധം അവളെ ചോദ്യം ചെയ്യൽ പോലുള്ള ആവശ്യങ്ങൾക്കുവേണ്ടിയല്ലാതെ പ്രത്യക്ഷമാക്കാൻ അവൾക്കനുവാദമില്ല."

**മുവഫ്ഫഖുദ്ദീൻ ഇബ്നു ഖുദാമ – ഹമ്പലി (മരണം ഹി. 620)**

...و قال مالك والأوزاعي والشافعي : جميع المرأة عورة إلا وجهها وكفيها، وما سوى ذلك يجب ستره في الصلاة -موفق الدين ابن قدامة (المغني 671/1)

"... മുഖവും മുൻകൈകളുമൊഴിച്ചുള്ള സ്ത്രീ (ശരീരം) മുഴുവൻ ഔറത്തിൽ പെട്ടതാണ്. അതൊഴിച്ചുള്ളതെല്ലാം നമസ്ക്കാരത്തിൽ മറയ്ക്കൽ നിർബന്ധമാണ്..." എന്ന് (ഇമാമുകളായ) മാലിക്, ഔസാഈ, ഷാഫിഈ എന്നിവർ പറഞ്ഞു.

അദ്ദേഹം അതൊന്നുകൂടി വ്യക്തമാക്കുന്നു.

وفي إباحة النظر إلى المرأة إذا أراد تزويجها دليل على التحريم عند عدم ذلك (المغني 460/7)

"വിവാഹം കഴിക്കാനെന്ന ഉദ്ദേശത്തോടെ സ്ത്രീയെ നോക്കാമെന്ന അനുവാദത്തിൽ നിന്നുതന്നെ അതല്ലാത്ത കാര്യത്തിൽ അത് നിഷിദ്ധമാണെന്ന് വന്നല്ലോ..."

**ഇബ്നുൽ അറബി – അൽ മാലികി (മരണം ഹി. 543)**

"സ്ത്രീയുടെ ശരീരവും ശബ്ദവും അവൾ മുഴുവൻ തന്നെയും ഔറത്തിൽ പെട്ടതാണ്. സാക്ഷിത്വം, ശരീരത്തിൽ കാണപ്പെടുന്ന രോഗം, തെളിവിനു വേണ്ടി ചോദ്യം ചെയ്യൽ പോലുള്ള അത്യാവശ്യങ്ങൾക്കു വേണ്ടിയല്ലാതെ അവളത് പ്രദർശിപ്പിച്ചുകൂടാ." (لأحكام القرآن 1578/3)

**ഇമാം ഗസ്സാലി – ഷാഫിഈ (മരണം ഹി. 505)**

لم يزل الرجال على ممر الأزمان مكشوفي الوجوه ، والنساء يخرجن متنقبات - أبي حامد الغزالي ( إحياء علوم الدين 35/2 )

"പുരുഷന്മാർ മുഖം തുറന്നിട്ടവരായും സ്ത്രീകൾ മുഖം മറച്ച

നിലയിലും പുറത്തുപോവുന്ന രീതി കാലങ്ങളായി തുടർന്നു കൊണ്ടിരിക്കുന്നു.”

**ഇമാം സർഖസി - ഹനഫി (മരണം ഹി. 483)**

حرمة النظر لخوف الفتنة, وخوف الفتنة في النظر إلى وجهها, وعامة محاسنها في وجهها أكثر منه إلى سائر الأعضاء -السرخسي (المبسوط 152/10)

“ദൃഷ്ടിയുടെ പവിത്രത പാപം ഭയക്കലാണ്. അവളുടെ മുഖത്തേക്കുള്ള നോട്ടത്തിലാണ് പാപം ഭയക്കേണ്ടത്. പൊതുവെ അവളുടെ മറ്റവയവങ്ങളേക്കാൾ കൂടുതൽ സൗന്ദര്യമുള്ളത് അവളുടെ മുഖത്തിലാണ്.”

**ഇമാമുൽ ഹറമൈൻ അൽ ജുവൈനി - ഷാഫിഈ (മരണം ഹി. 478)**

اتفق المسلمون على منع النساء من الخروج سافرات الوجوه- إمام الحرمين الجويني (روضة الطالبين 24/7 )

“മുഖം തുറന്നിട്ട നിലയിൽ പുറത്തുപോവുന്ന സ്ത്രീകളെ തടയണമെന്ന കാര്യത്തിൽ മുസ്ലിംകൾ യോജിച്ചിട്ടുണ്ട്.”

**ഇബ്നു അബ്ദിൽ ബിർറ് - മാലികി (മരണം ഹി. 463)**

حكى الإجماع على وجوب تغطية المرأة لوجهها -ابن عبد البر المالكي (حراسة الفضيلة)

സ്ത്രീ അവളുടെ മുഖം മറയ്ക്കൽ നിർബന്ധമാണെന്ന് ഇജ്മാഅ് (അഭിപ്രായ യോജിപ്പ്) ചെയ്യപ്പെട്ടിട്ടുണ്ട്.

**അബൂബക്കർ അൽ ജസ്സാസ് - ഹനഫി (മരണം ഹി. 370)**

المرأة الشابة مأمورة بستر وجهها من الأجنبي, وإظهار الستر والعفاف عند الخروج؛ لئلا يطمع أهل الريب فيها : (الجصاص- أحكام أهل القرآن 458/3)

യുവതികൾ, അന്യപുരുഷന്മാരിൽ നിന്ന് മുഖം മറയ്ക്കണമെന്ന് കൽപ്പിക്കപ്പെട്ടവളാണ്. അല്ലാത്ത പക്ഷം (മുഖം) മറക്കാതെയും സുതാര്യമാക്കിയും പുറത്തിറങ്ങിയാൽ മനോരോഗികളിൽ അത് മോഹമുളവാക്കും.

**ഇമാം അഹ്മദ് ബിൻ ഹമ്പൽ (മരണം ഹി. 241)**

...إذا خرجت من بيتها فلا تبين منها شئ (امام احمد - الفروع 601/1)

അവൾ അവളുടെ വീട്ടിൽ നിന്നും പുറത്തേക്കിറങ്ങിയാൽ യാതൊന്നും (ശരീരത്തിൽ നിന്നും) പ്രത്യക്ഷമാക്കരുത്.

**ഇമാം ഷാഫിഈ (മരണം ഹി. 204)**

جميع المرأة عورة إلا وجهها وكفيها، وما سوى ذلك يجب ستره في الصلاة – الشافعي (المغني)

“സ്ത്രീ (ശരീരം) മുഴുവൻ ഔറത്താണ്, മുഖവും മുൻകയ്യു മൊഴിച്ച്. നമസ്കാരത്തിൽ അവയൊഴിച്ചുള്ളത് നിർബന്ധമായും മറയ്ക്കണം.” (ഇബ്നു ഖുദാമ المغني )

നമസ്കാരത്തിലല്ലെങ്കിലോ അവയും (മുൻകയ്യും മുഖവും) കൂടി മറയ്ക്കണം എന്ന് സാരം. ഇമാം മാലിക് (മരണം ഹി. 179) ഇമാം ഔസാഈ (മരണം ഹി. 157) എന്നീ ഇമാമുകൾ പറഞ്ഞ അതേ മൊഴികൾ ആവർത്തിക്കുകയാണ് ഇമാം ഷാഫിഈ رحمه الله ചെയ്തത്.

# "ഫത്ഹുൽ ബാരി"ക്കു ശേഷം

**വി**ശ്വോത്തരഗ്രന്ഥമായ ഫത്ഹുൽ ബാരിയുടെ രചനാകാരൻ ഇബ്നു ഹജറുൽ അസ്ഖലാനി ﵀ യുടെ കാലം തൊട്ട് പിന്നോട്ട് റസൂൽ ﷺ യുടെ സ്വഹാബികളും ത്വാബിഉകളും ജീവിച്ച ഉത്തമനൂറ്റാണ്ടിലേക്കാണ് പലഘട്ടങ്ങളിലൂടെ നാം സഞ്ചരിച്ചത്. ഇനി അതേ ഫത്ഹുൽ ബാരിയുടെ കാലഘട്ടത്തിനു ശേഷമുള്ള കാലത്തേക്കൊന്ന് സഞ്ചരിച്ചു നോക്കണം. ഇത് വരെ വന്ന അഭിപ്രായങ്ങളുടെ പ്രവാഹം എവിടെയാണ് ചെന്നവസാനിക്കുന്നത് എന്ന്.

**മുഹമ്മദ് അൽ ഹത്ത്വാബ് – മാലികി (മരണംഹി. 954)**

إن خُشي من المرأة الفتنة يجب عليها ستر الوجه والكفين (محمد الحطَّاب - كتاب الصلاة - مواهب الجليل لشرح مختصر خليل 499/1)

"സ്ത്രീയുടെ കാര്യത്തിൽ കുഴപ്പം ഭയന്നാൽ മുഖവും മുൻകൈകളും മറക്കൽ അവർക്ക് നിർബന്ധമാണ്."

**ഇബ്നു ഹജറുൽ ഹൈതമി – ഷാഫിഈ (മരണം ഹി. 974)**

أن عورة المرأة أمام الأجنبي جميع بدنها حتى الوجه والكفين على المعتمد (ابن حجر الهيثمي - تحفة المحتاج 112/2)

"അന്യർക്കു മുമ്പിൽ സ്ത്രീയുടെ നഗ്നതാ പരിധി, തീർച്ചയായും അവളുടെ ശരീരം മുഴുവനുമാണ്. മുൻകൈകളും മുഖവും വരെ അതിലുൾപ്പെടണം."

**അല്ലാമ: മുഹമ്മദ് അസ്സ്വൻആനി – (മരണം ഹി. 1182)**

ويباح كشف وجهها حيث لم يأت دليل بتغطيته والمراد كشفه عند صلاتها بحيث لا يراها أجنبي فهذه عورتها في الصلاة وأما عورتها بالنظر إلى نظر الأجنبي إليها فكلها عورة كما يأتي تحقيقه (محمد بن إسماعيل الصنعاني - سبل السلام)

മറയ്ക്കണമെന്നതിന് തെളിവൊന്നും ഇല്ലാത്തിടത്തോളം അവർക്ക് മുഖം തുറന്നിടാൻ അനുവാദമുണ്ട്. അന്യന്മാർ അവളെ കാണുന്നില്ല എന്നതിനാൽ നമസ്ക്കാരവേളകളിൽ തുറന്നിടാം എന്ന

താണ് അത് കൊണ്ടുദ്ദേശം. അതിനാൽ ഇത് നമസ്‌ക്കാരത്തിലെ ഔറത്താണ്. എന്നാൽ ദൃഷ്ടിയിൽ അവളുടെ നഗ്നതാ പരിധി, അന്യപുരുഷന്മാരുടെ നോട്ടം അവളിലേക്കു വന്നേക്കുമെന്നായാൽ അവൾ മുഴുവൻ തന്നെ നഗ്നതാ പരിധിയിലാണെന്നുറപ്പാക്കണം.

**അഹ്മദ് അദ്ദർദീർ - മാലികി (മരണം ഹി. 1201)**

عورة المرأة مع رجل أجنبي منها أي : ليس بمحرم لها جميع البدن غير الوجه و الكفين ، و أما هما فليسا بعورة و إن وجب عليه سترهما لخوف الفتنة (احمد الدردير- شرح الصغير/باب الصلاة)

അന്യപുരുഷനെ സംബന്ധിച്ചിടത്തോളം സ്ത്രീയുടെ നഗ്നതാ പരിധി, മഹ്റമല്ലാത്ത പുരുഷനു മുമ്പിൽ മുഖവും മുൻകയ്യുമല്ലാത്ത മുഴുവൻ ശരീരവുമാണ്. അവ രണ്ടും നഗ്നതാ പരിധിയിൽ വരില്ല. എന്നാൽ കുഴപ്പം ഭയക്കുന്നുവെങ്കിൽ അവ രണ്ടും നിർബന്ധമായും അവൾ മറച്ചിരിക്കണം.

**മുഹമ്മദ് അദ്ദസൂഖി - മാലികി (മരണം ഹി. 1230)**

يجب ستر وجه المرأة و يديها إذا خيفت الفتنة بكشفه (الدسوقي - في حاشيته على الشرح الكبير للدردير 200/1)

തുറന്നിട്ടാൽ കുഴപ്പം ഭയക്കുന്ന ഘട്ടത്തിൽ സ്ത്രീ അവളുടെ മുഖവും കൈകളും മറക്കൽ നിർബന്ധമാണ്.

**അഹ്മദ് അത്ത്വഹ്ത്വാവി - ഹനഫി (മരണം ഹി. 1231)**

و مَنْعُ الشابة من كشفه لخوف الفتنة ،لا لأنه عورة (احمد الطحطاوي/ حاشيته على مراقي الفلاح -131)

കുഴപ്പം ഭയക്കുന്നുവെങ്കിൽ യുവതികളെ മുഖം തുറന്നിടാനനുവദിക്കരുത്. അല്ല, അത് നഗ്നതാ പരിധിയിൽ തന്നെയാണ്.

**അല്ലാമ: ഇമാം ഷൗകാനി (മരണം ഹി. 1250)**

وأما تغطية وجه المرأة ـــــ...... كنّ يكشفن وجوههن عند عدم وجوب من يجب سترها منه، ويسترنها عند وجود من يجب سترها منه" ( الشوكاني - السيل الجرار 180/2)

സ്ത്രീ മുഖം മറക്കുക എന്നാൽ അവൾ മുഖം മറക്കൽ നിർബന്ധമല്ലാത്ത വേളകളിൽ അവൾക്കത് തുറന്നിടാം, മുഖം മറക്കൽ നിർബന്ധമാവുന്നവരുടെ സാന്നിദ്ധ്യത്തിൽ അവൾ അത് മറക്കുകയും വേണം എന്നാണ്.

മുഹമ്മദ് ഇബ്നു ആബിദീൻ - ഹനഫി (മരണം ഹി. 1252)

المعنى: تُمنع من الكشف لخوف أن يرى الرجال وجهها فتقع الفتنة، لأنَّه مع الكشف قد يقع النَّظر إليها بشهوة ( ابن عابدين- حاشية ابن عابدين 528/2)

പുരുഷന്മാരുടെ കാഴ്ചയിൽ പെട്ടാൽ കുഴപ്പം സംഭവിച്ചേക്കുമെന്ന് ഭയന്നാണ് അവൾ മുഖം തുറന്നിടുന്നത് തടയുന്നത്. എന്തെന്നാൽ (മുഖം) തുറന്നിട്ടാൽ വൈകാരികമായ ഒരു നോട്ടം അവിടെ സംഭവിക്കും.

**ഇബ്റാഹീം അൽ ബൈജൂരി - ഷാഫിഈ (മരണം ഹി. 1277)**

عورة المرأة جميع بدنها عند الرجال الأجانب (حاشيته الباجوري 1 / 141- إبراهيم الباجوري (البيجوري)

അന്യപുരുഷന്മാർക്ക് മുമ്പിൽ സ്ത്രീയുടെ ഔറത്ത് അവളുടെ മുഴുവൻ ശരീരവുമാണ്.

**അബ്ദുൽ ഹമീദ് അഷ്ഷർവാനി അദ്ദാഘിസ്ഥാനി ഷാഫിഈ (മരണം ഹി. 1301)**

عورة المرأة بالنسبة لنظر الأجانب جميع بدنها حتى الوجه و الكفين وقال أيضاً (حاشية الشرواني) من تحققت من نظر أجنبي لها يلزمها ستر وجهها عنه، وإلا كانت معينة له على حرام ، فتأثم( حاشية الشرواني على تحفة المحتاج/ باب شروط الصلاة (112/2)

“അന്യപുരുഷന്മാർ കാണുമെന്നായാൽ സ്ത്രീയുടെ ഔറത്ത് അവളുടെ മുഴുവൻ ശരീരവുമാണ്. മുഖവും മുൻകൈകളും വരെ.” അദ്ദേഹം വീണ്ടും പറയുന്നു: അന്യനായ ഒരാളുടെ ദൃഷ്ടി അവളിൽ പതിക്കുമെന്നുറപ്പായാൽ അയാളിൽ നിന്നും അവളുടെ മുഖം മറക്കൽ അവൾക്ക് നിർബന്ധമാണ്. അല്ലാത്ത പക്ഷം ഹറാമിൽ അവൾ അവന്നൊപ്പമായിത്തീരും. അങ്ങിനെ അത് പാപമാവുകയും ചെയ്യും.

ഹി. 1301ൽ അഥവാ 1884ൽ അന്തരിച്ച വിശ്രുത ഷാഫിഈ പണ്ഡിതന്റെ ഉദ്ധരണിയോടെ ഒരു നീണ്ട കാലഘട്ടത്തിന്റെ അഭിപ്രായ പരമ്പരയുടെ സംക്ഷിപ്ത ഭാഗം ഇവിടെ അവസാനിപ്പിക്കുന്നു. അഥവാ ക്രിസ്താബ്ദം 19-ാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടം. റസൂൽ ﷺ യുടെ കാലം തൊട്ട് നാമിപ്പോൾ പറഞ്ഞുനിർത്തിയ കാലം വരെ ആരും എതിർത്തു പറയാത്ത ഒരു വിഷയമായിരുന്നു അത്.

അന്യപുരുഷന്മാർക്കു മുമ്പിൽ സ്ത്രീ തന്റെ മുൻകയ്യും മുഖവും നിർബന്ധമായും മറക്കണമെന്ന് പറയുന്ന വിഭാഗത്തെ പോലെത്തന്നെ സജീവമായി അഭിപ്രായം പറഞ്ഞ മറ്റൊരു വിഭാഗമായിരുന്നു മുഖവും മുൻകയ്യും തുറന്നിടാമെന്ന് പറഞ്ഞവരും.

എന്നാൽ ഈ രാണ്ടമത്തെ വിഭാഗമാവട്ടെ "കുഴപ്പം ഭയക്കുന്നുവെങ്കിൽ" അവ നിർബന്ധമായും മറക്കണമെന്ന കാര്യത്തിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ലാത്തവരായിരുന്നു. ഷൈഖ് നാസിറുദ്ദീൻ അൽ അൽബാനി ﷬ ആ അഭിപ്രായക്കാരിലാണുള്ളത്.

ഒരു കാര്യം തീർത്തു പറയാനാവും. അറുപതിൽ പരം ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളും നൂറിൽപരം കർമ്മശാസ്ത്രപണ്ഡിതരുടെ അഭിപ്രായങ്ങളും ഗവേഷണബുദ്ധ്യാ നിഷ്പക്ഷ നിരീക്ഷണം നടത്തിയാൽ മുഖം മറക്കണമെന്ന നിർബന്ധിതാവസ്ഥയിലേക്കായിരിക്കും നാമെത്തിച്ചേരുക.

വിശ്വോത്തരരായി ശോഭിച്ചു മൺമറഞ്ഞവരും ഇന്ന് പണ്ഡിതാകാശത്തിൽ വിസ്മയ താരങ്ങളായി പ്രഭ ചൊരിയുന്നവരുമായ സൗദി പണ്ഡിതരെ ആരെയും ഈ വിനീതൻ ഉദ്ധരിച്ചിട്ടില്ല. എന്തെന്നാൽ ഇന്നാട്ടിലെ പണ്ഡിതർ എക്കാലത്തും മുഖാവരണത്തിൽ നിർബന്ധപൂർവ്വമായ നിബന്ധന പാലിച്ചവരായിരുന്നു. എന്നാൽ അവരല്ലാത്തവരും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ അനുഗ്രഹ തേജസ്സുകളും കേരളീയർക്ക് സുപരിചിതരുമായ മൂന്നാളുകളെ സന്ദർഭവശാൽ ഇവിടെ ഉദ്ധരിക്കട്ടെ. മുഖാവരണം നീക്കം ചെയ്ത ഇരുപതാം നൂറ്റാണ്ടിന്റെ കഥ പറയും മുമ്പെ ആ ജീർണ്ണാവസ്ഥയുടെ ഘട്ടത്തിലും എടുത്തു പറയേണ്ട വ്യക്തിത്വങ്ങൾ.

## ഷൈഖ് ഹസനുൽ ബന്ന

ഷൈഖ് ഹസനുൽ ബന്ന (ഈജിപ്ത്: മരണം ഹി. 1368 – 1949 ക്രി.) ഇദ്ദേഹമാണ് ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്ന പ്രസ്ഥാനത്തിന് ബീജാവാപം നൽകിയത്. പർദ്ദയുമായി ബന്ധപ്പെട്ട ആയത്തുകളും ഹദീഥുകളും സമർപ്പിച്ചശേഷം അദ്ദേഹം പറയുന്നു.

وليس بعد هذا البيان بيان، ومنه يُعلم أنَّ ما نحن عليه ليس من الإسلام في شيءٍ... إنَّ الإسلام يحرم على المرأة أن تكشف عن بدنها، وأن تخلو بغيرها، وأن تخالط سواها (الشيخ حسن البنا/ المرأة المسلمة- 18) وعلق على قوله هذا د.محمد اسماعيل المقدّم، فقال: فإنَّ الأدلَّة تؤيد القول بوجوب النِّقاب كما هو ظاهر كلام فضيلة الأستاذ حسن البنا رحمه الله....

ഈ വിവരിച്ചതിനു ശേഷമൊരു വിവരണമില്ല. അതിന്നപ്പുറം നാം നിലയുറപ്പിച്ചതേതോ അത് ഇസ്‌ലാമിൽ പെട്ടതേ അല്ല എന്നറിയണം. എന്തെന്നാൽ അവളുടെ ശരീരത്തിൽ നിന്ന് വല്ലതും

പ്രത്യക്ഷമാക്കലും അന്യനോടൊപ്പം തനിച്ചാവലും അന്യരോടൊപ്പം കൂടിക്കലരലും ഇസ്ലാം സ്ത്രീക്ക് ഹറാമാക്കുന്നു.

അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തിന് ഡോ. മുഹമ്മദ് ബിൻ ഇസ്മാഈൽ അൽ മുഖദ്ദം അനുബന്ധമിടുന്നു. അദ്ദേഹം പറയുന്നു: "അഭിവന്ദ്യ ഗുരുനാഥൻ ഹസനുൽ ബന്ന (അല്ലാഹു അദ്ദേഹത്തിന് കരുണ ചൊരിയട്ടെ)യുടെ പ്രത്യക്ഷത്തിലെ മൊഴിപോലെ മുഖാവരണം അണിയൽ നിർബന്ധമാണെന്ന അദ്ദേഹത്തിന്റെ നിലപാടുകൾക്ക് നിശ്ചയമായും തെളിവുകൾ ബലം നൽകുന്നു."

ഷൈഖ് ഹസനുൽ ബന്ന ഇപ്രകാരം പറഞ്ഞെങ്കിലും അദ്ദേഹത്തിനെ കേന്ദ്രമാക്കി സംഘടിപ്പിച്ച ഇഖ്വാനുൽ മുസ്ലിമൂൻ ഇത്തരം ഒരു വാദത്തിലേക്ക് ജനങ്ങളെ നിർബന്ധിക്കുന്നില്ല. ആശയബലത്തിലെ വൈചിത്ര്യം എന്നേ നമുക്കിതേപ്പറ്റി പറയാനാവൂ...

## ഷൈഖ് അബുൽ അഅ്ലാ മൗദൂദി

ഇത് തന്നെയാണ് രണ്ടാമത്തെ ആളുടെ കാര്യത്തിലും സംഭവിച്ചത്. ഷൈഖ് അബുൽ അഅ്ലാ മൗദൂദി (പാക്കിസ്ഥാൻ) അല്ലാഹു അദ്ദേഹത്തിന് കരുണ ചൊരിയട്ടെ. ദക്ഷിണേഷ്യയിൽ അദ്ദേഹത്തിന്റെ ആശയങ്ങൾ നന്നായി പ്രചരിക്കപ്പെട്ടിട്ടുണ്ട്. ഇസ്ലാമികാകാശത്തിലെ ഈ വിനീതവ്യക്തിത്വത്തെ അടർത്തിക്കൊണ്ടുപോയി അതിനെ മാത്രം ആധാരമാക്കി ചിലർ ഒരു കൂട്ടായ്മയ്ക്ക് രൂപം നൽകി. ലോക മുസ്ലിം സമൂഹത്തിന്റെ പൊതുസമ്പത്തായി പ്രബോധക സമൂഹത്തിലേക്കവർ അദ്ദേഹത്തെ വിട്ടുകൊടുത്തില്ല. അദ്ദേഹം പറഞ്ഞതും അദ്ദേഹത്തെ പോലുള്ളവർ പറഞ്ഞതും അദ്ദേഹം പറഞ്ഞതുപോലെ പറഞ്ഞവരും ആയ ആളുകളുടെ ഒരു കൊച്ചു സംഘമായി അവർ മാറിനിന്നു. അതിന്നു വേണ്ടി നിലകൊണ്ടു. അതിന്നായി വാദിച്ചു. അതിന്നുവേണ്ടി പൊരുതി. അതിന്നായി പ്രചാരണം നൽകി. അതിന്നപ്പുറത്തുള്ള മഹാപണ്ഡിതരുടെ വാദങ്ങളൊക്കെ ഇത്തരം പിടിവാശിയുടെ മുമ്പിൽ അവർ അവഗണിച്ചു. എന്നല്ല ചില കാര്യങ്ങളിൽ അവർ മൗദൂദി സാഹിബിനെ പോലും അവഗണിച്ചു. മുഖാവരണത്തെ കുറിച്ച് അദ്ദേഹം പറഞ്ഞത് വായനക്കാർ ഓർക്കുന്നുണ്ടാവും. നാമത് നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്. ഉത്തരേന്ത്യയിലും ബംഗ്ലാദേശ് പാക്കിസ്ഥാൻ പോലുള്ള

നാടുകളിലും ഈ കൂട്ടായ്മയിലെ വനിതകൾ നിഖാബിന്റെ കാര്യത്തിൽ ഏറെക്കുറെ മൗദൂദി സാഹിബിന്റെ നിലപാടുകളോട് നീതി പുലർത്തിയെങ്കിൽ ദക്ഷിണേന്ത്യയിലും ശ്രീലങ്കയിലുമൊക്കെയുള്ളവർ ആ വിഷയത്തിൽ അദ്ദേഹത്തെ തീർത്തും അവഗണിച്ചു. കേരളത്തിലുള്ളവർ തങ്ങളുടെ സ്ത്രീകളെ ചാനലുകൾ വഴി "ലൈവാ"യി ലോകത്തങ്ങോളമിങ്ങോളമുള്ള മലയാളികളായ അന്യപുരുഷന്മാർക്ക് അവരുടെ റൂമിന്നകത്തിരുന്നു കാണാനുള്ള സൗകര്യം ചെയ്തുകൊടുത്തു. ആദരണീയനായ ഒരു നേതാവിന്റെ നിർബന്ധപൂർവ്വമായ ഒരാശയത്തെ ചില അനുയായികൾ അങ്ങിനെ നിർദ്ദയം അവഗണിച്ചു. ഷൈഖ് ഹസനുൽ ബന്നയുടെ കാര്യത്തിലെന്നപോലെ ആശയബലത്തിന്റെ വിചിത്രമായ മറ്റൊരു പരിണതി! ചില നിലപാടുകൾക്കെതിരെ ഉന്നത സ്ഥാനീയരായ മറ്റു പണ്ഡിതന്മാരുടെ ബലപ്പെട്ട തെളിവുകൾ പറഞ്ഞു കേൾപ്പിക്കുമ്പോൾ മൗദൂദി സാഹിബ് അങ്ങിനെ പറഞ്ഞു, യൂസുഫുൽ ഖർദാവി ഇങ്ങിനെ പറഞ്ഞു എന്ന നിർബന്ധമായ അനുധാവനം നമ്മുടെ ഈ സഹോദരന്മാർ പാലിക്കാറുണ്ടോ എന്ന് നാം ഓർക്കണം. മൗദൂദി സാഹിബിന്നോ ഷൈഖ് ഖർദാവിയ്ക്കോ തങ്ങളുടെ നിരീക്ഷണത്തിൽ തെറ്റുപറ്റിയതായാൽ പോലും അവർക്കു വേണ്ടി ശക്തിയുക്തം വാദിച്ചെന്നിരിക്കും. എന്നിട്ടുമെന്തേ മൗദൂദിസാഹിബ് ഗൗരവപൂർവ്വം നിലകൊണ്ട ഒരാശയത്തെ ഇവർ അവഗണിച്ചുവെന്ന് അതിശയിച്ചുപോകുന്നു!

## ഷൈഖ് സ്വഫിയ്യുർറഹ്മാൻ മുബാറക് പൂരി

ഷൈഖ് സ്വഫിയ്യുർറഹ്മാൻ മുബാറക് പൂരി - ഇന്ത്യ (മരണം ഹി. 1426/2006). ഇദ്ദേഹമാണ് ഈ വിനീതൻ പറയാനുദ്ദേശിച്ച മൂന്നാമത്തെ ആൾ. ഈ നൂറ്റാണ്ടിൽ വിടപറഞ്ഞുപോയ ഉജ്ജ്വല പണ്ഡിതൻ. الرحيق المختومഎന്ന പ്രവാചക ചരിത്രമെഴുതി ആ ഒരൊറ്റ പരിശ്രമത്തെ വിശ്വോത്തരഗ്രന്ഥമാക്കി ലോകത്തിനു സമർപ്പിച്ച ഇന്ത്യാക്കാരൻ! സ്ത്രീയുടെ മുഖം തുറന്നിടുന്നത് വിരോധമില്ലെന്ന വാദക്കാർക്ക് അദ്ദേഹം ഇങ്ങിനെ മറുപടി പറയുന്നു.

وهذه الحكمة المقصودة بالحجاب تقتضي أن يعم حكم الحجاب جميع أعضاء المرأة؛ ولا سيما وجهها الذي هو أصل الزينة والجمال "... (الشيخ صفي الرحمن المباركفوري /"إبراز الحق والصواب في مسألة السفور والحجاب"-10)

"സ്ത്രീയുടെ മുഴുവൻ അവയവങ്ങളെയും പർദ്ദയുടെ വിധി

ബാധകമാക്കുക എന്നതാണ് പൊതുവിൽ ഈ പർദ്ദകൊണ്ടുദ്ദേശിച്ച യുക്തി. സൗന്ദര്യത്തിന്റെയും അലങ്കാരത്തിന്റെയും അടിസ്ഥാനമായ അവളുടെ മുഖത്തെ വിശേഷിച്ചും..."

# സദാചാരത്തിന്റെ ഘാതകർ

ഏതൊരു കർമ്മത്തിന്നും ഒരാരംഭമുണ്ടാവുമല്ലോ... ഏതൊരനാചാരത്തിന്നും! കുഴപ്പം ഭയക്കുന്നവരുടെയും അതല്ലാത്ത ഭൂരിപക്ഷത്തിന്റെയും വിധികളിലൂടെ പതിമൂന്ന് നൂറ്റാണ്ടുകൾ നാം സഞ്ചരിച്ചു. അറുപതോളം ഖുർആൻ വ്യാഖ്യാതാക്കൾ ഉൾപ്പെട്ട ഒരു മഹാസംഘത്തിന്റെ നിലപാടുകളും പരിശോധനാ വിധേയമാക്കി. എല്ലാം ശോഭനമായ അഭിമാന പുളകങ്ങളുടെ നാളുകൾ. എന്നാൽ ഹിജ്റ പതിനാലാം നൂറ്റാണ്ട് - ഇംഗ്ലീഷ് വർഷത്തിലേക്ക് മാറ്റിപ്പറഞ്ഞാൽ; അതായിരിക്കും വായനക്കാർക്കെളുപ്പം - ഇരുപതാം നൂറ്റാണ്ട്; മുസ്ലിം ലോകത്തിന് ഇരുൾ നൽകി ഭയചകിതമാക്കിയ കാലഘട്ടമായിരുന്നു അത്. അന്ന്, റസൂൽ ﷺ യുടെ കാലത്ത്, ബനൂ ഖൈനുഖാഇലെ ജൂത തട്ടാൻ, ആ സ്വഹാബി വനിതയോട് മുഖാവരണം ഉയർത്താൻ ആവശ്യപ്പെട്ടപ്പോൾ ആ സംഭവം ആ ഗോത്രത്തെ മുഴുവൻ നാടുകടത്തുന്നതിൽ കലാശിച്ച പ്രതികാരജ്വാലയായി മാറിയെങ്കിൽ, പതിനാലു നൂറ്റാണ്ടുകൾക്കിപ്പുറം 1919 മാർച്ചിലെ ഒരു കറുത്ത ദിനം. ഈജിപ്ഷ്യൻ ഡെലിഗേഷൻ പാർട്ടിയുടെ തലവൻ സഅദ് സഗ്ലൂൽ ( سعد زغلول ), തന്നെ സ്വീകരിക്കാൻ വിമാനത്താവളത്തിലെത്തിയ ഈജിപ്ഷ്യൻ വനിതായൂണിയൻ അദ്ധ്യക്ഷ നൂറുൽ ഹുദാ മുഹമ്മദ് സുൽത്താൻ പാഷയോട് അവരുടെ മുഖാവരണം ഉയർത്താൻ പറഞ്ഞു! നിസ്സങ്കോചം അവരത് ഉയർത്തുക മാത്രമല്ല, അവർക്കു പിന്നിൽ സന്നിഹിതരായ നൂറുകണക്കിനു സ്ത്രീകൾ അത് പിൻപറ്റുകയും ചെയ്തു! ഇസ്ലാമിക വനിത നൂറ്റാണ്ടുകൾ പാലിച്ച നന്മയുടെ ആവരണമാണ് അന്നവിടെ എടുത്തു മാറ്റപ്പെട്ടത്. അല്ലാഹുവിൽ ശരണം!

മുസ്ലിം സമൂഹമേ! ഈ രണ്ടു പേരുകൾ പ്രത്യേകിച്ചും

നിങ്ങൾ ഓർത്തുവെക്കുക. ലോക മുസ്‌ലിം വനിതകൾക്ക് മോശപ്പെട്ട ഒരു പാരമ്പര്യം പകർത്തു കൊടുത്ത ആദ്യ രണ്ടുപേർ! ഇതിൽ നൂറുൽ ഹുദാ, മുഖാവരണം നീക്കിയ ആദ്യത്തെ വനിത എന്ന നിലയിൽ മാത്രമല്ല ഒട്ടനവധി മറ്റു തിന്മകളുടെയും “ആദ്യ” ആൾ എന്ന നിലയിലും കുപ്രസിദ്ധയാണ്. നാമത് സന്ദർഭംപോലെ പരാമർശവിധേയമാക്കുന്നുണ്ട്. ഇൻഷാ അല്ലാഹ്!

ബ്രിട്ടീഷുകാർക്കെതിരെ 1919ൽ പൊട്ടിപ്പുറപ്പെട്ട ഈജിപ്ഷ്യൻ സ്വാതന്ത്ര്യ പോരാട്ടത്തിന്റെ ഭാഗമെന്ന നിലക്കാണ് ഇത് ആദ്യം രൂപം കൊണ്ടത്. പാശ്ചാത്യ മാധ്യമങ്ങളും നേതാക്കളും ഈജിപ്തിലെ തന്നെ ചില മുസ്‌ലിം നാമധാരികളായ മതേതരവാദികളും ഈയൊരു ലക്ഷ്യത്തിലേക്കുള്ള ഭൂമിക വർഷങ്ങൾക്കു മുമ്പുതന്നെ ഒരുക്കിത്തുടങ്ങിയിരുന്നു. എല്ലാ തരത്തിൽപെട്ട സ്വാതന്ത്ര്യവും അവർ നിനവുകൊണ്ടു. സ്ത്രീയുടെ മുഖാവരണം സ്ത്രീയുടെ അസ്വാതന്ത്ര്യത്തിന്റെ നിത്യചിഹ്നമായി അവർ കരുതി, അതെടുത്തു മാറ്റാൻ നേർക്കുനേർ പറയാൻ അവർ പ്രയാസപ്പെട്ടു. ഒരു തിന്മ സാധിതമാക്കാൻ നീണ്ടകാലത്തെ പൈശാചിക പരിശ്രമങ്ങളുണ്ടാവും. മനുഷ്യചരിത്രം വായന ചെയ്യുന്നവർക്കത് മനസ്സിലാവും. ഒരു തിന്മ ചെയ്യാൻ പിശാച് പെട്ടെന്നൊരിക്കലും പ്രേരിപ്പിക്കുകയില്ല. പകരം, ഇഷ്ടപ്പെട്ട, എല്ലാവർക്കും ഇഷ്ടമായേക്കാവുന്ന, നല്ലൊരു കാര്യം എന്ന് ഏവർക്കും തോന്നിയേക്കുന്ന ഒരു വിതാനത്തിലേക്ക് പടിപടിയായി അത് കൊണ്ടുവരികയാണ് ആദ്യം ചെയ്യുക. ബിംബാരാധന മുതൽ സംഗീതവും പലിശയും വരെയുള്ള സകല മഹാപാപങ്ങളും ചെറുപാപങ്ങളും ഭൂമിയിൽ ഉടലെടുത്തത് അപ്രകാരം തന്നെയാണ്. പതിനാലു നൂറ്റാണ്ടുകാലത്തെ പരിശ്രമത്തിന്റെ പരിസമാപ്തി ഈജിപ്തിലെ സ്ത്രീയിലൂടെ പിശാച് സാധിപ്പിച്ചതെങ്ങിനെയെന്ന് നമുക്ക് നോക്കാം...

# വനിതാ സംഘടന

സ്ത്രീ സ്വാതന്ത്ര്യത്തിനെന്ന പേരിൽ "വനിതാ ഐക്യ വേദി"യാണ് ആദ്യമായി നിലവിൽ വന്നത്. സ്ത്രീകളുടെ ചിന്തകളും വീക്ഷണങ്ങളും ചർച്ച ചെയ്യാനൊരു വേദി എന്ന, പ്രത്യക്ഷത്തിൽ നിർദ്ദോഷമായിത്തോന്നാവുന്ന ഒരു സംവിധാനമായിരുന്നു ഇത്. യഥാർഥത്തിൽ, ശൈഖ് മുഹമ്മദ് അബ്ദു, എന്നൊരു "പണ്ഡി തന്റെ" ചിന്താആലയിൽ നിന്നും തെറിച്ചുവീണ ഒരു തീപ്പൊരിയുടെ ക്രമാനുഗത വളർച്ചയായിരുന്നു ഇത്. ഇസ്‌ലാമിക നിയമങ്ങൾ സ്ത്രീകളുടെ കാര്യത്തിൽ തെറ്റായ രൂപത്തിലാണ് വ്യാഖ്യാ നിച്ചതെന്നും അവരുടെ സ്വന്തം നിലക്കുള്ള അവകാശങ്ങളിൽ അനാവശ്യമായ കൈകടത്തലുകളാണുണ്ടാവുന്നതെന്നുമൊക്കെ സൂചനകളുള്ള ലേഖനങ്ങൾ അദ്ദേഹത്തിന്റേതായി നിരന്തരം പ്രത്യക്ഷപ്പെട്ടു. സ്ത്രീകൾക്ക് സംഘടിത രൂപം കൈവരാൻ ഇത് പ്രേരണയായി. (പിൽക്കാലത്ത്, അഥവാ 1920 കളിൽ "സ്ത്രീ വിമോചന പ്രസ്ഥാനം"(حركة تحرير المرأة) എന്ന പേരിൽ ഈ കൂട്ടായ്മ ശ്രുതിപ്പെട്ടു).

ഒരു മതേതരപ്രസ്ഥാനം! ഈ ആദ്യകാല സ്ത്രീ കൂട്ടായ്മയെ പ്രോത്സാഹിപ്പിക്കുമാറ് "മാർക്സ് ഫഹ്മി അൽ മഹാമി" എന്ന അവരുടെ ഒരു ക്രൈസ്തവ സുഹൃത്ത് ഒരു ഗ്രന്ഥം പ്രസിദ്ധീകരി ച്ചു. المرأة في الشرق അഥവാ "സ്ത്രീ പൗരസ്ത്യദേശത്തിൽ" എന്ന ഗ്രന്ഥം, പിന്നീട് ഒരുപാട് ഭാഷകളിൽ ഇത് വിവർത്തനം ചെയ്യ പ്പെട്ടു. The Women in the Orient എന്ന പേരിൽ യൂറോപ്പിലെങ്ങും ഇതിന് പ്രചാരം കിട്ടി. മുഖാവരണം നീക്കുക (ഇതിനു മുമ്പ് മുഖം തുറന്നിട്ട് പുറത്തിറങ്ങുന്ന പ്രായപൂർത്തിയായ സ്ത്രീകളെ അമു സ്‌ലിംകളായിട്ടായിരുന്നു ഈജിപ്തുകാർ കണ്ടിരുന്നത്. അപ്രകാര

മായിരുന്നു അമുസ്ലിം സ്ത്രീകളെ അവർ മുസ്ലിം സ്ത്രീകൾക്കിടയിൽ നിന്നും തിരിച്ചറിഞ്ഞിരുന്നത്). പർദ്ദ നീക്കം ചെയ്യുക, സ്ത്രീ പുരുഷ സംഗമം അനുവദിക്കുക, ത്വലാഖ് നിയന്ത്രിക്കുക, ഒന്നിൽ കൂടുതൽ ഭാര്യമാരെ സ്വീകരിക്കുന്നത് തടയുക. മുസ്ലിം സ്ത്രീകളും ക്രിസ്തീയ പുരുഷന്മാരും തമ്മിലെ വിവാഹബന്ധം അനുവദനീയമാക്കുക തുടങ്ങിയ സന്ദേശങ്ങളായിരുന്നു ആ പുസ്തകം നൽകിയിരുന്നത്.

ഇതിന്റെ ചുവടുപിടിച്ച് 1899ൽ ഖാസിം അമീൻ ഒരു ഗ്രന്ഥം രചിച്ചു. ഈ വിഷയത്തിൽ ആദ്യം രചിക്കപ്പെട്ട ഗ്രന്ഥം, “സ്ത്രീ വിമോചനം” അതായിരുന്നു അതിന്റെ പേര്. യൂറോപ്യൻ വസ്ത്രധാരണ രീതിയിലേക്ക് മുസ്ലിം സ്ത്രീയെ ക്ഷണിക്കുന്ന ഫിത്നയുടെ ആദ്യ ഗ്രന്ഥം. മുഹമ്മദ് അബ്ദു എന്ന “പണ്ഡിതനും” സഅദ് സഗ്ലൂൽ എന്ന മതേതരവാദിയും അഹ്മദ് ലുത്ഫി എന്ന യൂണിവേഴ്സിറ്റി പ്രഫസറും ഈ ഗ്രന്ഥത്തെ നന്നായി പ്രോത്സാഹിപ്പിച്ചു. പണ്ഡിതന്റെയും അധ്യാപകന്റെയും രാഷ്ട്രീയക്കാരന്റെയും അസാധാരണമായ ഒരു കൂട്ടായ്മ! ഒരു ജനതയുടെ ഗതി തിരിച്ചുവിട്ട വഴികേടിന്റെ സംഗമം! ആ പണ്ഡിതൻ മുഹമ്മദ് അബ്ദു ഇത്രവരെ പറഞ്ഞു: “നിലവിലെ - മുഖപടത്തോടെയുള്ള - സ്ത്രീയുടെ പർദ്ദ ഇസ്ലാമിൽ പെട്ടതല്ല. മുഖം തുറന്നിട്ട് നടന്നുവെന്ന് വെച്ച് ദീനിൽ നിന്ന് പുറത്തുപോവുന്നതുമല്ല.” യൂനിവേഴ്സിറ്റി മേധാവിയായ പ്രഫസർ അഹ്മദ് ലുത്ഫിയാകട്ടെ വിദ്യാർഥികളെ മാത്രം പ്രവേശിപ്പിച്ചിരുന്ന യൂനിവേഴ്സിറ്റിയിൽ വിദ്യാർഥിനികൾക്കും പ്രവേശനം നൽകി. മുഖം തുറന്നിട്ട അവസ്ഥയിൽ തന്നെ. ഈജിപ്തിന്റെ ചരിത്രത്തിലെ ആദ്യ സംഭവമായിരുന്നു ഇവ രണ്ടും. സ്ത്രീയും പുരുഷനും ഇടകലർന്നുള്ള വിദ്യാഭ്യാസം.

ഖാസിം അമീനിന്റെ രണ്ടാമത്തെ പുസ്തകവും ഇതിനിടയിൽ പുറത്തിറങ്ങി, 1900ൽ المرأة الجديدة അഥവാ “പുതിയ വനിത” എന്നായിരുന്നു പ്രസ്തുത ഗ്രന്ഥത്തിന്റെ പേര്. മുൻവർഷം ഇറക്കിയ പുസ്തകത്തിലെ ആശയങ്ങളുടെ ആഴത്തിലും വിശാലവുമായ ഒരു ചർച്ചയായിരുന്നു അത്.

# മാധ്യമ ഭൂതങ്ങൾ

സെക്കുലറിസ്റ്റുകളുടെ കൂട്ടായ്മയും പരിശ്രമങ്ങളും ശക്തിപ്പെട്ടു കൊണ്ടേയിരുന്നു. 1914ൽ ഒന്നാം ലോക മഹായുദ്ധത്തോടനുബന്ധമായി അവർ ഒരു വനിതാ മാസികയും ഈജിപ്തിൽ പുറത്തിറക്കി. مجلة السفور ഈ വിഷയത്തിലെ ആദ്യത്തെ ഗ്രന്ഥം. പേര് പോലെത്തന്നെ മുഖം തുറന്നിട്ടു നടക്കാൻ മുസ്‌ലിം സ്ത്രീകളെ പ്രേരിപ്പിച്ച ഈ മാസിക പോലെ ഭീതിതമായ മറ്റൊരു സംഭവവും ചരിത്രത്തിൽ നമുക്ക് കണ്ടെത്താനാവില്ല. ഇസ്‌ലാമിക സന്ദേശങ്ങൾക്കുനേരെ ഭ്രാന്തമായ പോരാട്ടങ്ങളാണ് ഇതിന്റെ ലേഖകർ നിർവ്വഹിച്ചത്. മുഖം തുറന്നിടാനും മുഖാവരണം ഉന്മൂലനം ചെയ്യാനും അത് പ്രേരിപ്പിച്ചു കൊണ്ടിരുന്നു. അല്പ വസ്ത്രധാരികളായ സ്ത്രീകളുടെ ചിത്രങ്ങൾ ഇതിലൂടെ പ്രസിദ്ധീകരിച്ചു. “സ്ത്രീ, പുരുഷന്റെ പങ്കാളി” എന്ന തലക്കെട്ടിൽ സ്ത്രീയും പുരുഷനും ചേർന്നുള്ള ചർച്ചകൾ നിരന്തരം വന്നു. പുരുഷനോടൊപ്പം കൂടിച്ചേർന്ന് പ്രവർത്തിക്കാനും എല്ലാ അവസ്ഥയിലും - കുടുംബത്തിലും സമൂഹത്തിലും - തുല്യപങ്കാളിയായി അവളുണ്ടാവണമെന്നും ഈ ചർച്ചകളിൽ വാദങ്ങളുണ്ടായി. ഫാഷൻ വസ്ത്രങ്ങളുടെ പരസ്യങ്ങളും അതണിഞ്ഞ സ്ത്രീകളുടെ ചിത്രങ്ങളും അത്തരം വേഷവിധാനങ്ങളോട് ആഭിമുഖ്യമുണ്ടാക്കി. സ്ത്രീകൾക്ക് മാത്രമുള്ളതും സ്ത്രീ പുരുഷന്മാർക്ക് പൊതുവിലുള്ളതുമായ നീന്തൽകുളങ്ങളും വിനോദശാലകളും കഫേകളുമൊക്കെ സന്ദർശിച്ച് അവിടെയുള്ള അല്പ വസ്ത്രധാരികളായ സ്ത്രീപുരുഷന്മാരുടെ അഭിമുഖം തയ്യാറാക്കുകയും സചിത്രമായി ഈ മാസികയിൽ തുടരെ പ്രസിദ്ധീകരിക്കുകയും ചെയ്തു. അസാന്മാർഗ്ഗിക സംഭവങ്ങൾ പച്ചയായി തന്നെ വാർത്തയാക്കി. അതും ഒരു തന്ത്രമായിരുന്നു! സുന്ദരികളായ നടികളുടെ, ഗായികമാരുടെ, കലാ

കാരികളുടെ ഉന്മാദവേദിയായി ഇതിന്റെ താളുകൾ മാറി. കൊല്ലങ്ങളായി സൂക്ഷിച്ച പർദ്ദയുടെ പ്രകാശം ഈജിപ്തിന്റെ ആകാശത്തിൽ മങ്ങിമങ്ങിയങ്ങിനെ ഇല്ലാതായി. സ്ത്രീയുടെ മുഖദർശനം പൊതുജനത്തിന് സാധ്യമാവുന്ന ഒരന്തരീക്ഷത്തിന്ന് അവരുടെ ഭൂമി പാകമായി വന്നു. ഇസ്ലാമിന്റെ ചരിത്രത്തിൽ ആയിരത്തിലേറെ വർഷം മുസ്ലിം ലോകത്തിന്ന് പൊതുവിലും ഈജിപ്തുകാർക്ക് വിശേഷിച്ചും അജ്ഞാതമായിരുന്ന മുസ്ലിം സ്ത്രീയുടെ മുഖം പലഭാഗത്തു നിന്നുമുള്ള നിരന്തരമായ പൈശാചിക പോരാട്ടത്തിന്റെ പരിണാമമായി അന്യപുരുഷന്മാർക്ക് പൊതുവെ അനുഭവവേദ്യമാവാനുള്ള സമയമടുത്തു.

# അനാച്ഛാദനം

1919-ലെ മാർച്ച് മാസം ഈജിപ്ഷ്യൻ ഡെലിഗേഷൻ പാർട്ടി തലവൻ സഅദ് സഗ്‌ലൂൽ ബ്രിട്ടണിൽ നിന്ന് വരികയാണ്. അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിക്കാൻ പരിസരത്ത് രണ്ടു വലിയ തമ്പുകളൊരുങ്ങി. ഒന്ന് പുരുഷന്മാർക്കും മറ്റൊന്ന് സ്ത്രീകൾക്കും. അദ്ദേഹം വിമാനമിറങ്ങി പുരുഷന്മാരുടേതിനു പകരം നേരെ സ്ത്രീകളുടെ തമ്പ് ലക്ഷ്യമാക്കി വന്നു. അവിടം സ്ത്രീകളെക്കൊണ്ട് നിറഞ്ഞു കവിഞ്ഞിരുന്നു. അവരുടെ നേതാവായി നൂറുൽ ഹുദാ മുഹമ്മദ് സുൽത്താൻ അദ്ദേഹത്തെ സ്വീകരിക്കാൻ പരസ്യമായി മുന്നോട്ട് വന്നു. തന്റെ നിഖാബുയർത്തൽ അദ്ദേഹത്തെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കാൻ! നൂറുൽ ഹുദയടക്കം എല്ലാ സ്ത്രീകളും നിഖാബ് ധരിച്ചവരായിരുന്നു. എന്നാൽ “നൂറുൽ ഹുദ” (സന്മാർഗ്ഗത്തിന്റെ വെളിച്ചം!) ഇതാ ആദ്യമായി അണയാൻ പോകുന്നു. അദ്ദേഹം അവരുടെ മുഖാവരണത്തിനു നേരെ കൈനീട്ടി. നൂറ്റാണ്ടുകൾ പരിപാലിച്ച വിശുദ്ധിയുടെ ആ മൂടുപടം അദ്ദേഹം അവരുടെ മുഖത്തുനിന്നും മാറ്റി. കണ്ടുനിന്ന സ്ത്രീകളൊന്നടങ്കം അവരവരുടെ നിഖാബുകൾ ഉയർത്തിമാറ്റി അവരെ അനുകരിച്ചു! അന്നു മദീനയിലെ ആ ജൂതൻ എടുത്തുമാറ്റാൻ ശ്രമിച്ചത് നൂറ്റാണ്ടുകൾക്കിപ്പുറം ഒരു സഅദ് എടുത്തുമാറ്റി. نعوذ بالله.കണ്ടുനിന്നവർ ആഹ്ലാദാരവങ്ങൾ മുഴക്കി. അദ്ദേഹം പറഞ്ഞു: “സ്ത്രീ, അവൾ വിപ്ലവത്തിലേക്ക് പുറപ്പെട്ടത് പർദ്ദയണിഞ്ഞാണ്. ഇന്നത് എടുത്തുമാറ്റേണ്ടത് അവളുടെ അവകാശമാണ്.” ഈജിപ്തിന്റെ ദേശീയപുരുഷൻ എന്ന് പിന്നീടറിയപ്പെട്ട വ്യക്തിയുടെ ആഹ്ലാദപദങ്ങൾ!

ലോകം നൂറുൽ ഹുദയെ, ഹുദാ ഷഅ്റാവിയായി അറിയാൻ തുടങ്ങി. നാഷണൽ പാർട്ടി പ്രതിനിധി അലി ഷഅ്റാവിയെ അവരുടെ പതിമൂന്നാം വയസ്സിലാണവർ വിവാഹം ചെയ്തത്. ഇസ്‌ലാ

മിന്റെ സന്ദേശത്തിനും പാരമ്പര്യത്തിനും വിരുദ്ധമായി യൂറോപ്യൻ മാതൃകയിൽ ഭർത്താവിന്റെ പേരു ചേർത്ത് വിളിക്കപ്പെട്ട ആദ്യ മുസ്‌ലിം വനിതയായി അവർ അറിയാൻ തുടങ്ങി. എല്ലാ നാട്ടിലേയുമെന്നപോലെ നമ്മുടെ കേരളത്തിലെയും ചില മുസ്‌ലിം വനിതകളുടെ ആദ്യ മാതൃക! അല്ലാഹു കൽപ്പിച്ചു:

ٱدۡعُوهُمۡ لِءَابَآئِهِمۡ هُوَ أَقۡسَطُ عِندَ ٱللَّهِۚ.....﴿٥﴾

‘നിങ്ങൾ അവരെ അവരുടെ പിതാക്കളിലേക്ക് ചേർത്ത് വിളിക്കുക. അതാണ് അല്ലാഹുവിങ്കൽ ഏറ്റവും നീതിയുക്തമായിട്ടുള്ളത്.’ (33: 5)

ഇതാണ് ശുദ്ധമായ രീതി. പാശ്ചാത്യർ അവരുടെ ഈ രീതികൊണ്ട് ഒട്ടനവധി ജാരസന്താനങ്ങൾക്ക് മേൽവിലാസമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇസ്‌ലാമാവട്ടെ അതിന്നുള്ള സാധ്യതകൾ ഇല്ലാതാക്കുകയാണ് ഇത് വഴിയും ചെയ്തത്. തങ്ങളുടെ പിതാക്കളെയും പ്രപിതാക്കളെയുമൊക്കെ തലമുറകളിലേക്ക് കയറ്റിപ്പറയുന്ന വേരുറച്ച ഒരു സംവിധാനമാണത് സമർപ്പിച്ചത്.

നമുക്ക് തിരിച്ചുവരാം, അടുത്തദിവസം 1919 മാർച്ച് 20. ഹുദാ ഷഅ്റാവിയുടെയും സ്വഫിയ്യാ സഗ്‌ലൂലിന്റെയും നേതൃത്വത്തിൽ നിഖാബണിഞ്ഞ ഒരു വലിയ പെൺപട കൈറോ പട്ടണത്തിൽ നിന്നൊരല്പം വടക്കുമാറി ഇസ്മാഈലിയ്യ എന്ന പ്രദേശത്തുള്ള കിനാന മൈതാനിയിലേക്ക് മാർച്ച് ചെയ്തു. സ്ത്രീയുടെ “അസ്വാതന്ത്ര്യത്തിൽ” നിന്നും “സ്വാതന്ത്ര്യ”ത്തിലേക്കുള്ള പുറപ്പാട്. ബ്രിട്ടീഷുകാർക്കെതിരെ ദേശവിമോചന പോരാട്ടത്തിൽ ഞങ്ങളും പങ്കാളികളാണ് എന്ന ധ്വനിയോടെ. തങ്ങൾക്കും എല്ലാതരം അടിച്ചമർത്തലിൽ നിന്നും മോചനം വേണം എന്ന ധാർഷ്ഠ്യത്തോടെ, അവരാ മൈതാനിയിൽ ഒരുമിച്ചു കൂടി. തുടർന്നു, ബ്രിട്ടീഷ് പട്ടാളത്തിന്റെ ബാരിക്കേഡുകൾക്കുനേരെ അവർ ഇരച്ചു ചെന്നു. അധിനിവേശത്തിന്നെതിരെ അവർ ആക്രോശിച്ചു. പിന്നെ മൈതാനിയിലേക്കു തന്നെ തിരിച്ചു വന്നു. യാതൊരു മുഖവുരയും കൂടാതെ തന്നെ അവർ തങ്ങളുടെ നിഖാബുകളഴിച്ചു നിലത്തിട്ടു. സ്വഫിയ്യ സഗ്‌ലൂൽ صفية زغلول ഇവർ സഅ്ദ് സഗ്‌ലൂലിന്റെ പത്നി! പാശ്ചാത്യരീതിയിൽ ഭർത്താവിന്റെ പേര് സ്വന്തം പേരിനു വാലാക്കിയ രണ്ടാമത്തെ വനിതാ നേതാവ്. സ്വഫിയ്യഃ ബിൻത് മുസ്ത്വഫാ ഫഹ്മി എന്നായിരുന്നു

അവരുടെ യഥാർഥനാമം. ഊരി താഴെയിട്ട നിഖാബിനെ ഇവർ തന്റെ ചെരിപ്പുകൊണ്ട് ചവിട്ടിത്തേച്ചു! കണ്ടുനിന്ന സ്ത്രീകളൊന്ന ടങ്കം അത് അനുകരിച്ചു! ജനങ്ങളത് നോക്കിനിന്നു! പിന്നെ അവരാ നിഖാബുകളൊന്നടങ്കം ഒരുമിച്ചുകൂട്ടി പെട്രോളൊഴിച്ചു തീയിട്ടു! തങ്ങൾ അടിമത്വത്തിൽ നിന്നും സ്വതന്ത്രരായി എന്നവർ ആക്രോശിച്ചു! അവർ തങ്ങളുടെ നിഖാബുകൾ ഊരിയെറിഞ്ഞു തീയിട്ട് ചാരമാക്കിയ കിനാനഃ മൈതാനം ആ സംഭവത്തിന് ശേഷം ميدان التحرير -സ്വാതന്ത്ര്യത്തിന്റെ മൈതാനം - എന്ന പേ രിൽ അറിയപ്പെട്ടു. (2012ലെ മുല്ലപ്പൂ വിപ്ലവം നടന്നത് ഈ മൈതാ നിയിലാണ്). സ്വഫിയ്യയാവട്ടെ ഈജിപ്തിന്റെ മാതാവ് എന്നും.

ഈജിപ്തിലെയും പിന്നീട് ലോകത്തെല്ലായിടത്തുമുള്ള നിഖാ ബണിയാത്ത മുഴുവൻ സ്ത്രീകളുടെയും മാതാവായി ലോകം അവരെ അപഹസിച്ചു. നിഖാബിനെ ഇത്രമാത്രം നിന്ദിച്ച ഒരു സ്ത്രീ മുസ്‌ലിം സ്ത്രീകളുടെ ചരിത്രത്തിൽ നമുക്ക് കാണാനാവില്ല.

ഈജിപ്തിന്റെ തെരുവീഥികളിൽ മുഖം തുറന്നിട്ട് സഞ്ചരി ക്കുന്ന സ്ത്രീകൾ വർദ്ധിച്ചുവന്നു. നിഖാബിനെതിരെ കുഴപ്പക്കാർ എല്ലാ വഴിക്കും പോരാടി. ഇതിന്നെതിരെ ശബ്ദിക്കാൻ ചില പ ണ്ഡിതന്മാർ അവിടെ ഇല്ലാതെ ഇല്ല. ഷൈഖ് മുസ്ത്വഫാ സ്വബ്‌രി യെപ്പോലുള്ളവർ അതിന്നെതിരെ നിലകൊണ്ടെങ്കിലും എല്ലാം ദുർബലം മാത്രം. ഇത്തരം തിന്മകളിൽ നിന്നും അവരെ തിരിച്ചു കൊണ്ടുവരേണ്ട സമുദ്ധാരകരായ പണ്ഡിതന്മാരുടെ നാവും തൂലി കയും ബലഹീനങ്ങളായിരുന്നു. അവരുടെ മൗനം തിന്മയുടെ വ്യാപനത്തിനു വളമേകി. ആരെങ്കിലും ഇതിന്നെതിരിൽ സംസാ രിച്ചുവെന്നു വന്നാൽ അവരുടെ വായകളടപ്പിച്ചു. അവർ വല്ലതും എഴുതിയാൽ തന്നെ അത് വെളിച്ചം കണ്ടില്ല.

ഷൈഖ് മുസ്ത്വഫ തന്നെ പറഞ്ഞു: "എന്നെപ്പോലുള്ള മതപ ണ്ഡിതന്മാർ ഈ അപകടം വന്നു ഭവിക്കുമ്പോൾ മൗനമവലംബിച്ചു. സഅ്ദിനോടുള്ള (സഅ്ദ് സഗ്‌ലൂൽ) ആദരവിന്റെ പേരിൽ! ഈജിപ്തി ലെ പണ്ഡിതരുടെ പതിവുപോലെ വളരെ കുറച്ചുപേർ മാത്രമേ അതിനെ വിമർശിച്ചുള്ളൂ. എന്നാൽ തിന്മ തടയുക എന്നത് ദേഹേ ച്ഛയോടൊത്തുള്ള സമരം കൊണ്ടല്ല......" എന്നിങ്ങനെ.

ഇത്തരം വനരോദനങ്ങൾ കൊണ്ടെന്തു ഫലം! ഈജിപ്തും

അയൽരാജ്യങ്ങളും, മുസ്‌ലിം നാമധാരികളും മതേതര ചിന്തവെച്ചു പുലർത്തുന്നവരുമായ ഭരണാധികാരികളും ഈ സംഭവം ഏറ്റുപിടിച്ചു. പാശ്ചാത്യർ ഇത് നന്നായാഘോഷിച്ചു. മാസങ്ങൾ കൊണ്ടുതന്നെ തീജ്വാല കണക്കെ അത് ആളിപ്പടർന്നു. അവർ നിഖാബിന്നെതിരിൽ നിയമങ്ങൾ തന്നെ കൊണ്ടുവന്നു.

# അതിർത്തികൾ ഉരിയുന്നു; 'ആദ്യ'ങ്ങൾ പെരുകുന്നു

1920-ൽ തുർക്കിയിൽ അത്താ തുർക്ക് എന്ന യുക്തിവാദി യാണ് ഈജിപ്തിനു പുറത്ത് പർദ്ദക്കെതിരെ ആദ്യമായി നിയമം കൊണ്ടുവന്നത്. അതിന്റെ ചുവടുപിടിച്ച് 1926ൽ ഇറാനിൽ റിസാ പഹ്‌ലവിയും തുടർന്ന് അഫ്ഘാനിസ്ഥാനിൽ മുഹമ്മദ് അമാനും അൽബേനിയയിൽ മുഹമ്മദ് സോഗോയും തുനീഷ്യയിൽ അബൂ റഖീബയും ഇപ്രകാരം നിയമങ്ങൾ ചമച്ചു. അബൂ റഖീബ അതു മാത്രമല്ല ചെയ്തത് ഒന്നിൽ കൂടുതൽ വിവാഹം കഴിക്കുന്നവർക്ക് പിഴയും ചുമത്തി. തുടർന്ന് ഇറാഖിലും സോമാലിയയിലും അൾജീ രിയയിലും പർദ്ദക്കെതിരെ നിയമങ്ങൾ വന്നു. അൾജീരിയയിൽ യുവതികൾ കൂട്ടത്തോടെ തെരുവിലിറങ്ങുകയും ഉച്ചഭാഷിണി ഉപ യോഗിച്ചു പർദ്ദ ഊരിയെറിയാൻ ആക്രോശിക്കുകയും ചെയ്തു. പ്രകടനക്കാരായ ആ സ്ത്രീകളൊന്നടങ്കം അവരുടെ പർദ്ദകൾ ഊരിയെറിഞ്ഞു!

എല്ലാറ്റിനും തുടക്കം ഈജിപ്ത് ആയിപ്പോയതിൽ നാം ദുഃഖി ക്കുന്നു. ഇസ്‌ലാമിക സംസ്കാരത്തിന്റെ ഈറ്റില്ലമായി വർത്തിച്ച നാട്! ഒട്ടനവധി പ്രവാചകൻമാരുടെ ശബ്ദവും ചൂരും സ്പന്ദന ങ്ങളും കൊണ്ട് അനുഗഹീതമായ ഭൂമി, ഭാഷക്കും കലക്കും സാഹിത്യത്തിനും ഒട്ടേറെ സംഭാവനകൾ നൽകിയ രാജ്യം! അവ രുടെ ചിന്തകളെ അതിശയപൂർവ്വം വീക്ഷിക്കുന്ന മതപ്രബോധകന്മാർ നമ്മുടെ മലയാളത്തിൽ പോലും ധാരാളമുണ്ട്.

ഈജിപ്തുകാരുടെ വഴിവിട്ട ചിന്തകളാണ് അവരെ അപകട പ്പെടുത്തിയത്. ഇസ്‌ലാമിന്റെ വേരുകളിൽ - ഖുർആനിലും സുന്ന ത്തിലും - പിടുത്തം വെയ്ക്കാത്ത ചിന്തകളായിരുന്നു അവയേറെയും. ഈജിപ്തിന്റെ നഗരപ്രാന്തങ്ങളിലൂടെ, ഗ്രാമജീവിതത്തിലൂടെ

സഞ്ചരിച്ചാൽ നമ്മുടെ നാട്ടിലും ഈയിടെ സ്പർശിക്കാൻ വിഫലശ്രമം നടത്തിയ ദസൂഖി ത്വരീഖത്തു പോലെ ഒട്ടനവധി ത്വരീഖത്തുകളും അവരുടെ മുരീദുകളും ദൃശ്യമാവും. കാടു കയറിയ ചിന്തകളുടെയും മതാധ്യാപനങ്ങളിലെ ദുർവ്യാഖ്യാനങ്ങളുടെയും സമാഹാരങ്ങളായിരിക്കും അവ. മതചിട്ടയോടെ ഒതുങ്ങിക്കഴിഞ്ഞ സഹോദരിമാരുടെ പർദ്ദയും നിഖാബുമൊക്കെ വലിച്ചെറിയിപ്പിച്ചു കളഞ്ഞത് ഈ ചിന്തകളാണ്. സ്ത്രീ സ്വാതന്ത്ര്യം, സ്ത്രീ പുരുഷ സമത്വം എന്നിങ്ങിനെയുള്ള ചിന്തകളാണ് ഇസ്‌ലാമിന്റെ അതിർത്തിക്കപ്പുറത്തേക്ക് അവരെ സഞ്ചരിപ്പിച്ചത്.

അവരങ്ങിനെ ആദ്യമായി അന്യപുരുഷന്നു കൈ കൊടുത്തു. ആദ്യമായി പുരുഷനോടൊപ്പം വേദി പങ്കിട്ടു. ആദ്യമായി തനിച്ചു യാത്രചെയ്തു. റോമിലേക്ക് ഹുദാ ഷഅ്‌റാവിയുടെ യാത്ര അപ്രകാരമായിരുന്നു. അങ്ങിനെ പല "ആദ്യങ്ങളും" ഈ കാലഘട്ടത്തിൽ ഉടലെടുത്തു. പുരുഷന്മാർ യൂറോപ്പുകാരെ അനുകരിച്ചു താടിയും മീശയും നീക്കം ചെയ്തു. സ്വഹാബികളുടെ ചരിത്രങ്ങൾ ആധാരമാക്കി നാടകവും സിനിമയും ഉടലെടുത്തു. അതിൽ സ്ത്രീകൾ ആദ്യമായി നടിച്ചു. തുടർന്നിങ്ങോട്ടു അത് വരെ അനുവദനീയമാകാതിരുന്ന പല പുതിയതിന്റെയും പ്രവാഹം തന്നെയായിരുന്നു കണ്ടത്. പരസ്യമായ സംഗീതാലാപന സദസ്സുകളുണ്ടായി. അതിൽ സ്ത്രീകൾ പുരുഷ സദസ്സിനു മുമ്പിൽ ഗാനങ്ങളാലപിച്ചു. ഇതിനു മുമ്പ് ഇത്തരം ഒന്ന് അചിന്ത്യമായിരുന്നു!

ഇങ്ങിനെ പല രംഗത്തും ശ്രുതിപ്പെട്ട സ്ത്രീകളുടെയും പുരുഷന്മാരുടെയുമെല്ലാം പ്രതിമകൾ ഈജിപ്ഷ്യൻ കവലകളിൽ അങ്ങിങ്ങായി പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഇസ്‌ലാമിക ലോകത്തും മുസ്‌ലിംകൾ ജീവിക്കുന്ന ഭൂപ്രദേശങ്ങളിലേക്കുമൊക്കെ അർബുദം പോലെ അത്തരം പൈശാചിക പരിഷ്ക്കാരങ്ങൾ പടർന്നു. സ്ത്രീക്കും പുരുഷനോടൊത്ത പദവി എന്ന വ്യാജേന സ്ത്രീയെ ഭദ്രമായ കുടുംബാന്തരീക്ഷത്തിൽ നിന്നും പറിച്ചു പുറത്തിട്ടു. നാനാതരം ജനങ്ങളും കയറിയിറങ്ങുന്ന വിമാനത്താവളങ്ങളിൽ അവരെ ഉദ്യോഗസ്ഥകളാക്കി. ബാറുകളിൽ ബാർ മെയ്ഡുകളായും ഹോട്ടലുകളിൽ വെയിറ്റർമാരായും വിമാനങ്ങളിൽ എയർ ഹോസ്റ്റസുമാരായും അവർ വന്നു. വല്ല പിതാവോ സഹോദരനോ ഭർത്താവോ അതിന്നെതിരെ നിലകൊണ്ടാൽ സ്ത്രീ സ്വാതന്ത്ര്യത്തിൽ കൈക

ടത്തുന്നവരായി ഇകഴ്ത്തപ്പെട്ടു! അങ്ങിനെ സ്ത്രീ-പുരുഷ സംഗമത്തിന്റെയും സ്ത്രീ തനിച്ചായിപ്പോവുന്നതിന്റെയും നേരെയുള്ള മതവിലക്കുകളാവുന്ന തിരശ്ശീലകൾ ഓരോന്നായി നീക്കം ചെയ്യപ്പെട്ടു. കലാസ്വാദനത്തിന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും പേരിൽ പല തിന്മകളും നിയമമാക്കപ്പെട്ടു. വ്യഭിചാരത്തിന്നും വ്യഭിചാരശാലകൾക്കും നിയമ പരിരക്ഷ നൽകി. സംഗീതം, നൃത്തം, ആണും പെണ്ണും ചേർന്ന അഭിനയം പോലുള്ള അനിസ്‌ലാമിക കലകൾ ഇതിന്ന് ആമുഖമായോ അനുബന്ധമായോ ഉണ്ടായി. ഇസ്‌ലാമിലെ വ്യഭിചാരത്തിന്നുള്ള ശിക്ഷാവിധികൾ എടുത്തുകളഞ്ഞുള്ള നിയമങ്ങളുണ്ടാക്കി. എതിർലിംഗങ്ങൾ പരസ്പരം സമ്മതിച്ച വ്യഭിചാരങ്ങൾ കുറ്റകരമല്ലാതാക്കി.

# സ്ത്രീ; സാംസ്കാരിക കേന്ദ്രം

സ്ത്രീ, അവൾ ഭാര്യയോ സഹോദരിയോ മകളോ മാതാവോ ആരാവട്ടെ അവൾ വഴിപിഴച്ചാൽ ഒരു കുടുംബമാണ് വഴിപിഴക്കുന്നത്. അവളിലാണ് നിയന്ത്രണച്ചരടുള്ളത്. അവളാണ് ഗാർഹിക സംസ്കാരത്തിന്റെ അധിപതി. അവൾ പാളിയാൽ ആ സംസ്കൃതിയിൽ നിന്നു വികസിച്ച സമൂഹമൊന്നടങ്കമാണ് പതറുകയും ചിതറുകയും ചെയ്യുക.

ലോകത്തിലെ വിവിധ ഭാഗങ്ങളിൽ പ്രബോധനപ്രവർത്തനവുമായി സഞ്ചരിക്കാറുള്ള ഒരു സൗദി സഹോദരൻ തന്റെ ബ്രിട്ടണിലെ പഠനകാലത്തുണ്ടായ ഒരനുഭവം ഈ ഗ്രന്ഥകാരനുമായി പങ്കുവെക്കുകയുണ്ടായി. ക്ലാസിൽ വന്ന അധ്യാപകൻ വിദ്യാർഥികളെ ഓരോരുത്തരെയായി പരിചയപ്പെട്ടു. ഏകദേശം പിൻഭാഗത്തെ സീറ്റിലായിരുന്ന സുഹൃത്തിന്റെ ഊഴമായി. അദ്ദേഹം തന്റെ പേര് പറഞ്ഞു. അറേബ്യൻ ശൈലിയിലുള്ള പേര് കേട്ട മാത്രയിൽ അധ്യാപകന്റെ മുഖം വികസിച്ചു. ഒരു പരിഹാസത്തിന്റെ ഇളം ചിരി അവിടെ പടർന്നു. അയാളദ്ദേഹത്തെ ക്ലാസിനു മുമ്പിലേക്ക് വിളിപ്പിച്ചു. "നിങ്ങൾ സൗദി അറേബ്യയിൽ നിന്നുള്ള ആളാണല്ലെ?" അദ്ദേഹം: "അതെ." അയാൾ: "എന്ത്കൊണ്ട് നിങ്ങളുടെ നാട്ടിലെ പെണ്ണുങ്ങളെ നിങ്ങൾ വീട്ടിലെ തടവറയിലിട്ടിരിക്കുന്നത്? സംസ്കൃതമായ എല്ലാ നാടുകളിലെയും പോലെ യൂറോപ്പിലെ പോലെ അവരെ പുറത്തുവിടാത്തതെന്ത്? ഇവിടെ നോക്കൂ... അവർ സ്വന്തമായി ജോലിചെയ്യുന്നു. പണം സമ്പാദിക്കുന്നു. അങ്ങാടികളിലും വിനോദശാലകളിലുമൊക്കെ അവർ സ്വതന്ത്രരായി പോയിവരുന്നു. നിങ്ങൾ നിങ്ങളുടെ സ്ത്രീകളെ ഒന്നും ചെയ്യാൻ വിടാതെ വീടിന്നകത്ത് അടച്ചിട്ടിരിക്കുകയല്ലെ?"

എല്ലാ വിദ്യാർഥികളുടെയും മുമ്പിലിട്ട് അദ്ദേഹത്തെയും അദ്ദേഹത്തിന്റെ നാടിനെയും സഹോദരിമാരെയും അപഹസിക്കാനൊരു വേദിയുണ്ടാക്കുകയായിരുന്നു ആ അധ്യാപകൻ! അദ്ദേഹം ചോദിച്ചു: "ആര് പറഞ്ഞു ഞങ്ങളുടെ സ്ത്രീകൾ ഒന്നും ചെയ്യാതെ വീടിനകത്ത് തടവിലിടപ്പെട്ടവരാണെന്ന്! അവർ വിശ്രമമില്ലാത്ത നിർമ്മാണ പ്രവർത്തനത്തിലാണ്. അവർ ഞങ്ങളുടെ പുരുഷന്മാരെ വാർത്തെടുക്കുകയാണ്." അധ്യാപകൻ അദ്ദേഹത്തെ വിസ്മയത്തോടെ നോക്കി. അദ്ദേഹം തുടർന്നു: "അവർ ഞങ്ങളുടെ കുടുംബബന്ധങ്ങളിൽ, മാതാ-പിതാ-സന്താന ബന്ധങ്ങളിൽ സ്നേഹത്തിന്റെയും കെട്ടുറപ്പിന്റെയും പാലങ്ങൾ കെട്ടുകയാണ്. നന്മ നിറഞ്ഞതും നല്ല സ്വഭാവഗുണങ്ങളോടുകൂടിയതുമായ രാഷ്ട്ര സമുദ്ധാരണത്തിന്നുതകുന്ന പൗരന്മാരെ വാർത്തെടുക്കുന്നതിൽ അവർ കർമ്മനിരതരാണ്. യൂറോപ്പിന്ന് പരിചയമില്ലാത്ത ഒരു ജീവിതരീതിയാണത്." അദ്ദേഹം പറഞ്ഞതിന്റെ ആന്തരികവ്യാപ്തി മനസ്സിലാക്കിയാവണം ആ അധ്യാപകന്നു പിന്നെ കാര്യമായൊന്നും പറയാനുണ്ടായിരുന്നില്ല.

(ഈ സംഭവം "സ്ത്രീ നേതൃത്വം ഇസ്ലാമിൽ" എന്ന എന്റെ ഗ്രന്ഥത്തിൽ കുറച്ചുകൂടി വിശദമായി ചേർത്തിട്ടുണ്ട്)

# ഒരു കഷ്ണം തുണിയുടെ ദൗത്യം

സ്ത്രീ മുഖം മറക്കാനുപയോഗിക്കുന്ന ഒരു തുണ്ടു തുണി മാത്രമാണ് നിഖാബ്. ആർക്കും നിസ്സാരമായിത്തോന്നുന്ന ഒരു കാര്യം. അതൊഴിവാക്കിയാലും കാര്യമായൊന്നും ഭവിക്കില്ല എന്ന് പ്രഥമ പ്രതികരണമായി പറഞ്ഞുപോയേക്കും. പിശാചാണ് ഇവിടെ അണിയറയിലെ കളിക്കാരൻ. നമ്മെ ആ ന്യായത്തിന്റെ ഇതളു കളിൽ ശരി തോന്നിപ്പിക്കുന്ന കളി! മദീനയിലെ യഹൂദികളായി രുന്ന ബനൂ ഖൈനുഖാഉകാരുടെ ചന്തയിൽ അവൻ - പിശാച് - ആരംഭിച്ചതാണ് ഈ പരിശ്രമം. പതിനാലു നൂറ്റാണ്ടുകൾക്കിപ്പുറം 1919ൽ ഈജിപ്തിൽ അത് വിജയം കണ്ടപ്പോൾ, ഒരു നിഖാബി ന്റെ എടുത്തുമാറ്റൽ ഇത്ര ദൂരവ്യാപകമായ ദുരന്തഫലം നൽകു മെന്ന് മുസ്‌ലിം ലോകം ഒരിക്കലും ഓർത്തിരിക്കാനിടയില്ല! ഇസ്‌ലാമിന്റെ - മുസ്‌ലിമിന്റെയും - ശീലങ്ങളിൽ വരുത്തുന്ന വളരെ ചെറിയ മാറ്റങ്ങളിൽ പോലും സമുദ്രത്തിലൊഴുകുന്ന ഹിമാനിപോലെ ഭീമാകാരമായ ദുരന്തങ്ങളുടെ നിസ്സാരമായ ഉപരിതലം നാം കാണണം.

കേരളത്തിൽ ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്, ലോകത്തിന്റെ പല ഭാഗങ്ങളിലുമായി ക്രമത്തിൽ കേട്ടുകൊണ്ടിരിക്കുന്നതും മുഖം മറയ്ക്കുന്നത് പതിവല്ലാത്തവരുടെ നാട്ടിൽ, അവരുടെ ശിരാവരണം കൂടി തുറക്കാനാണ്! പിശാചിന്റെ അടുത്ത കർമ്മഘട്ടം അതാണ്. ഭീമൻ ദുരന്തത്തിലേക്ക് അവൻ ഒരാളെയും നേരിട്ടെത്തിക്കുക യില്ലെന്ന് നേരത്തെ പറഞ്ഞത് വായനക്കാർ ഓർക്കുമല്ലോ. ക്രമ പ്രവൃദ്ധമായി ആശകളുടെയും വ്യർഥ ചിന്തകളുടെയും വ്യാജ നന്മകളുടെയും തേരിലേറ്റി അവന്റെ ലക്ഷ്യത്തിലേക്ക് അവൻ നമ്മെ ചെന്നെത്തിക്കും.

സാമൂഹിക ജീവിതത്തിൽ താൻ തിരിച്ചറിയപ്പെടേണ്ട അപൂർവ്വവും നിർബന്ധപൂർവ്വവുമായ ചില കുഞ്ഞുനിമിഷങ്ങൾ സ്ത്രീകൾക്കു വന്നു ചേരാറുണ്ട്. നാം നേരത്തെ ഇത് ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ആവർത്തിക്കട്ടെ. തന്നെ വിവാഹമാലോചിക്കുന്ന പുരുഷൻ, വിധി തീർപ്പാക്കേണ്ടതിന്ന് ഖാദി, രോഗനിർണ്ണയം നടത്തേണ്ടതിന് ഡോക്ടർ, പാസ്പോർട്ട്, ബാങ്ക്, തിരഞ്ഞെടുപ്പ് പോലുള്ള വകുപ്പുകളിലെ തിരിച്ചറിവ് പരിശോധനക്ക് നിയുക്തനായ ഉദ്യോഗസ്ഥൻ എന്നിവരെപ്പോലുള്ളവരുടെ മുമ്പിലൊക്കെ അപൂർവ്വമായി സ്ത്രീക്ക് അവളുടെ മുഖം കാണിച്ചു കൊടുക്കേണ്ടിവന്നേക്കും. ഇത് ഒരു ചെറിയ നിമിഷത്തിന്റെ മാത്രം പ്രശ്നമാണ്. അല്ലാതെ ഇസ്ലാം നിരുത്സാഹപ്പെടുത്തിയ മുഖം കാട്ടി നടക്കലല്ല.

കേന്ദ്രം തൊട്ട് പഞ്ചായത്ത് വരെയുള്ള ഭരണതലങ്ങളിൽ സ്ത്രീക്കും പുരുഷനോടൊപ്പം തുല്യപ്രാധാന്യം നൽകേണ്ടതിന്റെ തുടക്കമെന്നോണം നിശ്ചിത ശതമാനം ഇരിപ്പിടങ്ങൾ സ്ത്രീകൾക്കായി നീക്കിവെക്കാൻ നിയമങ്ങൾ വന്നു കഴിഞ്ഞു. രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ മുസ്ലിം സംഘടനകൾ ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമാണല്ലോ... ഇവിടെ സ്ത്രീകൾ, പുരുഷന്മാരോടൊപ്പം ഇടകലർന്ന് പ്രവർത്തിക്കാനുള്ള വേദി ഒരുങ്ങുകയാണ്. ഇസ്ലാമിക വീക്ഷണത്തിലെ ഒട്ടനവധി തിന്മകളുടെ തുടക്കത്തിന്നുള്ള ഒരുക്കം! പ്രയാണ വീഥികളിൽ പതിയിരിക്കുന്ന വിപത്തുകളെ അതിജീവിക്കാൻ മുസ്ലിം രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കൈക്കൊള്ളാനിരിക്കുന്ന നടപടികളെന്തെന്ന് കാത്തിരിക്കുകയാണ് ഈ വിനീതൻ.

# ഹിജാബ് കൊണ്ടെന്തു ഫലം!

**ഹി**ജാബിന്റെ ചരിത്ര പശ്ചാത്തലവും സമൂഹം അതിനോടു കാട്ടിയ നീതികേടും വളരെ വിശദമായി നാം ചർച്ച ചെയ്തു. പർദ്ദ കൊണ്ട് എന്ത് പ്രയോജനം എന്നതാണ് ഇനി നമുക്ക് പരിശോധിക്കാനുള്ളത്. നാം നേരത്തെ പറഞ്ഞുവെച്ച വിശുദ്ധ വാക്യത്തിലെ ഒരുദ്ധരണി വായനക്കാർ ഇവിടെ ഓർക്കുന്നുണ്ടാവും.

ذَٰلِكَ أَدْنَىٰٓ أَن يُعْرَفْنَ فَلَا يُؤْذَيْنَ ۗ ﴿٥٩﴾

“അവർ തിരിച്ചറിയപ്പെടാൻ വളരെ എളുപ്പമുള്ളതാണത്, അങ്ങിനെ അവൾ ശല്യം ചെയ്യപ്പെടാതിരിക്കാനും...” (അൽ അഹ്സാബ്: 59)

പർദ്ദയുടെ രണ്ടു പ്രധാന ഗുണങ്ങളാണ് ഈ ഭാഗത്ത് അല്ലാഹു ﷻ ഉണർത്തുന്നത്.

**ഒന്ന്:** മതചിട്ടയോടെ ജീവിക്കുന്ന സ്ത്രീയാണെന്ന് ആളുകൾക്ക് തിരിച്ചറിയാൻ കഴിയും.

**രണ്ട്:** നോട്ടം കൊണ്ടോ സ്പർശനം കൊണ്ടോ അവൾ ശല്യം ചെയ്യപ്പെടുകയില്ല എന്ന്.

പർദ്ദ എന്തിന്? കുറച്ച് കൂടി വിശാലതലത്തിലേക്ക് നമുക്കൊന്ന് പ്രവേശിക്കാം. ഇൻഷാ അല്ലാഹ്.

**അനുസരണം:** അല്ലാഹു ﷻ വിനെയും അവന്റെ പ്രവാചകൻ ﷺ യെയും അനുസരിക്കൽ സത്യവിശ്വാസിയുടെ നിർബന്ധ ബാധ്യതയാണ്. അതിൽ നിന്നും മുഖം തിരിച്ചു കളയാൻ ഒരു വിട്ടുവീഴ്ചയും മതം ആ വ്യക്തിക്കു നൽകുന്നില്ല. അല്ലാഹു ﷻ പറയുന്നു:

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَقَدْ ضَلَّ ضَلَٰلًا مُّبِينًا ﴿٣٦﴾

(അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാന മെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനോ ഒരു സ്ത്രീക്കോ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. അല്ലാഹുവെയും അവന്റെ ദൂതനെയും വല്ലവനും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ വഴികേടിൽ വഴിപിഴച്ചുപോയി - അഹ്സാബ് 36)

അഥവാ അല്ലാഹുവോ അവന്റെ റസൂലോ ഒരു കാര്യത്തിൽ വിധി നടത്തിയാൽ, ഒരു വിഷയത്തോടു പ്രതികരിച്ചു കഴിഞ്ഞാൽ ഒരു വിശ്വാസിക്കു മറ്റൊരു മാർഗ്ഗം തേടാവതല്ല. അത് അനുസരണ യില്ലായ്മയും വഴികേടുമാണ്. മാത്രമല്ല വ്യക്തമായ വഴികേടിന്റെ മഹാഗർത്തത്തിലേക്ക് ആ വ്യക്തി വഴിപിഴച്ചു വീണു കഴിഞ്ഞു എന്നാണ് അല്ലാഹു ആ വരിയിൽ പറഞ്ഞവസാനിപ്പിക്കുന്നത്. പിന്നെ എല്ലാറ്റിനും ആധുനികതയുടെ ചായം തേടുന്നവർക്കും അതിനെ പുൽകാൻ വെമ്പുന്നവർക്കും പാരത്രിക ജീവിതത്തിന്റെ സൗഭാഗ്യങ്ങളെക്കുറിച്ച് കാര്യമായ ധാരണയില്ലാത്തവർക്കും പ രലോക വിചാരണയെ കുറിച്ച് അശേഷം ഭീതിയില്ലാത്ത മഹാ ഭൂരിപക്ഷക്കാർക്കും ഇത്തരം താക്കീതുകൾ ഒരു പ്രയോജനവും ചെയ്തുകൊള്ളണമെന്നില്ല.

പ്രായപൂർത്തിയായ ഒരു സ്ത്രീയെ സംബന്ധിച്ചിട ത്തോളം അവൾ മുഴുവൻ ഔറത്തിന്റെ ഭാഗമാണ്. عورة എന്ന തിന് ഇസ്‌ലാമിലെ നഗ്നതാ പരിധി എന്നു ഭാഷാന്തരം ചെയ്യട്ടെ. ഇതിന്റെ വിവിധ വശങ്ങൾ നേരത്തെ നാം വിശദീകരിച്ചതാണല്ലോ... ഇമാം തിർമിദിയും ഇബ്നു ഖുസൈമയുമൊക്കെ ഉദ്ധരിച്ച ഒരു ഹദീഥിൽ റസൂൽ ﷺ ഇങ്ങിനെ പറഞ്ഞതായി കാണാം.

إنَّ المرأةَ عورةٌ ، فإذا خَرَجَتْ استَشْرَفَها الشيطانُ ( ابن خزيمة، الترمذي )

“നിശ്ചയം സ്ത്രീ ഔറത്താണ്. അവൾ പുറത്തേക്കിറങ്ങിയാൽ പിശാച് അവളെ ഉൽകൃഷ്ടപ്പെടുത്തിക്കാണിക്കും.”

സ്ത്രീയെ പൊതുസ്ഥലത്തേക്ക്, അന്യപുരുഷന്മാർക്കിടയി ലേക്ക് എത്തിക്കുക എന്നത് പിശാചിന്റെ നേട്ടമാണ്. പുരുഷ

ന്മാരെ പരമാവധി വേട്ടയാടാൻ സ്ത്രീയെ അവർക്ക് അലങ്കരിച്ചു കാട്ടുക എന്നത് അവന്റെ തന്ത്രമാണ്. അത് അവളുടെ ശബ്ദ സൗകുമാര്യത്തിലാവാം, ആകാരവടിവിലാകാം, അവളുടെ നടന താളത്തിലാവാം, അവളുടെ പാദപതനത്തിലാവാം, അത് അവളുടെ പാദസരത്തിൽ നിന്നോ പാദരക്ഷയിൽ നിന്നോ ആവാം, അവളുടെ ഉടയാടകളിലെ ഹഠാദാകർഷകമായ പുതുമോടിയിലാവാം, അവ ളണിഞ്ഞ ആഭരണങ്ങളിലെ പകിട്ടിലാവാം. അവൾ പൂശിയ പരി മളത്തിന്റെ നിഗൂഢവശ്യതയിലാവാം; പിശാച് അവളെ ഏതൊന്ന് കൊണ്ടാണ് അല്ലെങ്കിൽ ഏതൊക്കെകൊണ്ടാണ് ഉയർത്തിക്കൊണ്ടു വരിക എന്നത് പിശാചിന്റെ തന്ത്രങ്ങൾ നന്നായി ഗ്രഹിച്ച സമർഥനായ ഒരാൾക്കെ മനസ്സിലാക്കാനാവൂ... ഇവിടെയാണ് ഹിജാബ് അവളെ സംരക്ഷിക്കാനെത്തുക. ഒട്ടനവധി പുണ്യങ്ങളുടെ ഒരു മഹാസംവി ധാനമാണത്. നമ്മുടെ സഹോദരിമാർ ചിന്തിക്കാൻ അൽപം സാവ കാശം കാണിച്ചാൽ തിരിച്ചറിയാൻ കഴിയുന്ന ജീവിത യാഥാർഥ്യം!

ചില ഇസ്‌ലാമിക പ്രബോധകന്മാർ ഹിജാബിന്റെ സവിശേഷ വിശുദ്ധിയെ എണ്ണിപ്പറഞ്ഞിട്ടുണ്ട്. അല്ലാഹു ﷻ വിന്റെ പൊരു ത്തവും കാരുണ്യവും തേടുന്ന സഹോദരിമാരുടെയും അവരുടെ ഭര ണാധികാരികളായ പുരുഷന്മാരുടെയും അല്ലാഹുവിലേക്കടുക്കാൻ ആശിക്കുന്ന മുഴുവൻ സഹോദരങ്ങളുടെയും ഓർമ്മയിലേക്കായി അവയിൽ ചിലത് ഇവിടെ കുറിക്കട്ടെ.

**പാതിവ്രത്യം:** ഹിജാബ്, ദ്രഷ്ടാക്കളിൽ നിന്നും അവളെ പതി വ്രതയാക്കുന്നു. മതനിഷ്ഠയുള്ള പെണ്ണെന്ന തോന്നലുണ്ടാക്കുന്നു. ഈ തിരിച്ചറിവാണ് അല്ലാഹു ﷻ നമ്മോട് പറഞ്ഞത്.

ذَٰلِكَ أَدْنَىٰٓ أَن يُعْرَفْنَ فَلَا يُؤْذَيْنَ ﴿٥٩﴾

“അവർ തിരിച്ചറിയപ്പെടാൻ വളരെ - എളുപ്പമുള്ളതാണത്; അങ്ങിനെ അവൾ ശല്യം ചെയ്യപ്പെടാതിരിക്കാനും...” (അഹ്സാബ് 59)

**ശുദ്ധി:** മനസ്സുകളെ അത് ശുദ്ധിയിലേക്ക് നയിക്കും. മലിനവിചാ രങ്ങളിൽ നിന്നും അത് മനുഷ്യനെ അകലെ നിർത്തും. അല്ലാഹു ﷻ പറയുന്നു.

وَإِذَا سَأَلْتُمُوهُنَّ متاعا فَسئلوهُنَّ مِن وَرَآءِ حِجَابٍۚ ذَٰلِكُمْ أَطْهَرُ
لِقُلُوبِكُمْ وَقُلُوبِهِنَّۚ ﴿٥٣﴾

("നിങ്ങൾ അവരോട് വല്ല സാധനവും ചോദിക്കുകയാണെ ങ്കിൽ മറയുടെ പിന്നിൽ നിന്ന് നിങ്ങളവരോട് ചോദിച്ചു കൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ ശുദ്ധമായിട്ടുള്ളത്." - അഹ്സാബ് 53)

ഈ വാക്യത്തിലെ "അവർ" എന്നത് പ്രവാചകപത്നിമാരാണ്. അവരാവട്ടെ സത്യവിശ്വാസികളുടെ മാതാക്കളും! അപ്പോൾ ആ മാതാക്കളോടുള്ള സമീപനം ഇങ്ങിനെയെങ്കിൽ നമ്മെപ്പോലുള്ള പിൽക്കാലക്കാർക്ക് അത് നൽകുന്ന സന്ദേശമെന്താണ്? മറയുടെ പിന്നിലായി - ഹിജാബിലായി - ചോദിക്കുകയും പറയുകയും ചെയ്യുക എന്നത് ഹൃദയശുദ്ധിക്ക് അനിവാര്യമാണെന്നാണ് സ്രഷ്ടാവ് സൃഷ്ടികളെ ഉണർത്തുന്നത്.

കണ്ണ് കാണുന്നതോ കൗതുകപ്പെടുന്നതോ ആയതെന്തോ അതി ലേക്കാണ് പൊതുവെ മനസ്സ് ആശിക്കുക. കണ്ണ് കണ്ടിട്ടില്ലെങ്കിൽ പി ന്നെ മനസ്സ് മോഹിക്കുന്നതെങ്ങിനെ! മോഹിപ്പിക്കുന്ന സംസാരവും മനസ്സിനെ മലിനമാക്കും. അതിനാൽ സംസാരത്തിന്നും അവൾ ഹിജാബിടണം. അവളുടെ ശബ്ദശൈലിയിൽ ആകർഷണീയത ഇല്ലാതാക്കുക എന്നതാണത് കൊണ്ടുദ്ദേശിക്കുന്നത്. അല്ലാഹു ﷻ പറയുന്നു:

فَلَا تَخْضَعْنَ بِٱلْقَوْلِ فَيَطْمَعَ ٱلَّذِى فِى قَلْبِهِۦ مَرَضٌ ﴿٣٢﴾

("നിങ്ങൾ (അന്യരോട്) അനുനയസ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും" - അഹ്സാബ് 32)

**മറ:** അടക്കവും ഒതുക്കവും ഉള്ള ഒരവസ്ഥയുണ്ടാക്കുന്നതി ന്നാണല്ലോ നാം മറ എന്ന് പറയുന്നത്. പ്രവാചകൻ ﷺ പറഞ്ഞു.

إن الله عز وجل حيي ستير يحب الحياء والستر ( أبي داود )

"നിശ്ചയം അല്ലാഹു ﷻ ലജ്ജയുള്ളവനും മറഞ്ഞിരിക്കുന്നവനു മാണ്. ലജ്ജയും മറയും ഇഷ്ടപ്പെടുകയും ചെയ്യുന്നു" - അബൂദാവൂദ്. മറ്റൊരിക്കൽ തിരുമേനി ﷺ പറഞ്ഞു:

أيّما امرأةٍ نزعَتْ ثِيابَها في غيرِ بيتِها ، خَرَقَ اللهُ عزَّ وجلَّ عنها سِتْرَهُ (الألباني - صحيح الجامع )

"തന്റെ വീടല്ലാത്തിടത്ത് തന്റെ വസ്ത്രമുരിഞ്ഞ സ്ത്രീയാരോ

അവളിൽ നിന്ന് അല്ലാഹുവിന്റെ മറ അവൻ എടുത്തുമാറ്റി" – ഹാകിം, ബൈഹഖി, അഹ്മദ്.

അല്ലാഹു ﷻ വിന്റെ സംരക്ഷണവും കാരുണ്യവുമാണ് ഇവിടെ എടുത്തുമാറ്റപ്പെട്ടത്. മനുഷ്യമനസ്സുകളിൽ അല്ലാഹു ﷻ നിക്ഷേപിച്ച ലജ്ജയുടെ മറയാണ് അതുവഴി അവൾക്കില്ലാതായിപ്പോയത്. അതില്ലാതായിക്കഴിഞ്ഞാൽ അവളിൽ പിന്നെ സ്വകാര്യതയെന്നൊന്നില്ലല്ലോ...!

**ഭക്തി:** അല്ലാഹു ﷻ വിന്റെ നിയമാതിർത്തികളെ സസൂക്ഷ്മം വിലയിരുത്തി ജീവിതത്തെ ഹലാലിൽ തന്നെ പിടിച്ചു നിർത്തി ദൈവപ്രീതിക്കായി ജീവിത നിമിഷങ്ങളെ പാകപ്പെടുത്തിയെടുക്കലാണ് ഭക്തി. തന്റെ ഓരോ കർമ്മങ്ങളും രേഖപ്പെടുത്തുന്നതും അല്ലാഹുവിങ്കൽ വിചാരണ ചെയ്യപ്പെടുന്നതുമാണെന്ന ഭീതിയാണ് ഇതിന്ന് നിദാനം. താൻ പുറത്തിറങ്ങുമ്പോൾ തന്നിൽ നിന്നൊന്നും അന്യപുരുഷന്മാർക്ക് സുഖം പകരാനുണ്ടാവരുതെന്ന് ഒരു സ്ത്രീയുടെ നിശ്ചയം ഹിജാബെന്ന അനാർഭാടമായ ഉടുപ്പണിയാൻ അവളെ പ്രേരിപ്പിക്കുന്നു. അല്ലാഹു പറയുന്നു:

يَٰبَنِيٓ ءَادَمَ قَدۡ أنزلنا عَلَيۡكُمۡ لباسا يُوَٰرِي سَوۡءَٰتِكُمۡ وَرِيشٗاۖ وَلِبَاسُ
ٱلتَّقۡوَىٰ ذَٰلِكَ خَيۡرٞۚ ﴿٢٦﴾

("ആദം സന്താനങ്ങളെ! (മനുഷ്യരെ!) നിങ്ങളുടെ നഗ്നത മറക്കുന്ന വസ്ത്രവും അലങ്കാരവസ്ത്രവും നിങ്ങൾക്കു നാം ഇറക്കിത്തന്നിട്ടുണ്ട്. സൂക്ഷ്മതയുടെ – ഭക്തിയുടെ – വസ്ത്രമാവട്ടെ, അതാണ് കൂടുതൽ ഉത്തമം" – അഅ്റാഫ്: 26)

ഭക്തിയുടെ അഥവാ സൂക്ഷ്മതയുടെ വസ്ത്രമണിയുമ്പോഴേ അത് ശ്രേഷ്ഠതരമാവൂ. മനസ്സിൽ അതണിഞ്ഞവളുടെ ബാഹ്യ വസ്ത്രത്തിലും അതിന്റെ ലാഞ്ചനയുണ്ടാവുമല്ലോ. നമ്മുടെ നാട്ടിലൊക്കെ വിശേഷിച്ചും ഗൾഫു രാജ്യങ്ങളിലൊക്കെ കണ്ടുവരുന്ന കറുത്ത വസ്ത്രം തന്നെയാവണം അതെന്ന് ആരും നിർബന്ധം പിടിക്കേണ്ടതില്ല. എന്നാൽ അത്തരത്തിലുള്ള ഒന്ന് തിരഞ്ഞെടുത്തുവെന്നു കരുതി ആരെയും നിരുത്സാഹപ്പെടുത്തേണ്ടതുമില്ല. ഉദ്ദേശത്തിൽ പരിശുദ്ധിയുള്ളവൾക്ക്, മനസ്സിൽ തഖ്വയുടെ വസ്ത്രമണിഞ്ഞവൾക്ക് അതിന്റെ ലക്ഷ്യം സഫലമാക്കാൻ

പ്രയാസമൊന്നും നേരിടില്ല.

**ഈമാൻ - സത്യവിശ്വാസം:** ഇത് ഹിജാബിന്റെ ഒരു പ്രധാന ഘടകമാണ്. മുസ്‌ലിംകളിൽ അല്ലാഹു ﷻ അനുഗ്രഹിച്ച ചില വിശ്വാസപരമായ വിതാനങ്ങളുടെ - പദവികളുടെ - പ്രത്യേകത അതിന്നുണ്ട്. മുസ്‌ലിംകൾ എന്നത് ഒരു പൊതുസമൂഹമാണ്. നല്ലവരും എല്ലാ തരം 'ചവറു'കളും അതിൽ ഉണ്ടാവും. ജീവിതവിശുദ്ധിയിൽ പാകം വന്ന് മനസ്സുകൾ വിവിധ വിതാനങ്ങളിലേക്ക് വളർന്നെത്തിയവരും അക്കൂട്ടത്തിലുണ്ട്. അവരെ യഥാക്രമം മുഅ്മിനുകൾ (സത്യവിശ്വാസികൾ), മുത്തഖികൾ (സൂക്ഷ്മാലുക്കൾ), മുഹ്സിനുകൾ (സുകൃതവാന്മാർ) എന്നൊക്കെ നമുക്ക് പറയാൻ ശ്രമിക്കാം. ഇതിൽ മുഅ്മിനുകൾ എന്നത് മുസ്‌ലിംകളെന്ന പൊതുവിതാനത്തിൽ നിന്ന് കർമ്മം കൊണ്ട് ആദ്യം എത്തിച്ചേരുന്ന ഉയർന്ന പദവിയാണ്. ഇവിടെ നിന്നാണ് മറ്റു പദവിയിലേക്കവർ വളർന്നു വരുന്നത്. മുസ്‌ലിംകൾക്ക് അവരുടെ മതം നൽകുന്ന പല നിർദ്ദേശങ്ങളും ചിലർ അനുസരിച്ചവരായും മറ്റു ചിലർ അതിനെ അവഗണിച്ചു വിട്ടവരായും കാണും. മുസ്‌ലിംകളിലെ ഈമാനിക വളർച്ചയിൽ ഉള്ള ഈ നിംനോന്നതികളാണ് ഇതിന്നു കാരണം. വിശുദ്ധ ഖുർആനിൽ ഹിജാബിന്റെ കാര്യം പറയുന്നിടത്ത് അല്ലാഹു ﷻ വിന്റെ സംബോധന "സത്യവിശ്വാസിനി"കൾ എന്നാണ്. അഥവാ "മുഅ്മിനാത്" എന്ന്. "മുസ്‌ലിമാത്" (മുസ്‌ലിം സ്ത്രീകൾ) എന്നല്ല. അന്നൂർ അധ്യായം 31-ാം വാക്യം തുടങ്ങുന്നത് ഇങ്ങനെ: وَقُل لِّلْمُؤْمِنَـٰتِ ... (നബിയെ) സത്യവിശ്വാസിനികളോടും താങ്കൾ പറയുക..." അൽ അഹ്സാബ് അധ്യായത്തിലെ 59-ാം വാക്യം നോക്കൂ.

يَـٰٓأَيُّهَا ٱلنَّبِىُّ قُل لِّأَزْوَٰجِكَ وَبَنَاتِكَ وَنِسَآءِ ٱلْمُؤْمِنِينَ... ﴿٥٩﴾

"നബിയെ, താങ്കളുടെ ഭാര്യമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും നീ പറയുക..."

ഹിജാബുമായി ബന്ധപ്പെട്ട പ്രസ്തുത രണ്ട് വാക്യങ്ങളും സംസാരിക്കുന്നത് സത്യവിശ്വാസിനികളോടോ അല്ലെങ്കിൽ സത്യവിശ്വാസികളായ പുരുഷന്മാരുടെ ഭാര്യാപദം അലങ്കരിക്കുന്ന സ്ത്രീകളോടോ ആണ്. ആദ്യം പറഞ്ഞ വാക്യത്തിൽ സത്യവിശ്വാസിനിക്കേ ഹിജാബണിയാൻ കഴിയൂ എന്നാണെങ്കിൽ രണ്ടാമത്തെ വാക്യത്തിൽ സത്യവിശ്വാസിയായ ഒരാളുടെ ഭാര്യയും അപ്രകാരം

ഹിജാബണിയുന്നവളായിരിക്കും എന്നാണ് അതിലടങ്ങിയ സന്ദേശം. അപ്പോൾ പർദ്ദ എന്നത് ഈമാനിന്റെ – സത്യവിശ്വാസത്തിന്റെ – അടയാളമാണെന്ന് വ്യക്തമാവുമല്ലോ. ഇത് കുറച്ചുകൂടി വ്യക്തത തരുന്ന ഒരു സംഭവം കൂടി സാന്ദർഭികമായി ഉദ്ധരിക്കട്ടെ. തമീം ഗോത്രക്കാരിൽ പെട്ട ചില സ്ത്രീകൾ ആയിഷ ﵂ യുടെ അടുക്കൽ വന്നു. അവർ സുതാര്യ വസ്ത്രധാരികളായിരുന്നു. ആയിഷ ﵂ അവരോട് ഇങ്ങിനെ പറഞ്ഞു.

إن كنتن مؤمناتٍ ، فليس هذا بثيابِ المؤمناتِ و ان كنتن غير مؤمنات فتمتعينه

"നിങ്ങൾ സത്യവിശ്വാസിനികളാണെങ്കിൽ, ഇത് സത്യവിശ്വാസിനികളുടെ വസ്ത്രമല്ല. നിങ്ങൾ സത്യവിശ്വാസിനികളല്ല എന്നാണെങ്കിലോ നിങ്ങൾ ഇത് (ഈ വസ്ത്രം) ആസ്വദിച്ചു കൊള്ളുക" (തഫ്സീറ് ഖുർത്തുബി, അഹ്സാബ് – 59)

വസ്ത്രം സുതാര്യമോ ഇടുങ്ങിയതോ അലങ്കാരപൂർണ്ണമോ ആകർഷണാത്മകമോ ഒക്കെ ആണെങ്കിൽ ഉപര്യുക്ത സന്ദേശം തന്നെയാണ് അവയ്ക്കൊക്കെ നൽകാനുള്ളത്.

**ലജ്ജ:** ഇസ്ലാമിന്റെ പൊതുവായ ഒരു സ്വഭാവം ലജ്ജയാണ്. പ്രവാചകൻ ﷺ പറഞ്ഞു:

إنَّ لِكُلِّ دينٍ خُلُقًا، وإنَّ خُلُقَ الإسلامِ الحياءَ (صحيح ابن ماجه)

"നിശ്ചയം, എല്ലാ മതത്തിനും ഒരു സ്വഭാവമുണ്ട്. നിശ്ചയം ഇസ്ലാമിന്റെ സ്വഭാവം ലജ്ജയാണ്" – ഇബ്നുമാജ.

മറ്റൊരിക്കൽ അവിടുന്ന് ﷺ പറഞ്ഞു:

الحياءَ من الإيمانِ، والإيمانُ في الجنة(سنن الترمذي)

"ലജ്ജ, സത്യവിശ്വാസത്തിൽ പെട്ടതാണ്, സത്യവിശ്വാസം (ഉള്ളവർ) ആവട്ടെ സ്വർഗ്ഗത്തിലുമാണ്" – അഹ്മദ്, തുർമുദി.

പ്രവാചകൻ ﷺ ഇങ്ങിനെയും പറഞ്ഞു:

الحياءَ و الإيمانُ قُرِنا جميعًا ، فإذا رُفِعَ أحدُهما رُفِعَ الآخَرَ ( الألباني - صحيح الجامع)

"ലജ്ജയും സത്യവിശ്വാസവും ഒന്നിച്ചുള്ള കൊമ്പുകളാണ്. അവ രണ്ടിൽ നിന്ന് ഒന്നെടുത്തു മാറ്റിയാൽ മറ്റേതും എടുത്തു മാറ്റപ്പെടും"

**സുരക്ഷാബോധം:** ഹിജാബണിഞ്ഞവൾക്ക് അസാധാരണമായ ഒരു സുരക്ഷാബോധം വന്നു ചേരുന്നതായാനുഭവപ്പെടും.

പുരുഷന്മാരുടെ കള്ളനോട്ടങ്ങളൊന്നും അവളെ ബാധിക്കില്ല. സ്ത്രീയുടെ സുരക്ഷയും പവിത്രതയും ബഹുമാനിക്കപ്പെട്ടു കൊണ്ട് എത്രയെത്ര സംഘട്ടനങ്ങളാണ് ജാഹിലിയ്യത്തിലും ഇസ്ലാമിക കാലഘട്ടത്തിലും ഉടലെടുത്തിട്ടുള്ളത്. മുമ്പ് നാം ചർച്ച ചെയ്ത ബനൂ ഖൈനുഖാഅ് സംഭവം തന്നെ ഇതിന്നൊരു ഉദാഹരണമായിരുന്നല്ലോ. അലി ﵁ പറഞ്ഞു.

قال علي رضي الله عنه :" بلغني أن نساءكم يزاحمن العلوج –أي الرجال الكفار من العجم – في الأسواق ألا تغارون ؟ إنه لا خير فيمن لا يغار(مسند أحمد 255/2)

"അനറബികളും അവിശ്വാസികളുമായ പുരുഷന്മാർക്കൊപ്പം അങ്ങാടികളിൽ തിക്കിത്തിരക്കുന്ന നിങ്ങളുടെ സ്ത്രീകളെക്കുറിച്ച് എനിക്ക് വിവരം കിട്ടി. നിങ്ങൾക്ക് (അതിൽ) ഈർഷ്യതയില്ലേ...? നിശ്ചയം (അതിൽ) ഈർഷ്യതയില്ലാത്തവനിൽ നന്മയില്ല."

# ഇരുളും വെളിച്ചവും

**ചമഞ്ഞൊരുങ്ങിയിറങ്ങലിലെ ചീത്ത വശം:** തലക്കെട്ടിൽ നിന്നു തന്നെ അതിന്റെ ഉദ്ദേശം ഊഹിക്കാനാവുമല്ലോ. ചമഞ്ഞൊരുങ്ങിയിറങ്ങുന്ന ഒരാൾ അതിലടങ്ങിയ ചീത്ത വശത്തെക്കുറിച്ച് ബോധവാനല്ലെങ്കിൽ അത് പാപത്തിലേക്കുള്ള ഒരുങ്ങലും പ്രത്യക്ഷപ്പെടലുമായി മാറുന്നു. അഥവാ അല്ലാഹുവോടും അവന്റെ റസൂലിനോടുമുള്ള അനുസരണക്കേടായിട്ടായിരിക്കും അത് ഭവിക്കുക. ഏതൊരാൾ അല്ലാഹുവോടും അവന്റെ റസൂലിനോടും അനുസരണക്കേട് കാട്ടിയോ അവൻ (അവൾ) അവനെ (അവളെ)ത്തന്നെയാണ് അപകടപ്പെടുത്തിയിരിക്കുന്നത്. അല്ലാഹുവിന്ന് യാതൊരു ദോഷവും അത് വരുത്തുകയില്ല. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

كلُّ أمتي يدخلون الجنةَ إلا من أبى . قالوا : يا رسولَ الله ، ومن يأبى ؟ قال : من أطاعني دخل الجنةَ ، ومن عصاني فقد أبى ( صحيح البخاري)

“വിസമ്മതിച്ചവരൊഴികെയുള്ള എന്റെ സമുദായത്തിലെ എല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവരാണ്.” അവർ (അനുചരന്മാർ) ചോദിച്ചു: അല്ലാഹുവിന്റെ റസൂലെ, വിസമ്മതം കാണിക്കുന്നവൻ ആരാണ്? അദ്ദേഹം ﷺ പറഞ്ഞു: “എന്നെ അനുസരിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. എന്നെ അനുസരിക്കാത്തവൻ വിസമ്മതിച്ചവനായി.”

ഈ അണിഞ്ഞൊരുങ്ങി ഇറങ്ങിപ്പുറപ്പെടുമ്പോഴുണ്ടാവുന്ന ചീത്തവശങ്ങൾ ഒട്ടേറെ എണ്ണിപ്പറയാനുണ്ട്.

**കാരുണ്യം അകലെ:** അല്ലാഹു ﷻ വിന്റെ അനുഗ്രഹവും കാരുണ്യവും എടുത്തുമാറ്റപ്പെടുകയും അവന്റെ കോപത്തിനും ശാപത്തിനും കാരണമായിത്തീരുകയും ചെയ്യുന്ന ഒരവസ്ഥയെക്കുറിച്ച്

ഒന്നോർത്തു നോക്കൂ. റസൂൽ ﷺ പറഞ്ഞു: صنفانِ من أهلِ النارِ لم أرَهما നരകാവകാശികളായ രണ്ടു വിഭാഗക്കാരുണ്ട്. ഞാനാ രണ്ടു - വിഭാഗ ക്കാരായ - ആളുകളെയും കണ്ടിട്ടില്ല....

റസൂൽ ﷺ യുടെ കാലഘട്ടത്തിൽ അവരില്ല. സ്വഹാ ബികളുടെ കാലത്തും അവരെ കുറിച്ച് പരാമർശങ്ങളില്ല. ഇത് പ്രവാചകൻ ﷺ യുടെ പ്രവാചകത്വത്തിലേക്കുള്ള ഒട്ട നവധി ദിവ്യവെളിപാടുകളിൽ - പ്രവചനങ്ങളിൽ - ഒന്നായി ട്ടാണ് ഹദീഥ് വ്യാഖ്യാതാക്കൾ പഠിപ്പിക്കുന്നത്. അവിടുന്ന് ﷺ ആ വിഭാഗക്കാരെ ഇങ്ങിനെ വിവരിക്കുന്നു.

قومٌ معهم سياطٌ كأذنابِ البقرِ يضربون بها الناسَ. ونساءٌ كاسياتٌ عارياتٌ مميلاتٌ مائلاتٌ . رؤوسُهنَّ كأسنِمَةِ البختِ المائلة . لا يدخلْنَ الجنةَ ولا يجدْنَ ريحَها . وإن ريحَها لتوجدُ من مسيرةِ كذا وكذا (صحيح مسلم)

"കൂടെ പശുവിൻ വാലുപോലുള്ള ചാട്ടവാറ് കൊണ്ടുനടന്ന് ജനങ്ങളെ അതുകൊണ്ട് പ്രഹരിക്കുന്ന ഒരു വിഭാഗം. (മറ്റൊരു വിഭാ ഗമാവട്ടെ) സ്ത്രീകൾ, വസ്ത്രം ധരിച്ച നഗ്നകളാണവർ. ചാഞ്ഞും ചെരിഞ്ഞും നടക്കുന്നവർ. ഇരട്ടപ്പൂഞ്ഞ ഒട്ടകത്തിന്റെ കൊഴുത്തു തൂങ്ങിയ പൂഞ്ഞപോലെയാണ് അവരുടെ തലകൾ. അവർ സ്വർഗ്ഗ ത്തിൽ പ്രവേശിക്കുന്നവരല്ല. അതിന്റെ സുഗന്ധം പോലും അവർ ആസ്വദിക്കുന്നതല്ല; എത്രയോ വിദൂരതയിലേക്ക് ആ സുഗന്ധം എത്തിച്ചേരും; എന്നാൽ പോലും." (മുസ്‌ലിം)

അണിഞ്ഞൊരുങ്ങി പുറത്തിറങ്ങിപ്പോവുന്നവർ ഇത്തരക്കാർക്ക് തുല്യമാണെങ്കിൽ ആ പുറപ്പെടൽ കൊണ്ടെന്തു ഫലം! അത് പരലോകത്ത്, അന്ത്യനാളിൽ അന്ധകാരവും വിപരീതഫലവും ആണ് ഒരുക്കിവെച്ചതെങ്കിൽ ഇപ്പോഴത്തെ ഈ താത്ക്കാലികാന ന്ദത്തിനെന്തു പ്രസക്തി!

**കാപട്യം:** ഈ ഖണ്ഡിക ഇമാം ബൈഹഖി رحمه الله ഉദ്ധരിച്ച ഒരു പ്രവാചക വചനം കൊണ്ടു തുടങ്ങട്ടെ.

خير نسائكم الودود الولود ، المواتية ، المواسية ، إذا اتقين الله ، و شرنسائكم المتبرجات المتخيلات ، و هن المنافقات ، لا يدخل الجنة منهن إلا مثل الغراب الأعصم(الألباني - السلسلة الصحيحة – 1849)

"വദൂദും" "വലൂദും" "മവാതിയത്തും" "മവാസിയത്തും" ആയ വരാണ് ശ്രേഷ്ഠരായ സ്ത്രീകൾ, അവർ ഭക്തരായവരാണെങ്കിൽ.

"മുതബർരിജാത്തും" "മുതഖയ്യിലാത്തുമായ"വരാണ് ചീത്ത സ്ത്രീകൾ. അവർ കപടകളാണ്. അവരിൽ നിന്നുള്ളവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല, ചെഞ്ചുണ്ടൻ കാക്കകളെ പോലെയല്ലാതെ.

ഒറ്റവാക്കിൽ വിവർത്തനവിധേയമാകാത്ത പദങ്ങളായതിനാലാണ് അവ അങ്ങിനെത്തന്നെ എടുത്തെഴുതിയത്. ശ്രേഷ്ഠരായ സ്ത്രീകൾക്ക് നാലു സവിശേഷഗുണങ്ങളാണ് പ്രവാചകർ ﷺ പരാമർശിച്ചത്. ധാരാളം നന്മകളും ഉൽകൃഷ്ടസ്വഭാവവും അനുരാഗവും കൊണ്ട് ഭർത്താവിന്ന് സുഖം പകരുന്ന സ്നേഹനിധിയായ സ്ത്രീയാണ് വദൂദ് കൊണ്ടുദ്ദേശിക്കുന്നത്. വലൂദാവട്ടെ, ധാരാളമായി പ്രസവിക്കുന്ന സ്ത്രീയാണ്. സന്താനങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹമാണല്ലോ. അവനുദ്ദേശിക്കുന്നവർക്ക് അല്ലാഹു സന്താനങ്ങളെ ഔദാര്യമായി നൽകുന്നു; ആൺമക്കളായും പെൺമക്കളായും അവ രണ്ടുമായുമൊക്കെ അവനുദ്ദേശിക്കുന്നവരെ സന്താനോല്പാദന ശേഷിയില്ലാത്തവരുമാക്കുന്നു. ധാരാളം പ്രസവിക്കുന്ന സ്ത്രീകൾക്ക് ഇസ്‌ലാം ആദരണീയമായ സ്ഥാനമാണ് നൽകുന്നത്. അത്തരം പാരമ്പര്യമുള്ള സ്ത്രീകളെ വിവാഹം ചെയ്യാൻ പ്രവാചകൻ ﷺ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തിരുമേനി ﷺ പറഞ്ഞു:

تزوجوا الودودَ الولودَ فإني مكاثرٌ بكم الأممَ يومَ القيامة – (ابن حبان)

"വദൂദും വലൂദുമായവരെ നിങ്ങൾ വിവാഹം ചെയ്യുവിൻ. നിശ്ചയം സമുദായങ്ങളിൽ നിങ്ങളാണ് ഏറ്റവും ആധിക്യമുള്ളവർ എന്നതിൽ അന്ത്യനാളിൽ ഞാനഭിമാനം കൊള്ളും." ഇബ്നു ഹിബ്ബാൻ.

"മവാത്തിയത്ത്" എന്നത് പ്രവാചകൻ ﷺ പറഞ്ഞ നല്ല സ്ത്രീയുടെ മൂന്നാമത്തെ ഗുണമാണ്. ഭർത്താവിനെ ഇഷ്ടപ്പെടുത്തും വിധം പ്രതികരിക്കുന്നവൾക്കാണങ്ങിനെ പറയുക. അയാൾ അവളിൽ നിന്ന് വല്ലതും ആശിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്ന പക്ഷം ആ താത്പര്യത്തോട് അനുഗുണമായാണവൾ വർത്തിക്കുക. യുക്തിയോടും കുശാഗ്രബുദ്ധിയോടും ക്ഷമയോടും കൂടി അവളത് കൈകാര്യം ചെയ്യും. ക്ഷിപ്രകോപികളോ തർക്കുത്തരം പറയുന്നവളോ വെറുപ്പ് പ്രകടിപ്പിക്കാനെന്നവണ്ണം മുഖം കറുപ്പിക്കുന്നവളോ മുഖം വെട്ടിച്ചു നടന്നകലുന്നവളോ അല്ല. ഭർത്താവിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് അല്ലാഹുവിന്റെ

തൃപ്തി സമ്പാദിക്കാനാശിക്കുന്ന ഇത്തരം സദ്‌വൃത്തകൾക്കാണ് മവാത്തിയാത്തുകൾ എന്നു പറയുന്നത്.

“മവാസിയത്ത്” എന്നത് റസൂൽ ﷺ നല്ല സ്ത്രീയ്ക്ക് നൽകിയ നാലാമത്തെ ഗുണമാണ്. ഇത് സ്നേഹം നിറഞ്ഞ സമാശ്വാസമാണ്. ഭർത്താവിനെ സാന്ത്വനിപ്പിക്കുകയും അദ്ദേഹത്തിന്റെ മനഃക്ലേശങ്ങളെ ലഘൂകരിക്കുകയും ചെയ്യുന്ന ഉൽകൃഷ്ടമായ സ്വഭാവഗുണം! ഏതൊരവസ്ഥയിലും ഭർത്താവിന്റെ ജീവിതസാന്നിധ്യത്തിൽ നിന്നും അകന്നു നിൽക്കാതെ ക്ഷമയോടെ അദ്ദേഹത്തിന്റെ മനസ്സിനും കണ്ണുകൾക്കും കുളിർമയേകിക്കൊണ്ടുള്ള സാന്ത്വനസ്പർശം! അത് അദ്ദേഹത്തിന്റെ മനോസംഘർഷം ഇല്ലാതാക്കുകയും അവിടം അവാച്യമായ സുഖവും സുഗന്ധവും പരത്തുകയും ചെയ്യും. ആ ഓർമ്മകൾ ഒരുപക്ഷെ അവൾക്കുശേഷം അയാൾ ജീവിച്ചിരിക്കുന്ന കാലങ്ങളിലും മനസ്സിന്റെ ഊർജ്ജവും ആവേശവുമായി വർത്തിക്കും. ഇമാമുകളായ അഹ്മദും ഇബ്നു ഹജറും ഇബ്നു കഥീറു رحمهم الله മൊക്കെ ഉദ്ധരിച്ച ഈ പ്രവാചകമൊഴിയൊന്നു നോക്കൂ... തന്റെ മരിച്ചുപോയ സഹധർമ്മിണി ഖദീജ رضي الله عنها യെക്കുറിച്ച് പ്രവാചകൻ ﷺ ഇങ്ങിനെ സ്മരിക്കുന്നു:

آمنَتْ بي إذ كَفرَ بيَ النَّاسَ وصدَّقتني إذكذَّبني النَّاسَ وواسَتْني بمالِها إذ حرَمَنيَ النَّاسَ ورزقنيَ اللهُ أولادَها إذ حرمني أولادَ النِّساءِ (الشوكاني - در السحابة 249)

“ജനങ്ങൾ എന്നെ അവിശ്വസിച്ച ഘട്ടത്തിൽ അവർ (ഖദീജ رضي الله عنها) എന്നിൽ വിശ്വസിച്ചു. ജനങ്ങൾ എന്നെ കളവാക്കിയപ്പോൾ അവർ എന്നെ സത്യപ്പെടുത്തി. ജനങ്ങൾ എനിക്കു നിഷേധിച്ചപ്പോൾ അവർ അവരുടെ സമ്പത്ത് കൊണ്ട് എന്നെ സാന്ത്വനപ്പെടുത്തി. മറ്റു ഭാര്യമാരിൽ നിന്നും സന്താനങ്ങളില്ലാതിരിക്കെ അല്ലാഹു അവരിലൂടെ എനിക്കു സന്താനങ്ങളെ നൽകി.”

റസൂൽ ﷺ യിൽ ആ സഹധർമ്മിണിയുടെ വിയോഗശേഷവും മായാതെനിന്ന സാന്ത്വനചിന്തകളായിരുന്നു ഇത്.

മേൽ സൂചിപ്പിച്ച നാലു ഗുണങ്ങളും ശ്രേഷ്ഠയായ സ്ത്രീയ്ക്കുണ്ടാവേണ്ടതാണ്. ഇവയൊക്കെ അമുസ്ലിമായ സ്ത്രീക്കും ആവാമല്ലോ.. ഏത് വിഭാഗത്തിൽപ്പെട്ട സ്ത്രീക്കും എത്തിപ്പെടാവുന്ന സ്വഭാവ വിശേഷങ്ങളാണിതെല്ലാം. എന്നാൽ ഇസ്‌ലാമിൽ ഈ ഗുണങ്ങൾ വിശുദ്ധിയുടെ പദവിയിലേക്കുയരണ

മെങ്കിൽ അല്ലാഹുവോടുള്ള തഖ്‌വയുമായി അത് ബന്ധപ്പെട്ടുവരണം. റസൂൽ ﷺ ആ വിശേഷഗുണങ്ങൾക്ക് അനുബന്ധമായി പറഞ്ഞതതാണല്ലോ...

സന്താനോല്പാദന ശേഷിയില്ലാത്ത സ്ത്രീയോ പുരുഷനോ ഈ ഭാഗം വായിച്ചുപോവുമ്പോൾ പ്രയാസപ്പെടേണ്ടതില്ല. അവൾക്കിത്തരം ഒരവസ്ഥ വന്നതിൽ അവർ കാരണക്കാരുമല്ല. തഖ്‌വയിലധിഷ്ഠിതമായ ബാക്കി മൂന്ന് ഗുണങ്ങൾ അവരിൽ ഉണ്ടായിത്തീരട്ടെ. തഖ്‌വയില്ലാത്തവന്ന് എത്ര ഗുണങ്ങൾ നല്ലതായുണ്ടായാലും എന്തു ഫലം!

പ്രവാചകൻ ﷺ പറഞ്ഞ ഉപര്യുക്ത ഹദീഥിൽ കപടകളായ ചീത്ത സ്ത്രീകളുടെ പ്രത്യേകത അവർ മുതബർരിജാത്തുകളും മുതഖയ്യിലാത്തുകളുമാണെന്നാണല്ലോ... അന്യപുരുഷന്മാർക്കു മുമ്പിൽ സൗന്ദര്യം പ്രകടിപ്പിച്ചു നടക്കുന്ന സ്ത്രീകളെയാണ് മുതബർരിജാത്തുകൾ എന്നു പറയുന്നത്. മുതഖയ്യിലാത്തുകളാവട്ടെ അവർ അഹംഭാവവും പൊങ്ങച്ചവും കാട്ടി നടക്കുന്നവരാണ്. അവർ കപടകൾ - കപടവിശ്വാസികൾ - മാത്രമല്ല, അവരിൽ നിന്നും غراب الأعصم പോലെ കുറച്ചുപേർ മാത്രമെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുമുള്ളൂ. غراب الأعصم എന്നാൽ കാക്കകളുടെ കൂട്ടത്തിൽപ്പെട്ട ചുകന്ന ചുണ്ടും കാലുകളുമുള്ള ഒരപൂർവ്വ പക്ഷിയാണ്. വളരെ വളരെ കുറച്ചു മാത്രമെ അത് ഭൂമുഖത്ത് നിലവിലുള്ളൂ. അപ്രകാരം വളരെ കുറച്ചുപേരല്ലാതെ അവരിൽ നിന്നാരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല എന്നാണ് ഈ ഹദീഥ് നൽകുന്ന സന്ദേശം.

**സൗന്ദര്യപ്രദർശനം എന്ന ദുർവൃത്തി:** അന്യപുരുഷന്നു മുമ്പിൽ സ്ത്രീ തന്റെ നഗ്നത വെളിവാക്കുന്നതും അവർക്ക് തന്റെ സൗന്ദര്യം പ്രകടമാക്കിക്കൊടുക്കുന്നതും അസാന്മാർഗ്ഗിക വൃത്തിയായാണ് ഇസ്‌ലാം കാണുന്നത്. ഭർത്താവല്ലാത്ത ഒരാൾക്കു മുമ്പിൽ ഒരു സ്ത്രീ തന്റെ വസ്ത്രം അഴിച്ച് നഗ്നത പ്രത്യക്ഷമാക്കിയാൽ അല്ലാഹു അവൾക്കു നൽകിയ ലജ്ജയുടെ മറ എടുത്തുമാറ്റപ്പെടും.

പുറത്തിറങ്ങുന്ന സ്ത്രീയുടെ മുഴുവൻ ദേഹവും ഇസ്‌ലാമിക ദൃഷ്ട്യാ നഗ്നതാ പരിധിയിലാണുള്ളത്. അത് അല്പാല്പമായി പുറത്തേക്ക് ദൃശ്യവിധേയമാക്കാൻ പിശാച് പ്രേരിപ്പിച്ചുകൊണ്ടിരിക്കും.

ദുർവൃത്തിയിലേക്കുള്ള ക്ഷണിതാവാണവൻ. അല്ലാഹു ﷻ പറയുന്നു:

ٱلشَّيْطَٰنُ يَعِدُكُمُ ٱلْفَقْرَ وَيَأْمُرُكُم بِٱلْفَحْشَآءِ ﴿٢٦٨﴾

"പിശാച് ദാരിദ്ര്യത്തെപ്പറ്റി നിങ്ങളെ ഭയപ്പെടുത്തുന്നു. ദുർവൃത്തി ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു." ബഖറ - 268

**ഇബ്‌ലീസിന്റെ സുന്നത്ത്:** നഗ്നത പുറത്തെടുപ്പിക്കുക എന്നത് ഇബ്‌ലീസിന്റെ ചര്യയിൽപ്പെട്ടതാണ്. ആദി പിതാവ് ആദമിൽ നിന്നുതന്നെ അവനതിന്ന് തുടക്കം കുറിച്ചിരുന്നു. അല്ലാഹു ആദം ദമ്പതികൾക്കിടയിൽ സൂക്ഷിച്ച മറ അവനാണ് എടുത്തുമാറ്റാൻ പ്രേരകമായത്. അവരുടെ നഗ്നത പരസ്പരം അവരെ കാണുമാറാക്കി. സ്വർഗ്ഗാനുഗ്രഹങ്ങളിൽ നിന്നും പുറത്തുവിടാൻ അത് കാരണമായി. അല്ലാഹു ആ കാര്യം ഇങ്ങിനെ നമ്മെ ഓർമ്മിപ്പിക്കുന്നു:

يَٰبَنِىٓ ءَادَمَ لَا يَفْتِنَنَّكُمُ ٱلشَّيْطَٰنُ كَمَآ أَخْرَجَ أَبَوَيْكُم مِّنَ ٱلْجَنَّةِ يَنزِعُ
عَنْهُمَا لِبَاسَهُمَا لِيُرِيَهُمَا سَوْءَٰتِهِمَآ .... ﴿٢٧﴾

"ആദം സന്താനങ്ങളെ! നിങ്ങളുടെ മാതാപിതാക്കളെ പുറത്താക്കിയപോലെ പിശാച് നിങ്ങളെ കുഴപ്പത്തിലാക്കാതിരിക്കട്ടെ, അവരിരുവരുടെയും നഗ്നതകൾ അവർക്ക് കാണിച്ചു കൊടുക്കാനായി അവർ രണ്ടുപേരുടെയും വസ്ത്രങ്ങൾ അവൻ അവരിൽ നിന്നും ഊരിമാറ്റുകയായിരുന്നു" - അഅ്റാഫ് 27.

അതിനാൽ അവൻ തന്നെയാണ് - ഇബ്‌ലീസ് തന്നെയാണ് - ഈ പ്രവണതയുടെ കേന്ദ്രബിന്ദു. സ്ത്രീ സ്വാതന്ത്ര്യം, സ്ത്രീ സമത്വം എന്നീ പേരുകളിലൊക്കെ അവളെ പുറത്തിറക്കുന്നതും പുറത്തു കാണിക്കുന്നതും പരപുരുഷനോടൊപ്പം ഇടകലർത്തുന്നതും ഒക്കെ അവന്റെ ഗൂഢതന്ത്രത്തിന്റെ ഭാഗം തന്നെ. ഈ പറയുന്നത് കേൾക്കുന്നവർക്ക് അരോചകമായിത്തോന്നുമെങ്കിൽ കൂടി.

**ജൂതന്മാരുടെ മാർഗ്ഗം:** സ്ത്രീയെ ഉപയോഗപ്പെടുത്തിക്കൊണ്ട് സമൂഹത്തിൽ കുഴപ്പമുണ്ടാക്കുന്നതിൽ ഏറ്റവും പേരുകേട്ട വിഭാഗക്കാരാണ് ജൂതന്മാർ. ഈ വിഷയത്തിൽ ഏറ്റവും പഴക്കവും തഴക്കവും അവർക്കുണ്ട്. ഇതിനെ ബലപ്പെടുത്തുന്ന ഒരു പ്രവാച

കവചനമുണ്ട്. തിരുമേനി ﷺ പറഞ്ഞു:

فاتَّقوا الدنيا و اتَّقوا النساءَ فإنَّ أولَ فتنةِ بني إسرائيل كانت في النساء (صحيح مسلم - /2742)

"അതിനാൽ ദുൻയാവിനെ സൂക്ഷിക്കുക, സ്ത്രീകളെയും സൂക്ഷിക്കുക. എന്തെന്നാൽ ഇസ്രായീലീ സന്താനങ്ങളിൽ ആദ്യമുണ്ടായ കുഴപ്പം സ്ത്രീകളിലായിരുന്നു." (മുസ്ലിം, അഹ്മദ്)

**ജാഹിലിയ്യത്തിന്റെ അഴുക്ക്:** ജാഹിലിയ്യ – അജ്ഞാന കാല – ത്തിന്റെയും ദുർഗന്ധമായിരുന്നു ഈ സൗന്ദര്യപ്രകാശനം. അവരുടെ ബിംബാരാധനകളും മറ്റു തിന്മകളും പോലെ ഇതും അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അല്ലാഹു ﷻ ഇസ്ലാമിലെ സ്ത്രീകളോട് പറഞ്ഞു:

وَقَرْنَ فِى بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ ٱلْجَٰهِلِيَّةِ ٱلْأُولَىٰ ....﴿٣٣﴾

"നിങ്ങൾ നിങ്ങളുടെ വീടുകളിൽ ഒതുങ്ങിയിരിക്കുകയും ചെയ്യുക. ആദ്യ കാലത്തെ ജാഹിലിയ്യത്തിന്റെ (അജ്ഞാന കാലത്തെ) സൗന്ദര്യപ്രദർശനം (പോലെ) നിങ്ങൾ സൗന്ദര്യം പ്രദർശിപ്പിക്കുകയും അരുത്."

അതൊരു തരം തിന്മയിലേക്കുള്ള ക്ഷണമാണ്. മുഹമ്മദ് അമാനി മൗലവി തന്റെ ഖുർആൻ വിവരണത്തിൽ അത് ഇങ്ങിനെ വിശദീകരിക്കുന്നു. "ശരീരത്തിൽ മറക്കേണ്ടുന്ന ഭാഗം മുഴുവൻ മറക്കാതിരിക്കുക, ശരീരഭാഗങ്ങൾ പുറമെ കാണത്തക്ക ലോലമോ നേർത്തതോ ആയ വസ്ത്രം ധരിക്കുക, ദേഹം മറച്ചിട്ടുണ്ടെങ്കിലും പുരുഷനെ ആകർഷിക്കുമാറുള്ള വേഷം അണിയുക, വശ്യമായ നിലയിലുള്ള സൗന്ദര്യസാമഗ്രികൾ ഉപയോഗിക്കുക മുതലായതെല്ലാം സൗന്ദര്യപ്രദർശനത്തി ( تبرج ) ൽ ഉൾപ്പെടുന്നു. ഇസ്ലാമിനു മുമ്പുള്ള അജ്ഞാനകാലത്തിനും അന്നു നടപ്പിലുണ്ടായിരുന്ന ദുരാചാരങ്ങൾക്കും പറയപ്പെടുന്ന വാക്കാണ് ജാഹിലിയ്യത്ത്." (വോള്യം 3, പേജ് 2591)

റസൂൽ ﷺ പറഞ്ഞു:

كلُّ شيءٍ من أمرِ الجاهلية تحت قدميَّ موضوعٌ... (صحيح مسلم / 1218، صحيح أبي داود/1905)

"ജാഹിലിയ്യാ ഗണത്തിൽപെട്ട എല്ലാ കാര്യങ്ങളും (ഞാനിതാ) എന്റെ കാലിന്നടിയിൽ (അവജ്ഞാപൂർവ്വം) ഇട്ടേക്കുന്നു."

(മുസ്‌ലിം, അബൂ ദാവൂദ്).”

തിരുമേനി ﷺ നിന്ദയോടെ, പ്രതീകാത്മകമായി മണ്ണിലിട്ട് ചവിട്ടിയുടച്ച ശീലങ്ങളിൽ പെട്ടതാണ് സൗന്ദര്യപ്രദർശനവും അന്യായമായ അവകാശവാദവും അഹങ്കാരവുമെല്ലാം. അത് മുസ്‌ലിംകൾ എടുത്തണിയുന്നതിൽ നിന്നും വിട്ടുനിൽക്കുക എന്നത് പ്രവാചകൻ ﷺ യെ പിൻപറ്റുന്നതിന്റെ അടയാളമായി ത്തന്നെയാണ് കാണേണ്ടത്.

സ്ത്രീ തന്റെ വീട്ടിന്നകത്ത്, ഭർത്താവിന്ന് വേണ്ടി അലങ്കാരങ്ങ ളണിയാതെ, പുറത്തേക്കിറങ്ങുമ്പോൾ അതൊക്കെ വാരിവലിച്ചണി യുകയും ചമഞ്ഞിറങ്ങുകയും ചെയ്യുന്നത് ആർക്കു വേണ്ടിയാണ്? ആർക്ക് ആഹ്ലാദം പകരാനാണ്? ഇവിടെയാണ് ഇസ്‌ലാമിന്റെ മാർഗ്ഗദർശനം അവൾക്കനുഗ്രഹമായെത്തുന്നത്. പ്രവാചകൻ ﷺ ചവിട്ടിമാറ്റിയ ജാഹിലിയ്യത്തിന്റെ എല്ലാ ശീലങ്ങളും അവളോടുപേ ക്ഷിക്കാൻ പറയുന്നു. അത് അവൾക്കു തന്നെയും സമൂഹത്തിന്നു പൊതുവിലും സുരക്ഷ നൽകുന്നു. അല്ലാത്തപക്ഷം സമൂഹത്തിന്ന് ക്രമാനുഗതമായി തിന്മയുടെ മുതൽക്കൂട്ടായി മാറും. ഒരു സമൂഹ ത്തിൽ തിന്മ വ്യാപകമായാൽ അവിടെ പകർച്ചവ്യാധികളധികരി ക്കും. പണ്ഡിതരും പ്രബോധകരും ഇവിടെ മൗനം പാലിച്ചാൽ തിന്മകളിൽ അവരെയും അല്ലാഹു ﷻ പങ്കാളികളാക്കും; അവർ തിന്മ ചെയ്തിട്ടില്ലെങ്കിലും ശരി.

വിചിത്രമെന്ന് തോന്നിയേക്കാവുന്ന ഒരു പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തമായ ഭാഗം സാന്ദർഭികമായി ഇവിടെ എടുത്തു ചേർക്കട്ടെ. ജിദ്ദയിലെ കിങ് അബ്ദുൽ അസീസ് മെഡിക്കൽ സിറ്റിയിൽ നൂറഃ രാജകുമാരിയുടെ പേരിൽ ഒരു ഗവേഷണകേന്ദ്രമുണ്ട്. മുഴ കൾക്കും തൊണ്ടയിലെ ക്യാൻസറിനും വേണ്ടി ചികിത്സിക്കാനും പഠനം നടത്താനുമായുള്ള ഒരു പ്രത്യേക ഭാഗമാണിത്. ഈ ഡിപ്പാർട്ടുമെന്റിന്റെ തലവനായ പ്രഫസർ കാനഡക്കാരനായ ഒരു അമുസ്‌ലിമാണ്. ഇദ്ദേഹം ജിദ്ദയിലെ നാഷണൽ ഗാർഡ് ആശു പത്രിയുടെ ഒരു പരിപാടിയോടനുബന്ധിച്ച പത്രസമ്മേളനത്തിൽ സൗദിയിലെ സ്ത്രീകളിൽ തൊണ്ടയിലെ അർബുദം പുരുഷന്മാരെ അപേക്ഷിച്ച് വളരെ വളരെ കുറവാണെന്ന് പ്രഖ്യാപിച്ചു. സൗദിക്കു പുറത്താവട്ടെ അവ സ്ത്രീയ്ക്കും പുരുഷനും ഏറെക്കുറെ ഒരേ

അനുപാതത്തിലാണ് താനും. ഏഷ്യാ, ആസ്ട്രേലിയ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നിവ ഉൾക്കൊണ്ട 112 രാജ്യങ്ങളിൽ മൂന്ന് വർഷക്കാലം പ്രൊഫസർ നടത്തിയ പഠനത്തിൽ മിക്ക രാജ്യങ്ങളിലും സ്ത്രീയിലും പുരുഷനിലും ഇവ ഏകദേശം 5% എന്ന തോതിലാണെങ്കിൽ സൗദിയിലെ സ്ത്രീകളിൽ ഇത് കേവലം 2% മാത്രമേ കണ്ടെത്താനായുള്ളൂ. ഒരേ കാലാവസ്ഥയും ജീവിതരീതിയും ഭക്ഷണക്രമവുമൊക്കെ നിലവിലുള്ള സൗദിയുടെ സമീപരാജ്യങ്ങളിലാവട്ടെ ഇതര രാജ്യങ്ങളെപ്പോലെ തുല്യ അനുപാതത്തിലാണ് താനും! സൗദിയിലെ സ്ത്രീകളിൽ ഇത്തരം ഒരു കുറവു കാണാൻ ശാസ്ത്രീയമായ ഒരു കാരണവും പ്രഫസർക്ക് പറയാൻ കഴിയുന്നില്ല. സൗദി സ്ത്രീകൾ ഉപയോഗിച്ചു വരുന്ന ഇസ്ലാമികമായ മുഖാവരണത്തിലൂടെ ഈ രോഗത്തിന്റെ ജീനുകളുടെ പ്രവേശം ദൈവം തടയുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. (വിശദമായ റിപ്പോർട്ടിന് "അർ-രിയാദ്" ദിനപത്രം പരിശോധിക്കുക ലക്കം 13051, മാർച്ച് 18, 2004)

# ശിരോവസ്ത്രത്തിന്നു നേരെ

**നി**ഖാബ് മാത്രമല്ല ശിരോവസ്ത്രവും മുസ്‌ലിം സ്ത്രീകളുടെ ശരീരത്തിൽ നിന്നും എടുത്തുമാറ്റുക എന്നത് ഇസ്‌ലാം വിരുദ്ധരുടെയും മതേതരവാദികളുടെയും രഹസ്യഅജണ്ടയാണ്. ആദ്യം മുഖത്തു നിന്നും പിന്നെ തലയിൽ നിന്നും അവിടുന്നപ്പുറത്തേക്ക് ക്രമത്തിലും എടുത്തു മാറ്റിയ ഒരവസ്ഥയാണ് മുസ്‌ലിം സ്ത്രീകളിൽ അവർ ലക്ഷ്യമിടുന്നത്. അവരെപ്പോലെ അല്പ വസ്ത്രധാരിണികളായ ഒരു സമൂഹത്തെ അവർ നമ്മിൽ വിഭാവന ചെയ്യുന്നു. നമ്മിലെ ദിശാബോധമില്ലാത്ത ജനത പരിഷ്കാരത്തിന്റെ മോഹനച്ഛായയിൽ കൗതുകപ്പെട്ട് അവരെ അന്ധമായി അനുകരിക്കുന്നവരായി മാറുന്നു. സ്ത്രീയുടെ കാര്യത്തിൽ മാത്രമല്ല, മുസ്‌ലിംകളിലെ പുരുഷന്മാരും അവരുടെ വേട്ട വിഭവങ്ങളാണ്. അവരെപ്പോലെ ക്ലീൻഷേവ് ചെയ്യുന്നവരെ വാർത്തെടുക്കലാണ് അവരുടെ പദ്ധതി. നാം എപ്പോഴും ജാഗ്രത കൊള്ളേണ്ടതുണ്ട് എന്നതിലേക്കിതാ ഒരു മാതൃക. അഫ്ഘാനിലെ താലിബാൻ ഗവൺമെന്റ് നിലംപരിശായ ഘട്ടം. അമേരിക്കൻ പ്രസിഡണ്ട് ജോർജ് ബുഷ് തന്റെ രണ്ടാമൂഴത്തിന്റെ പ്രചരണ പ്രവർത്തനങ്ങളിൽ സജീവമായി മുന്നേറുന്നു. നമ്മിൽ പലരും കേട്ടിട്ടില്ലാത്ത, മാധ്യമലോകം അടക്കിപ്പിടിച്ച് ഒതുക്കിപ്പറഞ്ഞ, ബുഷിന്റെ ആവേശകരമായ ആ പ്രസംഗത്തിന്റെ അൽപഭാഗം നമുക്ക് ശ്രദ്ധിക്കാം. ഇലക്ട്രോണിക് മീഡിയ അവരുടെ വെബ്സൈറ്റിൽ നിന്നും (അത് താഴെ കൊടുക്കുന്നു) അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പൂർണ്ണരൂപം നീക്കം ചെയ്തിട്ടില്ലെങ്കിൽ അറിയാൻ താൽപര്യമുള്ളവർക്ക് അത് അവിടെയും വായിക്കാം. ഇൻഷാ അല്ലാഹ്.

“............the Afghan women are shedding their burkas for good old American tank tops, that girls are going back to school reading "How the

West Was Won", and that the most important cultural icon of western civilization, television, is back. Afghans are now happy and free to roam the country planting poppy seeds. Americans and especially American children should be proud of their generosity of sending money and food to Afghanistan. It warms my heart to see Afghan children enjoying my favorite foods, peanut butter, jelly and pretzels. Although the war in Afghanistan is winding down, we still have a long way to go in many other Arab and Muslim nations. We won't stop until every Arab and Muslim is disarmed, unveiled, shaven, irreligious, indoctrinated, peaceful, and loves America. I am determined to use all of our resources to bring that about before my next election."

"...Well, turn around is fair play. It is now our turn as Prime Minister Blair said "Let us reform the world in our image." Thus by the Grace of our Judeo-Christian it is us, the civilized white people of the world who will impose our decent, loving, and libertarian beliefs on a world hungry for our money and message. Men and women will no longer to be forced to wear beards or cover their faces and bodies....."

(site: http://www.mediamonitors.net Quote: Bush's "State of The Union Address": Uncensored - By Mohamed Khodr)

"....അമേരിക്കയിലെ പണ്ടേ അറിയപ്പെടുന്ന ടാങ്ക് ടോപ്പുകൾ ("V" ആകൃതിയിൽ കഴുത്തുള്ള കയ്യില്ലാത്ത ഒരിനം കുപ്പായം) ക്കു പകരമായി അഫ്ഘാനി വനിതകൾ തങ്ങളുടെ പർദ്ദ കൾ ഉരിഞ്ഞുമാറ്റി, ആ പെൺകുട്ടികൾ സ്കൂളുകളി ലേക്ക് പോകുന്നതാവട്ടെ "പാശ്ചാത്യർ വിജയികളായതെങ്ങിനെ" എന്ന് വായിച്ചറിഞ്ഞ്കൊണ്ടാണ്, പാശ്ചാത്യ പരിഷ്ക്കാര ത്തിന്റെ സുപ്രധാന സാംസ്കാരിക ഘടകമായ ടെലിവിഷൻ തിരികെയെത്തി. അഫ്ഘാനികൾ ഇന്ന് സന്തുഷ്ടരും രാജ്യത്തെവിടെയും കറങ്ങി പോപ്പിച്ചെടിയുടെ വിത്തുകൾ (ഇതിൽ നിന്നാണ് ലഹരിവസ്തുക്കൾ ഉണ്ടാക്കുന്നത്) നടാനും അവർ സ്വതന്ത്രരാണ്. അഫ്ഘാനിലേക്ക് പണവും ഭക്ഷണവും അയക്കുന്നതിൽ അമേരിക്കക്കാർക്കുള്ള വിശേഷിച്ചും അമേരിക്കൻ കുട്ടികൾക്കുള്ള മഹാമനസ്കതയിൽ അവർ തീർച്ചയായും അഭി മാനാർഹരാണ്. എന്റെ ഇഷ്ടഭക്ഷണങ്ങളും പീനട്ട് ബട്ടറും (നില ക്കടല അരച്ച് ലേഹ്യം പരുവത്തിലാക്കിയത്) ജെല്ലിയും (കുറുക്കി യെടുത്ത ഫലസത്ത്) പ്രസൽസും (ഉപ്പു ചേർത്തുണ്ടാക്കിയ ഒരിനം കുക്കീസ്) അഫ്ഘാൻ കുട്ടികൾ ആസ്വദിക്കുന്നത്

കാണുമ്പോൾ എന്റെ ഹൃദയം ത്രസിക്കുകയാണ്. അഫ്ഘാനിൽ താരതമ്യേന യുദ്ധം അവസാനിക്കുന്നുവെങ്കിലും മറ്റു ധാരാളം അറബ് - മുസ്‌ലിം പ്രദേശങ്ങളിലേക്കുള്ള സുദീർഘമായ പാത നമുക്ക് താണ്ടാനുണ്ട്. ഓരോ അറബിയും, മുസ്‌ലിമും നിരായുധരും മുഖാവരണമില്ലാത്തവരും മുഖം ഷേവു ചെയ്തവരും മതാഭിമുഖ്യമില്ലാത്തവരും സദുപദേശകരും സമാധാനപ്രിയരും അമേരിക്കയെ സ്നേഹിക്കുന്നവരും ആവുന്നത് വരെ നാമിത് അവാസനിപ്പിക്കാൻ പോകുന്നില്ല. എന്റെ അടുത്ത തിരഞ്ഞെടുപ്പിനു മുമ്പുതന്നെ അത് നടപ്പാക്കാൻ വേണ്ട എല്ലാ സൗകര്യങ്ങളുപയോഗപ്പെടുത്തിയെന്ന് ഞാനുറപ്പ് വരുത്തും."

"........ശരി, നമുക്കിതിൽ നിന്നും പിന്മാറാം. അതാണ് ശരിയായ കളി. ഇപ്പോൾ ഇതാണ് നമ്മുടെ ഊഴം. (ബ്രിട്ടീഷ്) പ്രധാനമന്ത്രി ബ്ലയർ പറഞ്ഞപോലെ: "നമ്മുടെ ഭാവനയിലുള്ള ഒരു ലോകം നമുക്ക് പുനരാവിഷ്കരിക്കാം." അത്പ്രകാരം നമ്മുടെ ജൂത-ക്രൈസ്തവ ദൈവത്തിന്റെ അനുഗ്രഹത്താൽ അത് (ആ ബാധ്യത) നമുക്കുള്ളതാണ്. ലോകത്തിലെ സംസ്കൃതരായ വെളുത്ത മനുഷ്യരുടെ. നമ്മുടെ പണത്തിന്നും സന്ദേശത്തിന്നും വേണ്ടി ദാഹിക്കുന്ന ലോകത്തിനുമേൽ നാം നിർബന്ധപൂർവ്വം ചെലുത്തുന്ന മാന്യവും സ്നേഹപരവും സ്വതന്ത്രേച്ഛയാലുമുള്ള നമ്മുടെ വിശ്വാസത്തിന്റെ അനിവാര്യകർത്തവ്യമാണത്. സ്ത്രീയാവട്ടെ പുരുഷനാവട്ടെ താടി വെക്കാനോ മുഖമോ ശരീരമോ മറക്കാനോ അധികകാലം അവരെ നിർബന്ധിക്കപ്പെടുകയില്ല..."

മനസ്സിന്റെ തീവ്രമായ സമ്മർദ്ദത്താൽ ഈ വിനീതൻ ഈ വിഷയത്തിൽ നിന്നും പേന മാറ്റുകയാണ്. ഇതിനപ്പുറത്തേക്കുള്ള ആ പ്രഭാഷണ ഭാഗങ്ങൾ വളരെ മ്ലേച്ഛവും തർജമ ചെയ്യാനറപ്പുണ്ടാക്കുന്നവയുമാണ്. (വായിച്ചറിയണമെന്ന് താത്പര്യമുള്ളവർ പ്രസ്തുത ലിങ്ക് പരിശോധിക്കുമല്ലോ).

ആ മനസ്സുപോലെ അയാൾ പ്രവർത്തിച്ചു. ഈ പ്രവർത്തനത്തിന്റെ പിന്നാമ്പുറ ചിത്രം അറിയുന്നവർ മുസ്‌ലിം ലോകത്ത് വിരളം. ഇസ്‌ലാമിന്റെ ചിഹ്നങ്ങളെയും ആചാരങ്ങളെയും ഉന്മൂലനം ചെയ്യാനുള്ള ഒരു മനസ്സുണ്ടെന്ന് അധികമാരും അറിയാതെപോയി. ഇനിയെങ്കിലും അയാൾക്ക് അല്ലാഹു സൽബുദ്ധി തോന്നിക്കട്ടെ എന്ന് മോഹപൂർവ്വം പ്രാർഥിച്ചു പോവുന്നു. ഒരു രാഷ്ട്രനായകൻ നന്നായാൽ അതിന്റെ ഫലം ആ നാടിന്നാകമാനം അനുഭവിക്കാനാവുമല്ലോ; അയാൾ ഏത് മതക്കാരനായാലും ശരി.

# സമത്വചിന്തയും, തിരഞ്ഞെടുപ്പും പിന്നെ പ്രബോധകരും

സ്ത്രീ പുരുഷ സമത്വം, സ്ത്രീ സ്വാതന്ത്ര്യം എന്നൊക്കെയുള്ള ആശയങ്ങൾ അനവധി വർഷങ്ങൾക്ക് മുമ്പുതന്നെ പാശ്ചാത്യ രാജ്യങ്ങളിൽ നിന്നു കേട്ടുതുടങ്ങിയെങ്കിലും ഇന്ത്യയിൽ ഈയടുത്ത കാലത്താണത് സജീവമായത്. പുരുഷനെപോലെ സ്ത്രീകൾക്കും തുല്യപദവിയും പരിഗണനയും വേണം എന്നുള്ളത് കേൾക്കാൻ നല്ല ആശയമാണെങ്കിലും ഇസ്‌ലാം അതിനകത്തെ നിഗൂഢതകളും ദൂരവ്യാപകമായ ഭവിഷ്യത്തുകളുമാണ് അനാവരണം ചെയ്തത്. ഇസ്‌ലാമേതര സംസ്കാരങ്ങൾ ഈ ആശയത്തെ പരമാവധി ഫലപ്രാപ്തിയിലെത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നിട്ടും ചില മതസമൂഹങ്ങൾ ഈ ആശയത്തോട് ഇപ്പോഴും മുഖം തിരിഞ്ഞുതന്നെയാണുള്ളത്.

ഇസ്‌ലാം ഇതിനോട് യോജിക്കുന്നുണ്ടോ എന്നാണ് നാം പരിശോധിക്കേണ്ടത്. പുരുഷനെ അല്ലാഹു ﷻ ആദ്യം സൃഷ്ടിച്ചു. അല്ലാഹുവിന്റെ സ്വന്തം കരങ്ങൾകൊണ്ട് രൂപപ്പെടുത്തിക്കൊണ്ടു തന്നെ. അല്ലാഹുവിന്റെ സൃഷ്ടിപ്രക്രിയയുടെ പൊതുവായ രീതി എന്നാൽ അങ്ങിനെയല്ല. അല്ലാഹു ﷻ ഒരു കാര്യം ഉദ്ദേശിക്കുകയും ആ ഉദ്ദേശ്യത്തോട് كن (ഉണ്ടാവൂ) എന്ന് പറയുകയും ചെയ്യലാണ്. പൊതുവായ ആ രീതിയിൽ നിന്ന് വ്യത്യസ്തമായി മനുഷ്യ സൃഷ്ടിപ്പിൽ കളിമണ്ണിന്റെ സത്തകൊണ്ട് രൂപമുണ്ടാക്കുകയും ആത്മാവിനെ അതിലേക്ക് എത്തിക്കുകയുമാണ് ചെയ്തത്. അതുവഴി മറ്റു സൃഷ്ടിജാലങ്ങളേക്കാൾ മനുഷ്യനെ അല്ലാഹു ﷻ ആദരിച്ചു. ആ ആദ്യമനുഷ്യന്റെ (ആദമിന്റെ) സൃഷ്ടിപ്പിന്നുശേഷം മലക്കുകളോട് ആദമിന്നു സുജൂദ് ചെയ്യാൻ അല്ലാഹു കല്പിച്ചു. മനുഷ്യനു അല്ലാഹു ﷻ നൽകിയ മറ്റൊരാദരവാണിത്. ഒരു സൃഷ്ടിയും മറ്റൊരു സൃഷ്ടിയെ നമിച്ചുകൂടാ. പ്രണാമം സ്രഷ്ടാവായ അല്ലാഹു ﷻ വിന്നു

മാത്രം. ഇവിടെ സുജൂദ് ചെയ്യാൻ കൽപന നൽകിയത് അല്ലാഹു ﷻ വാണ്. എന്തിനാണോ സുജൂദ് ചെയ്യേണ്ടത് അതിന്ന് സുജൂദ് ചെയ്യുക എന്ന ഒരു സൃഷ്ടിയുടെ വിനയപൂർവ്വമുള്ള അനുസരണം മാത്രമാണ് ഇവിടെ നാം കാണുന്നത്. സ്രഷ്ടാവായ അല്ലാഹു ﷻ വെ അനുസരിക്കുക എന്നതാണ് എല്ലാ സൃഷ്ടികളുടെയും ജീവി തദൗത്യം.

മനുഷ്യരും ജിന്നുകളുമൊക്കെ അല്ലാഹു ﷻ വിന്റെ സൃഷ്ടി കളാണെങ്കിലും ഈ രണ്ടു വർഗ്ഗങ്ങൾക്കും കൂടിയുള്ള ദൂത നായി അല്ലാഹു ﷻ തെരഞ്ഞെടുത്തത് മനുഷ്യനിൽ നിന്നാണ്. ഇതും അല്ലാഹു ﷻ നൽകിയ ആദരവാണ്. ഒരു സൃഷ്ടിക്കു (മനുഷ്യന്) സഞ്ചരിക്കാനായി അല്ലാഹുവിന്റെ മറ്റൊരു സൃഷ്ടിയെ (വിവിധയിനം മൃഗങ്ങളെ) വാഹനമാക്കിക്കൊടുത്തത് മനുഷ്യനു മാത്രമാണ്. പൊതുവിൽ മറ്റൊരു സൃഷ്ടിക്കും ഈ സൗഭാഗ്യം അല്ലാഹു ﷻ നൽകിയിട്ടില്ല. അങ്ങിനെയും അല്ലാഹു ﷻ മനുഷ്യരെ ആദരിച്ചു. അല്ലാഹു ﷻ എല്ലാ സൃഷ്ടികളെയും ഇണകളായാണ് സൃഷ്ടിച്ചത്.

وَمِن كُلِّ شَيْءٍ خَلَقْنَا زَوْجَيْنِ .... ﴿٤٩﴾

(എല്ലാ വസ്തുക്കളിൽ നിന്നും ഈ രണ്ട് ഇണകളെ നാം സൃഷ്ടിച്ചിരിക്കുന്നു - ദാരിയാത് 49)

അറിയപ്പെട്ടിടത്തോളം സൃഷ്ടിക്കപ്പെട്ട ഒന്നിന്റെ ഒരംശം കൊണ്ടുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുക എന്നത് മനു ഷ്യനിലാണ് സംഭവിച്ചത്. ഖുർആൻ വ്യാഖ്യാതാക്കളേറെയും പറഞ്ഞപോലെ ആദം عليه السلام ന്റെ ഒരു വാരിയെല്ലിൽ നിന്നാണ് ആദ്യത്തെ സ്ത്രീയെ - ഹവ്വാ ബീവിയെ - അല്ലാഹു ﷻ സൃഷ്ടി ച്ചത്. ഇതും അല്ലാഹു ﷻ മനുഷ്യനു നൽകിയ മറ്റൊരാദരവാണ്. ഇനി ഈ ഖുർആൻ വാക്യം ഒന്ന് പാരായണം ചെയ്യാം.

۞وَلَقَدْ كَرَّمْنَا بَنِيٓ ءَادَمَ وَحَمَلْنَٰهُمْ فِي ٱلْبَرِّ وَٱلْبَحْرِ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ وَفَضَّلْنَٰهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تفضيلا ﴿٧٠﴾

“ആദമിന്റെ സന്തതികളെ - മനുഷ്യരെ - തീർച്ചയായും നാം ആദരിച്ചിട്ടുണ്ട്. കരയിലും കടലിലുമായി നാമവരെ (വാഹനത്തി

ലായി) വഹിക്കുകയും ചെയ്തിട്ടുണ്ട്. വിശിഷ്ട വസ്തുക്കളിൽ നിന്ന് നാമവരെ ആഹരിപ്പിക്കുകയും ചെയ്തു. നാം സൃഷ്ടിച്ചവരിൽ പലരേക്കാളും വലിയ ശ്രേഷ്ഠത നാമവർക്കു നൽകുകയും ചെയ്തു" – ഇസ്റാഅ് 70.

# സ്ത്രീ പുരുഷനു വേണ്ടി

**ഹ**വ്വാ ബീവിയെ ആദം ﷺ എന്ന പുരുഷനിൽ നിന്ന് അദ്ദേഹത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടു എന്നൊരു സൂചന മുകളിൽ നിന്ന് കിട്ടിയല്ലോ... സ്ത്രീ, പുരുഷന്നു കീഴിൽ അടിച്ചമർത്തപ്പെട്ടവളായി കഴിയണമെന്ന അർഥമൊന്നും ഇതിന്നില്ല. സ്ത്രീയെ അല്ലാഹു ﷻ എന്തിനു സൃഷ്ടിച്ചു എന്നതിലേക്ക് വെളിച്ചം തരുന്ന മൂന്ന് ഖുർആൻ വാക്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു.

۞هُوَ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَجَعَلَ مِنْهَا زَوْجَهَا لِيَسْكُنَ إِلَيْهَا .... ﴿١٨٩﴾

ഒരേയൊരു ശരീരത്തിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചവൻ അവനത്രെ! അതിൽ നിന്നുതന്നെ (ആ ശരീരത്തിൽ നിന്നു തന്നെ) അതിന്റെ ഇണയെയും ആക്കി (ഉണ്ടാക്കി) അവൻ അവളിൽ സമാധാനിക്കുവാൻ വേണ്ടി - അഅ്റാഫ് 189).

وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أزواجا لِّتَسْكُنُوٓاْ إِلَيْهَا ﴿٢١﴾

("നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്കുവേണ്ടി ഇണകളെ (ഭാര്യമാരെ) അവൻ സൃഷ്ടിച്ചു തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. നിങ്ങൾ അവരിൽ സമാധാനം കൊള്ളാൻ വേണ്ടി." - റൂം 21).

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمُ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا

زَوْجَهَا ..... ﴿١﴾

("ജനങ്ങളെ നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്നു തന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും...... ചെയ്തവനായ നിങ്ങളുടെ റബ്ബിനെ നിങ്ങൾ സൂക്ഷിക്കുവീൻ..." നിസാഅ് 1)

മേലുദ്ധരിച്ച മൂന്ന് ഖുർആൻ വാക്യങ്ങളും സശ്രദ്ധം പാരായണം

ചെയ്യുക. രണ്ട് കാര്യങ്ങൾ ഇതിൽനിന്നും വ്യക്തമാവും. ഈ ആയത്തുകളിലെ അഭിസംബോധനയും ഇതിനകത്തെ സന്ദേശവും ഇതിലെ “നിങ്ങൾ” എന്ന് അഭിസംബോധന ചെയ്യുന്നത് പുരുഷനോടാണ്. പുരുഷന്മാരെ.... നിങ്ങൾ മനസ്സിലാക്കുവിൻ എന്ന ധ്വനി, നിങ്ങൾക്കുവേണ്ടിയാണ് സ്ത്രീയെ സൃഷ്ടിച്ചത് എന്നാണ് സന്ദേശം. പുരുഷനു സമമായി സ്ത്രീയെ സൃഷ്ടിച്ചു എന്നല്ല. അത് മറ്റൊരിടത്ത് അല്ലാഹു ﷻ വളരെ വ്യക്തമായി പറയുന്നുണ്ട്. ‘ആണ് പെണ്ണിനെപ്പോലെയല്ല...’ ﴿٣٦﴾ .... وَلَيْسَ ٱلذَّكَرُ كَٱلْأُنثَىٰ...... (ആലു ഇംറാൻ – 36) ഇത് ശരീരപ്രകൃതിയെ സംബന്ധിച്ചാണെന്ന് ആരും തെറ്റിദ്ധരിക്കില്ലല്ലോ... കീരി പാമ്പിനെപ്പോലെയല്ല എന്നു പറയുന്നത് പോലെ എല്ലാവർക്കും അറിയുന്ന കാര്യമാണല്ലോ ശരീരപ്രകൃതിയിലെ വ്യത്യാസം. അവന്റെ കായബലത്തിൽ, ധിഷണയിൽ, ശാരീരികാവസ്ഥയിൽ, ബുദ്ധിശേഷിയിൽ, കർമ്മഫലത്തിൽ, സാമൂഹിക പ്രതിബദ്ധതകളിൽ തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ സ്ത്രീക്ക് പുരുഷനു തുല്യം എന്നു പറയാനാവാത്ത വിധം വിദൂരതയുണ്ട്. കാലങ്ങളിലെപ്പോഴെങ്കിലും എവിടെയെങ്കിലും ഇതിനു വിപരീതവും അപൂർവ്വവുമായ ശേഷി ഏതെങ്കിലും സ്ത്രീക്ക് കൈ വന്നാൽ തന്നെ അത് പൊതുവായ ഒരു തത്വമായി പറയാവതല്ല. ഇംറാന്റെ പത്നിയാണ് മുകളിൽ പറഞ്ഞ “ആണ് പെണ്ണിനെപ്പോലെയല്ല” എന്ന് പറഞ്ഞത്. വിശുദ്ധ ഖുർആനിലൂടെ നമുക്ക് അല്ലാഹു ﷻ അത് വിവരിച്ചുതന്നു. ഇംറാന്റെ പത്നി തന്റെ ഗർഭത്തിലുള്ള കുഞ്ഞിനെ ബൈത്തുൽ മുഖദ്ദിസിന്റെ സേവകനാക്കാമെന്ന് നേർച്ച ചെയ്തിരുന്നു. തന്റെ ഗർഭസ്ഥ ശിശു ആണാവുമെന്ന മോഹത്തിലായിരുന്നു അത്. പ്രസവിച്ചപ്പോൾ, കുട്ടി പെണ്ണായതിലുള്ള വേവലാതി അവരാ പറഞ്ഞതിലുണ്ടായിരുന്നു. ബൈത്തുൽ മുഖദ്ദിസിൽ അക്കാലത്തെ പതിവുരീതിയനുസരിച്ച് സേവനത്തിനായി കുഞ്ഞുങ്ങളെ നേർച്ചയാക്കൽ അതിന്റെ പൂർണ്ണാർഥത്തിൽ സാധിക്കാതെ വന്നപ്പോഴുള്ള സങ്കടമാണ് അവരെ അപ്രകാരം പറയിപ്പിച്ചത്. ഈ പെൺകുട്ടിയാണ് ലോകോത്തര മഹതികളുടെ പദവിയിലേക്കയുർന്ന മറിയം عليها السلام, ഈസാ عليه السلام മിന്റെ മാതാവ്! ഈ വിതാനത്തിലേക്കുയർന്ന മറ്റൊരു സ്ത്രീയും അതിനു മുമ്പോ പിമ്പോ ലോകത്ത് ഉണ്ടായിട്ടില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു ﷻ പറയുന്നു:

وَإِذْ قَالَتِ ٱلْمَلَٰٓئِكَةُ يَٰمَرْيَمُ إِنَّ ٱللَّهَ ٱصْطَفَىٰكِ وَطَهَّرَكِ وَٱصْطَفَىٰكِ عَلَىٰ نِسَآءِ ٱلْعَٰلَمِينَ ﴿٤٢﴾

("മലക്കുകൾ പറഞ്ഞ സന്ദർഭവും (ശ്രദ്ധിക്കുക), മർയമേ! തീർച്ചയായും അല്ലാഹു നിന്നെ പ്രത്യേകം തിരഞ്ഞെടുക്കുകയും നിനക്കു പരിശുദ്ധി നൽകുകയും, സർവ്വലോക വനിതകളിലും വെച്ച് (ഏറ്റവും) ഉൽകൃഷ്ടയായി നിന്നെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു" - (ആലു ഇംറാൻ 42)

മുസ്‌ലിംകളുടെ വിശ്വാസചരിത്രത്തിൽ വന്ന ഈ അപൂർവ്വസം ഭവം പിന്നെ ആവർത്തിക്കപ്പെട്ടില്ല. ആസിയ, ഖദീജ, ആയിഷ ബീവി رضي الله عنهن മാരെപ്പോലുള്ളവർ ഇതിനു മുമ്പോ പിമ്പോ ആയി വന്നുപോ യെങ്കിലും വിശ്വാസീസമൂഹത്തിന്റെ ഗതകാലതാളുകളിൽ അവർ ചെറിയ ശതമാനം മാത്രം. ഇബാദത്തിന്റെ കാര്യത്തിൽ എന്നാൽ ഈ വകഭേദമൊന്നും ഇല്ല താനും, അല്ലാഹു ﷻ പറയുന്നു.

وَمَن يَعْمَلْ مِنَ ٱلصَّٰلِحَٰتِ مِن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُو۟لَٰٓئِكَ يَدْخُلُونَ ٱلْجَنَّةَ وَلَا يُظْلَمُونَ نَقِيرًا ﴿١٢٤﴾

("ആണാവട്ടെ പെണ്ണാവട്ടെ ആർ സത്യവിശ്വാസിയായി ക്കൊണ്ട് സൽക്കർമ്മങ്ങൾ ചെയ്യുന്നുവോ? അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒട്ടുംതന്നെ അനീതി കാണിക്ക പ്പെടുന്നതല്ല.." നിസാഅ് - 124).

ഇങ്ങിനെ ആരാധനകളിൽ, സൽക്കർമ്മങ്ങളിൽ സ്ത്രീക്ക് പുരുഷനോളമോ അതിനുമപ്പുറമോ ഉന്നതമായ അവസ്ഥയി ലെത്തിച്ചേരാനാവും. എന്നാൽ പൊതുജീവിതത്തിൽ അവൾ, പുരുഷന്റെ ഉത്തരവാദിത്വത്തിലേക്ക് സമപ്പെടുത്തിക്കൊണ്ടു വരേണ്ടതില്ല, അതിന്നു പരിശ്രമിക്കേണ്ടതുമില്ല. പരിശ്രമിച്ചാൽ സ്ത്രീകളിൽ ചിലർക്കൊക്കെ ആ സമത്വവിതാനത്തിലേക്കെത്താൻ കഴിയുമെങ്കിലും ശരി.

ഇസ്‌ലാമിൽ സ്ത്രീയുടെയും പുരുഷന്റെയും ഉത്തരവാ ദിത്വങ്ങൾ വെവ്വേറെയാണ്. അതിനാൽ എനിക്കു പുരുഷനു മായി സമത്വം വേണമെന്ന് സ്ത്രീയോ, സ്ത്രീയുമായി സമത്വം വേണമെന്നു പുരുഷനോ വാദിക്കുകയോ പരിശ്രമിക്കുകയോ ചെയ്യേണ്ടതില്ല. ഇങ്ങിനെയുള്ള സമത്വചിന്തകളെയും സദൃശ്യമാ കലിനെയും ഇസ്‌ലാം നിഷിദ്ധമാക്കുന്നു.

# മത താരതമ്യം; ചില മാതൃകകൾ

**ഇതരസമുദായങ്ങളെ അനുകരിക്കൽ:** സദൃശ്യമാക്കലിന്റെ വിവരണം ഇവിടം കൊണ്ടുതന്നെ തുടങ്ങട്ടെ. ഈ പ്രവണത മുസ്‌ലിം സ്ത്രീ പുരുഷന്മാരിൽ വളരെ വർദ്ധിച്ചിട്ടുണ്ട്. മുസ്‌ലിം സമൂഹത്തിനകത്തെ വിഷയങ്ങൾ ചർച്ച ചെയ്യും മുമ്പെ അവ യൊന്ന് പരിശോധിക്കേണ്ടതുണ്ട്.

ഇസ്‌ലാമെന്നത് ഒരു വിശ്വാസം മാത്രമല്ല, ഒരു സംസ്‌ക്കാരവും ജീവിതമാർഗ്ഗവുമാണ്. ഒരു മനുഷ്യൻ, അവനെ ഗർഭം ധരിച്ചതുമുതൽ അവന്റെ വളർച്ചയും ഇടപാടുകളും, വിവാഹവും തുടങ്ങി അവനെ മരണാനന്തര ജീവിതത്തിലേക്ക് യാത്രയാക്കുന്നത് വരെ എല്ലാ കാര്യങ്ങളും അത് ചർച്ച ചെയ്യുന്നു. സർവ്വജീവിത ചലനങ്ങളിലേക്കും സ്പർശിച്ചു നിൽക്കുന്ന ഇത്രമാത്രം ജീവിതബദ്ധമായ ഒരു മതം ഇസ്‌ലാമിലൂടെയല്ലാതെ ഭൂമുഖത്ത് ദർശിക്കാനായിട്ടില്ല. എത്രത്തോളമെന്നാൽ മലമൂത്ര വിസർജ്ജനം പോലും, അതിന്നായി എവിടെ ഉപയോഗിക്കണം, എങ്ങിനെ പ്രവേശിക്കണം, എങ്ങിനെ ഇരിക്കണം, എങ്ങിനെ ശൗച്യം ചെയ്യണം എന്ത് കൊണ്ടൊക്കെ ശൗച്യം ചെയ്യണം എപ്രകാരം പുറത്തേക്ക് വരണം എന്നൊക്കെ അത് ചർച്ച ചെയ്യുന്നു.

ഒരു സംഭവം ശ്രദ്ധിക്കുക. ചില ബഹുദൈവാരാധകർ സൽമാൻ رضي الله عنه നോട് പരിഹാസരൂപത്തിൽ ഇങ്ങിനെ പറഞ്ഞു: ‘നിങ്ങളുടെ നേതാവ് എല്ലാ കാര്യങ്ങളും നിങ്ങൾക്കു പഠിപ്പിച്ചുതരുന്നുണ്ടല്ലോ; മലമൂത്ര വിസർജനം ചെയ്യുന്നത് വരെ!” അദ്ദേഹം പറഞ്ഞു: “അതെ, ഖിബ്‌ലയെ അഭിമുഖീകരിക്കരുതെന്നും വലതു കൈകൊണ്ട് ശൗച്യം ചെയ്യരുതെന്നും (കല്ല് കൊണ്ട് ശുദ്ധി വരുത്തുകയാണെങ്കിൽ അത്) മൂന്ന് കല്ലിൽ കുറയരുതെന്നും അതിൽ എല്ലു

കളോ മൃഗങ്ങളുടെ കാഷ്ടമോ ഉണ്ടാവരുതെന്നും ഞങ്ങളോട് കൽപി ച്ചിട്ടുണ്ട്." (ഇബ്നു മാജഃ)

ഇക്കാലത്ത് മറ്റു മതങ്ങളിലെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ജീവിതരീതികളെയും പെരുമാറ്റങ്ങളെയും അനുകരിക്കുക എന്നത് മുസ്‌ലിംകളിൽ അറിഞ്ഞോ അറിയാതെയോ വല്ലാതെ അധികരിച്ചിട്ടുണ്ട്. പ്രവാചകൻ ﷺ പറഞ്ഞു:

من تشبه بقومٍ فهو منهم (صحيح ابوداود، مسند احمد)

("ഒരു സമുദായത്തോട് സദൃശ്യമായവനാരോ അവൻ അവരിൽ പെട്ടവനാണ്" - അബൂദാവൂദ്, അഹ്മദ്).

ഈ ഉദ്ധരണിക്ക് വളരെ വിശാലമായ വിശദീകരണങ്ങൾ പണ്ഡിതന്മാർ നൽകിയിട്ടുണ്ട്. ഏതൊക്കെ വിഷയങ്ങളിലാണോ ഒരു മുസ്‌ലിം മറ്റൊരു സമുദായത്തോട് സാദൃശ്യമായത് അതിന്റെ ഗൗരവമനുസരിച്ച് അയാളുടെ പാപം പരിഗണിക്കപ്പെടും. ചിലപ്പോൾ അതുമൂലം അയാൾ ഇസ്‌ലാമിൽ നിന്നു പുറത്താവുകയും ചെയ്യും.

"അവരിൽ പെട്ടവനായി" എന്നത് കൊണ്ടുതന്നെ ഒരാളുടെ ഇസ്‌ലാം അയാളിൽ നിന്നില്ലാതാവാൻ അത് വേണ്ടത്ര മതിയാവും. ഈ ഇല്ലാതാവലിൽ ചില വിതാന വ്യത്യാസങ്ങളുണ്ടാവുമെന്നു മാത്രം! അവരുടെ ആരാധ്യവസ്തുവിന്റെയോ ആരാധനാലയത്തിന്റെയോ മുമ്പിലൊ മരിച്ചുപോയ നേതാവിന്റെ ശവത്തിലോ ശവകുടീരത്തിലോ ഛായാചിത്രത്തിലോ പൂക്കളർപ്പിച്ചും അഗ്നി തെളിയിച്ചും കൂപ്പുകൈയോടെയും ഭവ്യതയോടെയും നിൽക്കുക. ഇത് ബഹുദൈവാരാധകരുടെ വിശ്വാസരീതിയാണ്. ഇതൊരു മുസ്‌ലിം ചെയ്താൽ ഇസ്‌ലാം അയാളിൽ നിന്നില്ലാതായി. വിളക്കു തെളിയിച്ചുള്ള ഉദ്ഘാടനവും അപ്രകാരം തന്നെ. തീയാണ് ഇവിടെ തെളിയിക്കുന്നത്. അതിന്ന് പ്രത്യേക വിളക്കു പാത്രങ്ങളുമുണ്ടായേക്കും. ചിലപ്പോൾ അതിന്ന് പൂമാല ചാർത്തിയെന്നുമിരിക്കും. ഈ തീയെ ആദരിക്കലും തീ തെളിയിക്കലുമൊക്കെ ഒരു സമൂഹത്തിന്റെ വിശ്വാസത്തിന്റെ ഭാഗമാണ്. ചില ഗവൺമെന്റ് പരിപാടികളിൽ വരെ ഈ ആചാരം കണ്ടുവരുന്നുവെന്നത് ഖേദകരം തന്നെ! ജനാധിപത്യ പ്രക്രിയയിൽ ഇത്തരം ശീലങ്ങളൊക്കെ ഗവൺമെന്റ് പരിപാടികളിൽ നിന്നെങ്കിലും മാറ്റിനിർത്തി പരിപാടിയോടനു

യോജ്യമായ മറ്റു രീതികൾ സ്വീകരിക്കുന്നതാവും നന്നാവുക. ഏതായാലും തീയെ ആദരിക്കുന്നതിൽ നിന്നും മുസ്‌ലിംകൾ മാറി നിൽക്കേണ്ടതാണ്. മറ്റുള്ള സമുദായങ്ങളെ വീണ്ടുവിചാരമില്ലാതെ അനുകരിക്കുന്ന ഒട്ടേറെ ശീലങ്ങൾ മുസ്‌ലിംകളിൽ പലരും ചെയ്തുപോരുന്നുണ്ട്. താടിവടിക്കലാണ് ഇതിലൊന്ന്. ഇത് അവിശ്വാസികളുടെ രീതിയാണ്. റസൂൽ ﷺ പറഞ്ഞു

خالفوا المشركين وفروا اللحى وأحفوا الشواربَ (صحيح البخاري - 5892 )

“ബഹുദൈവവിശ്വാസികളുമായി നിങ്ങൾ ഭിന്നരാകുവിൻ. താടി നീട്ടുകയും മീശ ചെറുതാക്കുകയും ചെയ്യുവിൻ.” (ബുഖാരി, മുസ്‌ലിം)

ദശക്കണക്കിനു ഹദീഥുകൾ ഇത് സംബന്ധിച്ചു വന്നിട്ടുണ്ട്; കല്പനാ രൂപത്തിൽ തന്നെ اعفوا، أوفوا، أرخوا، ارجوا، وفروا എന്നിങ്ങനെ അഞ്ചു വ്യത്യസ്തശൈലികളിലാണ് ഈ കല്പനകളൊക്കെ. അത് കൊണ്ടുതന്നെയാണ് ഇതെല്ലാം വിവരിച്ച ഹദീഥ് വ്യാഖ്യാതാക്കൾ പൊതുവെ പറഞ്ഞത്.

ومعناها جميعاً الأمر بترك اللحية على حالها وتكثيرها

(ഇതിന്റെയെല്ലാം അർഥം താടിയെ (ഒന്നും ചെയ്യാതെ) അതിന്റെ അവസ്ഥയിലും അതിനെ അധികരിപ്പിച്ചുകൊണ്ടും വിട്ടേക്കുക എന്ന കല്പനയാണ്). ഇമാം ഷാഫിഈ رحمه الله തന്റെ الأم എന്ന ഗ്രന്ഥത്തിൽ താടി വടിക്കൽ ഹറാം എന്നു പറഞ്ഞു. ഇമാം നവവി رحمه الله യും അത് തന്നെ പറഞ്ഞു. ഇമാം ഇബ്നു ഹസം ( ابن حزم) رحمه الله തന്റെ المحلّي യിൽ ഇങ്ങിനെ ഉദ്ധരിക്കുന്നു.

الإجماع على أن قصّ الشارب وإعفاء اللحية فرض( أبو محمد بن حزم -المُحلّى)

“മീശവെട്ടലും താടി നീട്ടലും فرض (നിർബന്ധ)മാണ് എന്നതിന്ന് اجماع(പണ്ഡിതന്മാർക്ക് അഭിപ്രായയോജിപ്പ്) ഉണ്ട്” എന്ന്. ഇമാം ഗസ്സാലി رحمه الله തന്റെ "إحياء علوم الدين" ൽ പറയുന്നു:

ونتف الفنكين بدعة (الغزالي - "إحياء علوم الدين" الجزء الثاني)

“രണ്ടു فنك കളിലുള്ളത് നീക്കം ചെയ്യൽ ബിദ്അത്താണ്.” ഫനക് എന്നത് عنفق ന്റെ വലതും ഇടതുമുള്ള സ്ഥലമാണ്. عنفق എന്നത് കീഴ്ചുണ്ടിനോട് ചേർന്ന് താഴെ മധ്യത്തിൽ വളരുന്ന രോമസ്ഥലമാണ്. ഇപ്പോൾ രണ്ടു ഫനകുകൾ എവിടെയെന്ന് വായന

ക്കാർക്കു മനസ്സിലാവും. ഈ പറഞ്ഞ പദങ്ങൾക്കൊക്കെ മലയാളത്തിൽ നേർക്കുനേർ അർഥം പറയാൻ പദദാരിദ്ര്യം വന്നത് കൊണ്ടാണ് ഇപ്രകാരം വിവരിച്ചത്. ഉമർ ﵁ വും അഞ്ചാം ഖലീഫ എന്ന പേരിൽ വിശ്രുതനായ ഉമർ ബിൻ അബ്ദുൽ അസീസ് ﵁ മൊക്കെ ഫനക് നീക്കം ചെയ്ത ആളുകളെ സാക്ഷിക്കു കൊള്ളാത്തവരായാണ് പരിഗണിച്ചത്. കാര്യം ഇപ്രകാരമായിരിക്കെ നമ്മുടെ നാട്ടിലെ മിക്ക മതാധ്യാപകരും മതപ്രബോധകരും ഖാദിമാരും പള്ളിക്കമ്മിറ്റി പ്രസിഡണ്ടുമാരും തുടങ്ങി ഈ പറഞ്ഞവരുടെയൊക്കെ മക്കൾ വരെ ഫനക്കുകൾ പോവട്ടെ, മുഖമൊന്നടങ്കം ക്ലീനാക്കി നടക്കുന്ന ഒരവസ്ഥയെക്കുറിച്ച് ഇനിയെന്തു പറയാൻ! ആരെയാണ് ഇവർ സാദൃശ്യപ്പെടുത്തുന്നത്? പ്രവാചകർ ﷺ യുടെ കൽപന ഇവർ ശരിക്കും മനസ്സിലാക്കിയിരുന്നെങ്കിൽ! ഈ ലേഖകൻ ഇത്രവരെ പറഞ്ഞതിന് അല്ലാഹുവെ നീ സാക്ഷി!

**ആഘോഷങ്ങൾ:** ഓരോ സമുദായത്തിനും അവരുടേതായ ആഘോഷങ്ങളുണ്ട്. ഇസ്‌ലാമിൽ മൂന്ന് പെരുന്നാളുകളാണുള്ളത്. ഇതിൽ രണ്ടെണ്ണം രണ്ടു മുഖ്യ ആരാധനകളോട് ബന്ധിപ്പിച്ചുകൊണ്ട് വർഷത്തിൽ ഒരിക്കൽ മാത്രം വന്നു ചേരുന്നതാണ്. നോമ്പിന്റെ പരിസമാപ്തിയായി ചെറിയ പെരുന്നാളും ഹജ്ജിന്റെ പൂർത്തീകരണമായി ബലിപെരുന്നാളും. ചെറിയ പെരുന്നാൾ പോലെ തന്നെ ബലിപെരുന്നാളും മുസ്‌ലിംകൾക്കു മൊത്തമായുള്ള പെരുന്നാളുകളാണ്. മൂന്നാമത്തേത് ആഴ്ചതോറും ആവർത്തിക്കുന്ന പെരുന്നാളാണ്; വെള്ളിയാഴ്ച. റസൂൽ ﷺ പറഞ്ഞു:

إنَّ هذا يومُ عيدٍ ، جعلَهُ اللَّهُ للمسلمينَ ، فمن جاءَ إلى الجمعةِ فليغتسل
وإن كانَ طيبٌ فَليمسَّ منْهُ ، وعليْكم بالسِّواكِ (الألباني/ صحيح ابن ماجه 908 )

"നിശ്ചയം, അല്ലാഹു (ﷻ) മുസ്‌ലിംകൾക്ക് ആഘോഷമാക്കിയ ദിവസമാണ് ഇത്. (വെള്ളിയാഴ്ച). അതിനാൽ വെള്ളിയാഴ്ച ജുമുഅക്ക് വരുന്നവനാരോ അവൻ കുളിക്കുകയും സുഗന്ധം പൂശുകയും ചെയ്യട്ടെ. നിങ്ങൾ ദന്തശുദ്ധി വരുത്തുകയും ചെയ്യുക. - ഇബ്നു മാജഃ

ഒരിക്കൽ ഒരു ജുമുഅഃയിൽ റസൂൽ ﷺ പറഞ്ഞു:

معاشر المسلمين إن هذا يوم جعله الله لكم عيداً ( الطبراني في الأوسط)

"മുസ്‌ലിം സമൂഹമേ! നിശ്ചയം ഈ ദിവസത്തെ അല്ലാഹു നിങ്ങൾക്ക് പെരുന്നാളാക്കി നിശ്ചയിച്ചിരിക്കുന്നു....." ത്വബ്റാനി.

വർഷംതോറും വന്നുചേരുന്ന രണ്ടു പെരുന്നാളുകളും ആഴ്ച തോറും വന്നണയുന്ന ജുമുഅഃ പെരുന്നാളും അടക്കം മൂന്ന് പെരുന്നാളുകൾ മാത്രമെ ഒരു മുസ്‌ലിമിന്ന് ആഘോഷിക്കാനുള്ളൂ. ആഘോഷമെന്ന പേരിൽ നാട്ടിൽ വർഷംതോറും ആവർത്തിക്കപ്പെടുന്ന മറ്റാചാരങ്ങളധികവും മുസ്‌ലിംകൾ അമുസ്‌ലിംകളിൽ നിന്നു പകർത്തിയതാണ്. ഇസ്‌ലാമിന്റെ ഭാഷയിൽ അമുസ്‌ലിംകളോട് സാദൃശ്യപ്പെടുത്തൽ.

തന്റെയോ താൻ ബഹുമാനിക്കുന്ന വ്യക്തിയുടെയോ നേതാവിന്റെയോ ജന്മദിനമാഘോഷിക്കൽ, ചരമദിനങ്ങളും അപ്രകാരം തന്നെ. വർഷാരംഭത്തിലെ “ന്യൂ ഇയർ” ആഘോഷം. ചിലർ വർഷാവസാനവും ആഘോഷിക്കുന്നു. ചില നാടുകളിൽ ഹിജ്റാ വർഷത്തിന്റെ ആരംഭത്തിലോ അവസാനത്തിലോ അതാഘോഷിക്കുന്നവരുണ്ട്. ചിലർ അവ രണ്ടിലൊന്നിലോ അവ രണ്ടിൽ തന്നെയും നോമ്പെടുക്കുന്നവരുമുണ്ട്. ഇതൊക്കെ മറ്റു സമുദായക്കാരുമായി സാദൃശ്യപ്പെടലാണ്. റസൂൽ ﷺ യുടെ കല്പനക്ക് വിരുദ്ധവുമാണ്. ആചാരാനുഷ്ഠാനങ്ങൾക്ക് ഇസ്‌ലാമിലുള്ള പ്രത്യേകത - അല്ലെങ്കിൽ ഭൂമുഖത്ത് മുസ്‌ലിംകൾക്കു മാത്രമുള്ള പ്രത്യേകത - അവരുടെ നേതാവിന്റെ ചര്യയെയും കല്പനയെയും ഓരോ അണുവിലും പിൻപറ്റുന്ന വിഭാഗം എന്നാണ്. അവരത്ര മാത്രം ആ പ്രവാചകനെ സ്നേഹിക്കുന്നു. അവിടുന്ന് ﷺ പറഞ്ഞു:

من عملَ عملا ليسَ عليهِ أمرُنا فهو ردٌّ (صحيح مسلم - 1718)

“നമ്മുടെ കല്പനയിൽ - മതത്തിൽ - ഇല്ലാത്ത കർമ്മം ആർ ചെയ്തുവോ അപ്പോഴത് തള്ളപ്പെടണം” - മുസ്‌ലിം.

പ്രവാചകകാലത്ത് തന്നെ സമ്പൂർണ്ണമാക്കപ്പെട്ട മതത്തിൽ, പുറത്ത് നിന്ന് പുതിയതൊന്ന് കൊണ്ടുവന്ന് ചര്യയാക്കുന്നവനെ അവഗണിക്കുക തന്നെ വേണം. ക്രിസ്തുമസ്സ്, ഓണം പോലെയുള്ള വാർഷികാഘോഷങ്ങളും അപ്രകാരം തന്നെ. അവയ്ക്കൊക്കെ പിന്നിൽ അതാതു മതങ്ങളുടെ മതവിശ്വാസങ്ങളോ ഐതിഹ്യങ്ങളോ ഉണ്ട്. നാം അതിൽ ഭാഗികമായിപ്പോലും പങ്കാളിയായാൽ ഭാഗികമായി ആ വിശ്വാസത്തെ അംഗീകരിച്ചവനായി. ഭീകരമായ മറ്റൊരു ദുരന്തം ഇതിന്നപ്പുറത്തുണ്ട്. അവന്റെ മതത്തിന്റെ - ഇസ്‌ലാമിന്റെ - യഥാർഥ നിലപാട് പ്രതിഫലിപ്പിക്കാനുള്ള സുവർണ്ണാവസരം അവൻ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു എന്നതാണത്.

**പലിശ:** അനിസ്‌ലാമികവും ജാഹിലിയ്യത്തിന്റെ - അജ്ഞാത കാലത്തിന്റെ - സംസ്‌ക്കാരവുമാണിത്. ഒരാളിതിൽ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കാളിയായാൽ നിഷിദ്ധമായ ഒരു കാര്യം എന്ന നിലയിൽ മാത്രമല്ല, തന്റെ ജീവിതകർമ്മങ്ങളിലൊന്നിനെ ജാഹിലിയ്യാ മതവുമായി അവൻ സാദൃശ്യപ്പെടുത്തി എന്നുകൂടി വന്നുചേരുന്നു. റസൂൽ ﷺ മണ്ണിൽ ചവിട്ടിത്താഴ്ത്തിയ സംസ്‌ക്കാരത്തിൽ പെട്ടതാണത്. അവിടുത്തെ വിടവാങ്ങൽ ഹജ്ജിൽ സന്നിഹിതരായ ലക്ഷക്കണക്കായ തന്റെ അനുചരന്മാരെ സാക്ഷി നിർത്തി അദ്ദേഹം ﷺ ലോകത്തോട് പറഞ്ഞു:

ألا كلُّ شيءٍ من أمرِ الجاهليةِ تحت قدميَّ موضوعٌ ..... .وربا الجاهليةِ موضوعٌ وأولُ ربًا أضعُ رِبانا رَبا عباسِ بنِ عبدالمطلبِ . فإنه موضوعٌ كلُّه ( صحيح مسلم-1218)

"അറിയുക, ജാഹിലിയ്യത്തിൽപ്പെട്ട എല്ലാ കാര്യങ്ങളുമിതാ എന്റെ കാൽകീഴിലിട്ട് ഞാൻ ദുർബലപ്പെടുത്തുന്നു.... നിശ്ചയം, ജാഹിലിയ്യത്തിന്റെ പലിശയും ഞാൻ ദുർബലപ്പെടുത്തുന്നു. (എന്റെ കുടുംബത്തിൽ നിന്നുതന്നെ ഞാൻ തുടങ്ങട്ടെ). അതിനാൽ അബ്ദുൽ മുത്തലിബിന്റെ മകൻ അബ്ബാസിന്റെ (റസൂൽ ﷺ യുടെ പിതൃവ്യന്റെ) പലിശ ആദ്യം ഞാൻ ദുർബലപ്പെടുന്നു. അവയെല്ലാം ദുർബലങ്ങളായി, തീർച്ച...."

ഖേദകരമെന്നു പറയട്ടെ പല മുസ്‌ലിംകളും ഇതിന്റെ - ഈ മഹാപാപത്തിന്റെ - ഗൗരവമറിയാതെ പലിശയിടപാടുകളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ചിലർ, തങ്ങൾ ബാങ്കിൽ നിക്ഷേപിച്ച പണത്തിന്റെ പലിശ മാസംതോറും വാങ്ങി ഉപയോഗിച്ചു കൊണ്ടാണ് തങ്ങളുടെ ജീവിതം മുന്നോട്ടു നീക്കുന്നത്. വേദനാജനകമായ പാരത്രിക ജീവിതത്തെക്കുറിച്ച് നാമവരെ ഉണർത്തട്ടെ. ഇമാം ഇബ്നുൽ ഖയ്യിം رحمه الله തന്റെ الجواب الكافي എന്ന ഗ്രന്ഥത്തിലൊരിടത്ത് പറഞ്ഞ ഒരു സംഭവം ഇവിടെ എടുത്തുദ്ധരിക്കട്ടെ... "ജനങ്ങൾക്കിടയിൽ പലിശയുമായി ബന്ധപ്പെട്ടു ജീവിച്ച ഒരാളുണ്ടായിരുന്നു. അയാൾ മരണാസന്നനായപ്പോൾ ആളുകൾ അയാൾക്ക് (അന്ത്യമൊഴിയായി) ഷഹാദത്ത് ചൊല്ലിക്കൊടുത്തു. അപ്പോൾ അയാൾ പറയുന്നു "പത്ത്... പതിനൊന്ന്... എന്നിങ്ങനെ. തീർച്ചയായും അയാളുടെ മനസ്സിൽ ദുൻയാവിന്റെ ലക്ഷ്യങ്ങളല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. ആ മോശം പര്യവസാനത്തോടെ അയാൾ മരണമടഞ്ഞു. പലിശ അത്രമാത്രം ഭീകരമായ പാപമാണ്."

**ലഹരിയും ലോട്ടറിയും:** ഇവ രണ്ടും ഇക്കാലത്തെ മുസ്‌ലിം കളിൽ പലരുടെയും ഒഴിച്ചുകൂടാനാവാത്ത ഘടകമായിട്ടുണ്ട്. ഇവ യുടെ ഉപഭോക്താക്കളായോ ഉൽപാദകരായോ വില്പനക്കാരായോ ഇടനിലക്കാരായോ സഹകരിച്ചു പോരുന്ന കുറേ പേർ! പിശാചിന്റെ മോശ കർമ്മങ്ങളിൽ പെട്ടവയാണിവയൊക്കെ എന്നാണ് മതം പഠിപ്പിക്കുന്നത്. ഒരു മുസ്‌ലിം തന്റെ ജീവിത കർമ്മങ്ങളിലേക്ക് സാദൃശ്യപ്പെടുത്തിയ നീചവൃത്തികൾ. എല്ലാ തരത്തിൽപെട്ട ലഹരി വസ്തുക്കളെയും മദ്യമെന്ന പൊതുഗണത്തിലാണ് ഇസ്‌ലാം ഉൾപ്പെടുത്തിയത്. അപ്രകാരം തന്നെ ലോട്ടറി പോലെ പണം കൊടുത്തുള്ള എല്ലാ തരം ഭാഗ്യാന്വേഷണങ്ങളും പന്തയങ്ങളും ചൂതാട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പിശാചിന്റെ നീചമായ ഈ കർമ്മങ്ങളെ കുറിച്ച് ഖുർആൻ പറയുന്നത് നോക്കൂ...

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّمَا ٱلۡخَمۡرُ وَٱلۡمَيۡسِرُ وَٱلۡأَنصَابُ وَٱلۡأَزۡلَٰمُ رِجۡسٞ مِّنۡ عَمَلِ ٱلشَّيۡطَٰنِ فَٱجۡتَنِبُوهُ لَعَلَّكُمۡ تُفۡلِحُونَ ﴿٩٠﴾ إِنَّمَا يُرِيدُ ٱلشَّيۡطَٰنُ أَن يُوقِعَ بَيۡنَكُمُ ٱلۡعَدَٰوَةَ وَٱلۡبَغۡضَآءَ فِي ٱلۡخَمۡرِ وَٱلۡمَيۡسِرِ وَيَصُدَّكُمۡ عَن ذِكۡرِ ٱللَّهِ وَعَنِ ٱلصَّلَوٰةِۖ فَهَلۡ أَنتُم مُّنتَهُونَ ﴿٩١﴾

“സത്യവിശ്വാസികളെ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്ന ക്കോലുകളും തീർച്ചയായും പൈശാചിക കർമ്മങ്ങളിൽപെട്ട മ്ലേച്ഛത മാത്രമാണ്. അതിനാൽ നിങ്ങളത് വർജിക്കുക. നിങ്ങൾ വിജയം വരിച്ചേക്കാം. തീർച്ചയായും, മദ്യത്തിലൂടെയും ചൂതാട്ട ത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കു വാനും അല്ലാഹു ﷻ വെക്കുറിച്ചുള്ള സ്മരണകളിൽ നിന്നും നമ സ്ക്കാരത്തിൽ നിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു പിശാച് ഉദ്ദേശിക്കുന്നത്. അതിനാൽ (അവയിൽ നിന്നൊക്കെ) നിങ്ങൾ വിരമിക്കാനൊരുക്കമുണ്ടോ?” മാഇദ: 90, 91

തനിച്ചോ കൂട്ടായോ ഉള്ള ഏതൊരു ഒത്തുചേരലിലും ആഘോ ഷവേളകളിലും ഒരു “സ്മാൾ” അടിച്ചു കളയാമെന്നു ഒരു മുസ്‌ലിം വിചാരിച്ചുവോ അയാൾ ഞാനൊന്നു പിശാചിനെ സഹായിക്കട്ടെ എന്നാണ് തീരുമാനിച്ചു കളഞ്ഞത്.

**സംഗീതവും റിയാലിറ്റിഷോകളും:** മുസ്‌ലിം സ്ത്രീയുടെ സ്വര ത്തിന്റെയും ശരീരലാവണ്യത്തിന്റെയും പർദ്ദകൾ അഴിച്ചുവെപ്പിച്ച

ആധുനിക സംവിധാനങ്ങളാണിവ രണ്ടും. ടെലികോം വകുപ്പു കാർക്കും ചാനലുകൾക്കും കൂടുതൽ വിയർക്കാതെ ധനസമ്പാദനം നടത്താൻ പിശാച് ഭംഗിയാക്കിക്കാട്ടിക്കൊടുത്ത അതിനൂതന രീതി കൾ! വിശുദ്ധ യുദ്ധങ്ങളെ കുറിച്ച പടപ്പാട്ടുകളും തിരുദൂതർ ﷺ യുടെ ത്യാഗപൂർണ്ണജീവിതം അനാവരണം ചെയ്യുന്ന ഗീതങ്ങളും ഇസ്‌ലാമിന്റെയും പൂർവ്വകാല പ്രവാചകരുടെയും ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കുന്ന ഗാനങ്ങളും തുടങ്ങി കല്ല്യാണപ്പാട്ടുകൾ വരെ "മാപ്പിളപ്പാട്ടുകൾ" എന്ന ലേബലിൽ വിളമ്പിത്തരുമ്പോൾ ഒരു ഇസ്‌ലാം മതവിശ്വാസിക്ക് അതുൾക്കൊള്ളാനാവുമെന്നതാണ് പിശാച് കാണിച്ചുതന്ന തന്ത്രം. പിശാചാവട്ടെ ഒരിക്കലും തിന്മയിലേക്ക് നേരിട്ട് നമ്മെ ക്ഷണിക്കുകയില്ല. അതിലെ നന്മയെ ഉയർത്തിക്കാട്ടു കയാണ് ആദ്യം ചെയ്യുക. അതിലവൻ അലിയിച്ചു ചേർത്ത തിന്മ കളുടെ ചേരുവകളിൽ നിന്ന് നമ്മെ അവൻ അശ്രദ്ധനാക്കുന്നു. നന്മയിൽ ആകൃഷ്ടനായി അതിൽ വ്യാപൃതനായവന്റെ ആസ്വാദന പ്രവാഹത്തിലേക്ക് അവൻ തന്റെ വിഹിതം, അല്പാല്പമായി ഒഴുക്കി വിടുന്നു. അതിന്റെ അളവുകളങ്ങിനെ അധികരിച്ചു കൊണ്ടിരിക്കും. ഈ സാധുവാകട്ടെ അതത്ര കാര്യമാക്കുകയുമില്ല. പിന്നെപ്പിന്നെ ആ നന്മയോടുള്ള അയാളുടെ താൽപര്യത്തെ അതീവ ലോലമായി അവൻ ഊരിയെടുക്കുകയും തത്ഫലമായി തിന്മ അയാളുടെ ആസ്വാദനത്തിന്റെ അനിവാര്യഘടകമായിത്തീ രുകയും ചെയ്യുന്നു.

വീടിന്നകത്ത് ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീയെ അന്യസ്ത്രീ പുരുഷന്മാർക്കിടയിൽ കൂടിക്കലരാനുതകും വിധത്തിൽ പുറത്തു കൊണ്ടുവന്നതിലും ഇതേ തന്ത്രമാണവൻ പ്രയോഗിച്ചത്. അവളുടെ സ്വരം ഒട്ടനവധി തരളിത ഹൃദയങ്ങളിൽ അലകളും അലമാല കളുമുണ്ടാക്കി. അവളുടെ ശബ്ദത്തിന്റെയും ശരീരത്തിന്റെയും അഴ കുകൾ പരസ്യമായി വാഴ്ത്തപ്പെട്ടു. സ്ത്രീ, സ്ത്രീകളുടെ കൂട്ടായ്മ യിലും പുരുഷൻ, പുരുഷന്മാരുടെ കൂട്ടായ്മയിലും പാടുന്നതിനോ മത്സരിക്കുന്നതിനോ നേരെ ഒരു പരിധിവരെ നമുക്ക് നിശ്ശബ്ദമാവാം. ആ പാട്ടിൽ അശ്ലീല സന്ദേശമുണ്ടാവുമ്പോഴോ, സംഗീതമുണ്ടാവു മ്പോഴോ, സ്ത്രീപുരുഷ സംയുക്ത സാന്നിധ്യമുണ്ടാവുമ്പോഴോ അത് പിശാചിന്റെ കൂട്ടായ്മയായി മാറി. സംഗീതവും സ്ത്രീ പുരുഷ സംഗമവും വളരെയേറെ സാധാരണമായി തീർന്ന ഇക്കാലത്ത്

ഇത്തരം രീതികൾ പാടില്ലെന്ന മതവിധി അവരോട് പറയുമ്പോൾ പറയുന്നവൻ പരിഹാസ്യനായിത്തീരുന്ന ഒരു സമീപനമാണ് നമുക്ക് കാണാൻ കഴിയുക. എങ്കിലും തിന്മയെന്തെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താനുള്ള ബാധ്യത ഓരോ ദീനീ പ്രബോധകനു മുണ്ടല്ലോ. അതിൽ നിന്നയാൾക്ക് വിട്ടുനിൽക്കാനാവില്ല. സംഗീതത്തെ സംബന്ധിച്ചും സംഗീതോപകരണങ്ങളുടെ സഹായത്തോടെ പാടുന്നതിനെക്കുറിച്ചും പുരുഷസാന്നിദ്ധ്യമുള്ള സദസ്സിൽ സ്ത്രീകൾ ഗാനമാലപിക്കുന്നതിനെ സംബന്ധിച്ചുമായി രണ്ടു ഡസനിൽപരം ഹദീഥുകളോ സ്വഹാബികളുടെ മൊഴികളോ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. 'ഹറാം' എന്ന അർഥത്തിൽ മാത്രമല്ല അതേ റ്റവും മ്ലേച്ഛമായ കാര്യമെന്ന നിലക്ക് കൂടി അതി തീവ്രമായ ഗൗര വത്തോടെയാണ് ഇസ്‌ലാം ഇതേപറ്റി പറയുന്നത്.

عن ابن مسعود رضى الله عنه قال - الغناء خطبة الزنا

ഇബ്നു മസ്ഊദ് ﵁ പറയുന്നു: "സംഗീതം വ്യഭിചാരത്തിന്റെ ഭാഷണമാണ്" അൽ ഫുദൈൽ ബിൻ ഇയാദ് ﵀ പറയുന്നു:

الغناء رقية الزنى (ذكر ابن القيم رحمه الله تعالى هذه العبارة -عن ابن أبي الدنيا بسنده ... عن الفضيل بن عياض رحمه الله تعالى -في كتابه إغاثة اللهفان من مصائد الشيطان )

"സംഗീതം വ്യഭിചാരത്തിന്റെ മന്ത്രമാണ്"

റസൂൽ ﷺ യിൽ നിന്ന് കേട്ടതായി ഇബ്നു ഉമർ ﵁ ഉദ്ധരിക്കുന്നു

إن الله عز وجل حرم الخمر والميسر والكوبةوالغبيراء وكل مسكر حرام (مسند أحمد10/95- )

"മദ്യവും ചൂതും തബലയും ബിയറും നിശ്ചയം അല്ലാഹു ഹറാമാക്കിയിരിക്കുന്നു. എല്ലാ ലഹരിയുാക്കുന്നവയും ഹറാമാ ക്കിയിരിക്കുന്നു."

മദ്യത്തിനും ബിയറിനും ചൂതിനുമൊപ്പമാണ് സംഗീതത്തെയും പ്രവാചകൻ ﷺ ഉൾപ്പെടുത്തിയത്. എല്ലാം ഒരു തരം ലഹരിയുടെ വിഭവങ്ങൾ!

അബ്ദുല്ലാഹ് ബിൻ അഹ്മദ് ﵁ തന്റെ പിതാവിനോട് (അഹ്മദ് ബിൻ ഹമ്പൽ ﵁) സംഗീതത്തെപ്പറ്റി ചോദിക്കുകയുണ്ടായി. അപ്പോ ഴദ്ദേഹത്തിന്റെ (ഇമാം അഹ്മദ് ﵁) മറുപടി ഇങ്ങനെയായിരുന്നു.

الغناء ينبت النفاق في القلب لا يعجبني. (عبد الله بن أحمد بن حنبل – امام الخلال في الأمر بالمعروف والنهي عن المنكر- ص142، ابن الجوزي - تلبيس إبليس-ص280 )

"സംഗീതം ഹൃദയത്തിൽ കാപട്യം നാമ്പെടുപ്പിക്കുന്നു. (അത ങ്ങിനെ തന്നെയായിരിക്കും) അതെന്നെ കൗതുകപ്പെടുത്തുന്നില്ല."

ഇമാം ഇബ്നുൽ ഖയ്യിം ﵀ തന്റെ إغاثة اللهفان من مصائد الشيطان എന്ന ഗ്രന്ഥത്തിൽ സംഗീതം വളരെ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ ജീവിതകാലത്തിലോ അതിനു മുമ്പോ ഉള്ള പല ഇമാമുകളെയും അദ്ദേഹം അതിൽ ഉദ്ധരിച്ചിട്ടുണ്ട്. ഒരിടത്ത് അദ്ദേഹം പറയുന്നു.

"هو بريد الزنا" الغناء بريد الزنا، الغناء رقية الشيطان

"അത് വ്യഭിചാരത്തിന്റെ തപാലാണ്. സംഗീതം വ്യഭിചാര ത്തിന്റെ തപാലാണ്, സംഗീതം പിശാചിന്റെ മന്ത്രമാണ്."

യസീദ് ബിനുൽ വലീദ് ﵀ പറഞ്ഞു:

قال يزيد بن الوليد: "إياكم والغناء، فإنه ينقص الحياء، ويزيد في الشهوة، ويهدم المروءة، وإنه لينوب عن الخمر، ويفعل ما يفعل المسكر، وقال: فجنبوه النساء، فإن الغناء داعية الزنا، أو رقية الزنا." / إغاثة اللهفان (365/1)

"സംഗീതം നിങ്ങൾ സൂക്ഷിക്കണം. തീർച്ചയായും അത് ലജ്ജ കുറയ്ക്കും. കടം അധികരിപ്പിക്കും, പൗരുഷം തകർക്കും തീർച്ച യായും അത് മദ്യത്തിനെ പ്രതിനിധാനം ചെയ്യും. ലഹരിക്കടിപ്പെ ട്ടവൻ പറയുന്നതൊക്കെ - അത് - ചെയ്യും." അദ്ദേഹം തുടർന്നു:

"അതിനാൽ സ്ത്രീകളെ അതിൽ നിന്നകറ്റുവീൻ. തീർച്ചയായും അത് വ്യഭിചാരത്തിനുള്ള ക്ഷണമാണ്. അഥവാ വ്യഭിചാരത്തിന്റെ മന്ത്രമാണ്."

മദ്ഹബിന്റെ ഇമാമുകളും വളരെ ഗൗരവപൂർവ്വം ഇതേപ്പറ്റി താക്കീത് നൽകിയിട്ടുണ്ട്. ഇമാം അഹ്മദ് ﵁ യുടെ പരാമർശം നേരത്തെ നാം പറഞ്ഞുകഴിഞ്ഞല്ലോ. ഹനഫീ മദ്ഹബ് സംഗീ തത്തെ വൻപാപങ്ങളിലൊന്നായിട്ടാണുൾപ്പെടുത്തിയത്.

"ومن يغني للناس؛ لأنه يجمعهم على كبيرة"- يعني لا تقبل شهادة من يغني للناس (الدر المختار وشرحه 511/5)

"ജനങ്ങൾക്കായി സംഗീതമാലപിച്ചവനാരോ അവൻ വൻ പാപ ത്തിലാണ് അവരെ ഒരുമിച്ചു കൂട്ടിയത്? അഥവാ ജനങ്ങൾ ക്കായി സംഗീതമാലപിച്ചവന്റെ സാക്ഷിത്വം സ്വീകാര്യമായിരിക്കു ന്നതല്ല."

മാലികീ മദ്ഹബിലാവട്ടെ സംഗീതാലപനം തെമ്മാടികളുടെ കർമ്മത്തിലാണുൾപ്പെടുത്തിയിരിക്കുന്നത്. ഇതേപ്പറ്റി ചോദിച്ച ഒരാളോട് അദ്ദേഹം ഇങ്ങിനെ പറഞ്ഞു:

سألت مالك بن أنس عما يترخص فيه أهل المدينة من الغناء فقال: إنما يفعله عندنا الفساق
(ابن الجوزي - تلبيس إبليس 229).

“തീർച്ചയായും ഇപ്രകാരം ചെയ്യുന്നവൻ നമ്മെ സംബന്ധിച്ചിടത്തോളം തെമ്മാടിയാണ്.”

മാലികീ മദ്ഹബിൽ, വിധി വിലക്കുകൾ അറിവുണ്ടായിരിക്കെ സംഗീതമാലപിക്കുന്ന സ്ത്രീ പുരുഷന്മാരുടെ സാക്ഷിത്വം സ്വീകാര്യമല്ല. സംഗീതം പഠിപ്പിക്കാനായി പ്രതിഫലത്തിന് ആളെ കൊണ്ടുവരുന്നതും അനുവദനീയമല്ല.

ഇമാം ഷാഫിഈ ﵀ ഇങ്ങിനെ പറയുന്നു:

الغناء لهو مكروه يشبه الباطل من استكثر منه ترد شهادته ( الأم 214/6-215)

“സംഗീതം വ്യാജത്തോട് സാമ്യതയുള്ള വെറുക്കപ്പെട്ട വിനോദമാണ്. ഏതൊരാളിൽ ഇത് അധികം കണ്ടുവോ അയാളുടെ സാക്ഷിത്വം തള്ളപ്പെടണം.” പ്രസിദ്ധ ഷാഫിഈ പണ്ഡിതൻ ഇബ്നു ഹജറുൽ ഹൈഥമി ﵀ സംഗീതം കേൾക്കുന്നത് നിഷിദ്ധമാക്കുന്നു.

يحرم سماع الغناء من أجنبية حرة كانت أو أمة ولو من وراء حجاب (كف الرعاع - 58)

അന്യസ്ത്രീയിൽ നിന്ന് – അവൾ സ്വതന്ത്രയോ അടിമയോ ആവട്ടെ. – മറയ്ക്കു പിന്നിൽ നിന്നായാലും സംഗീതം കേൾക്കുന്നത് നിഷിദ്ധമാണ്.

സംഗീതം ഹറാം എന്ന് സ്ഥാപിക്കപ്പെട്ടാൽ ആ വഴിക്കു വരുന്ന സമ്പത്തും നിഷിദ്ധമായി. അത് പാട്ടുകാരിയെ നൽകിയോ വാദ്യോപകരണങ്ങൾ വഴിയോ അല്ലെങ്കിൽ അതിന്റെ മധ്യവർത്തിയായി നിലകൊണ്ടതിന്റെ പേരിലോ ആയാലും ശരി. ഇതു സംബന്ധമായ വിധികളും വിശദീകരണങ്ങളും “കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം” എന്ന എന്റെ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഗായികമാരെ വെച്ച് സ്ത്രീ പുരുഷന്മാരുൾക്കൊണ്ട പൊതുസദസ്സിൽ വെച്ചു നടത്തുന്ന റിയാലിറ്റി ഷോകൾ തിന്മയുടെ ഷോകളാണ്. ഹറാമിന്റെ ഷോ! ഇനിയത് സ്വകാര്യമായി റിക്കാർഡു ചെയ്തു പരസ്യമായി പ്രക്ഷേപണം ചെയ്താലും ഫലം ഒന്നുതന്നെ!

മുസ്ലിം സ്ത്രീയുടെ ലജ്ജയുടെയും ലാളിത്യത്തിന്റെയും, സ്വകാര്യതയുടെയും, ഒതുക്കത്തിന്റെയും വിശുദ്ധിയുടെയും പർദ്ദയാണ് ഇസ്ലാമിക ദൃഷ്ട്യാ ഇവിടെ ചീന്തപ്പെടുന്നത്.

لا حول ولا قوة إلا بالله

**ശബ്ദം:** സ്ത്രീയുടെ ശബ്ദം, പൊതുവെ നഗ്നതയിൽ പെട്ടതല്ലെങ്കിലും കുഴപ്പം സംഭവിക്കാത്ത വിധം ശ്രദ്ധിക്കണമെന്ന കാര്യത്തിൽ ഇസ്ലാം നിഷ്ക്കർഷത പുലർത്തുന്നുണ്ട്. സ്ത്രീകളിൽ നിന്ന് വിജ്ഞാനം ശേഖരിക്കുന്നതിനും മതവിധികൾ ചോദിച്ചു മനസ്സിലാക്കുന്നതിനുമൊന്നും അവർ അതിന്നു പ്രാപ്തരായവരാണെങ്കിൽ വിരോധമില്ല. സുഖാന്വേഷണങ്ങൾ നടത്തുന്നത് പോലെ പൊതുവെ ദോഷകരമായി ബാധിക്കാത്ത കാര്യങ്ങൾ ചോദിക്കുന്നതിനോ പറയുന്നതിനോ ഒക്കെ അപ്രകാരം തന്നെ. എന്നാൽ സംസാരത്തിൽ, വ്യക്തിയുടെ സമീപനത്തിൽ കുഴപ്പം ഭയക്കുന്നുവെങ്കിൽ അവർ സംസാരിക്കരുത്. സലാം ചൊല്ലിയാൽ പോലും മറുപടി പറയേണ്ടതില്ല. എന്നാൽ അയാൾ കേൾക്കാത്ത വിധം മറുപടി പറയുന്നതിൽ വിരോധവുമില്ല. ശൈഖ് ഇബ്നു ബാസ് ﵀ നെപോലെ വിശ്രുതരായ ചില പണ്ഡിതന്മാർ ആ വിധത്തിൽ ഫത്വകൾ നൽകിയിട്ടുണ്ട്. മതത്തിലെ ശബ്ദമുയർത്തേണ്ട ചില അനിവാര്യ ഘട്ടങ്ങളിൽ പോലും സ്ത്രീകൾക്ക് ചില നിയന്ത്രണങ്ങൾ നൽകിയിട്ടുണ്ട്. ജമാഅത്ത് നമസ്ക്കാരത്തിൽ ഇമാമിന്നു അബദ്ധം സംഭവിച്ചാൽ "സുബ്ഹാനല്ലാഹ്" എന്ന് പറഞ്ഞ്, പുരുഷന്മാർ ഇമാമിന്റെ ശ്രദ്ധ ഉണർത്തുന്നത് ഇതിന്നൊരുദാഹരണമാണ്. ഈ സ്ഥാനത്ത് സ്ത്രീകളോട് കൈയടിക്കാനാണ് നിർദ്ദേശിക്കപ്പെട്ടത്. ഹജ്ജിലെ തൽബിയ്യത്തും പെരുന്നാളിലെ തക്ബീറുകളും പുരുഷന്മാർ ഉറക്കെയാണ് ചൊല്ലുന്നതെങ്കിൽ സ്ത്രീകളോട് പതുക്കെ എന്നാണ് നിർദ്ദേശിക്കപ്പെട്ടത്. പുരുഷനെപ്പോലെ സ്ത്രീയും എന്നൊരവസ്ഥ ഇവിടെയില്ല. കൂട്ടത്തിൽ പറയട്ടെ സ്ത്രീകളുടെ ശബ്ദവും ഔറത്തിൽ പെടുമെന്ന് പറഞ്ഞ പൂർവ്വികരായ പണ്ഡിതന്മാർ ചിലരെങ്കിലും ഉണ്ടായിട്ടുണ്ട്.

**വസ്ത്രം:** അല്ലാഹു ﷻ മനുഷ്യർക്ക് നൽകിയ ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണ് വസ്ത്രം. ഇത് സ്ത്രീക്കും പുരുഷന്നും അവർക്ക് ഇസ്ലാം നൽകിയ നഗ്നതാ പരിധി പോലെത്തന്നെ

വ്യത്യസ്തമാണ്. പൊതുവെ മറ്റു മതക്കാരുമായി സാദൃശ്യം പുലർത്തുന്ന വസ്ത്രം മുസ്‌ലിംകൾ ധരിക്കുന്നത് വിരോധിച്ച പോലെത്തന്നെ സ്ത്രീകളോട് പുരുഷവേഷമണിയുന്നതും പുരുഷന്മാരോട് സ്ത്രീ വേഷമണിയുന്നതും അരുതെന്ന് പറഞ്ഞിട്ടുണ്ട്. അബൂ ഹുറൈറ ﷺ യിൽ നിന്ന് അബൂദാവൂദ് ﷺ ഉദ്ധരിക്കുന്നു:

لعنَ رسولُ اللَّهِ صلى الله عليه وسلم الرَّجلَ يلبسُ لبسةَ المرأةِ والمرأةَ تلبسُ لبسةَ الرَّجل(.صحيح أبي داود- 4098)

“സ്ത്രീ വേഷമണിയുന്ന പുരുഷനെയും പുരുഷ വേഷമിടുന്ന സ്ത്രീയെയും അല്ലാഹുവിന്റെ ദൂതർ ﷺ ശപിച്ചിരിക്കുന്നു.”

ഒരു നാട്ടിൽ സ്ത്രീയുടേതായി ശീലിച്ച വസ്ത്രം പുരുഷനോ പുരുഷന്റെ വേഷമായി പരിചയിച്ച വേഷം സ്ത്രീയോ ധരിക്കുന്നത് അനിസ്‌ലാമികമാണെന്നാണ് ഇത് നൽകുന്ന പാഠം. ഇങ്ങിനെ മാത്രമല്ല, ചില പ്രദേശങ്ങളിലെ ചില സ്ത്രീകൾ വസ്ത്രത്തിൽ മാത്രമല്ല അവരുടെ നടപ്പിലും അലങ്കാരങ്ങളിലുമൊക്കെ പുരുഷനോട് സദൃശ്യമാവും വിധമാണ് കണ്ടുവരുന്നത്. പുരുഷന്റേത് പോലെ തലമുടി വെട്ടി ശരിപ്പെടുത്തിയിട്ടുമുണ്ടാകും. നബി ﷺ പറയുന്നു:

لعَن رسولُ اللهِ صلَّى اللهُ عليه وسلَّم المُتَشَبِّهينَ من الرجالِ بالنساءِ، والمُتَشَبِّهاتِ من النساء بالرجالِ -البخاري

“സ്ത്രീകളുമായി സാദൃശ്യപ്പെടുത്തുന്ന പുരുഷന്മാരെയും പുരുഷന്മാരുമായി സാദൃശ്യമാകുന്ന സ്ത്രീകളെയും അല്ലാഹുവിന്റെ ദൂതർ ﷺ ശപിച്ചിരിക്കുന്നു.” ബുഖാരി.

മറ്റു മതക്കാരുടെ പ്രത്യേകം തിരിച്ചറിയപ്പെടാനുള്ള വേഷങ്ങളും അപ്രകാരം തന്നെ. ജൂതന്മാർ മൂർദ്ധാവിൽ കുത്തിപ്പിടിപ്പിക്കുന്ന കുഞ്ഞുതൊപ്പിയും, ക്രിസ്ത്യാനികളുടെ അരയിൽ കെട്ടിനീട്ടിത്തൂക്കിയിടുന്ന അരപ്പട്ട കെട്ടിയ നീളൻകുപ്പായവും അതാതു വിഭാഗത്തിന്റെ മതപരമായ വേഷങ്ങളാണല്ലോ. ഹിന്ദുക്കളിൽ ഒരു വിഭാഗം ശബരിമലയ്ക്കു പോവാൻ നേർച്ചയാക്കുമ്പോൾ ധരിക്കുന്ന കറുത്ത വസ്ത്രവും ചില സന്യാസിമാരോ സന്യാസിനികളോ കാശിക്കും മറ്റും പോവുന്നവരെന്ന സന്ദേശം നൽകുന്നവർ ധരിക്കുന്ന കാവി വസ്ത്രങ്ങളോ ബുദ്ധഭിക്ഷുക്കളുടേതായ മഞ്ഞ വസ്ത്രങ്ങളോ അപ്രകാരം തന്നെ ധരിച്ചു കൂടാത്തതാണ്.

അബ്ദുല്ലാഹ് ബിൻ അംറുബിൻ ആസ് ﷺ പറയുന്നു:

رأى رسولُ اللهِ صلَّى اللهُ عليهِ وسلَّمَ عليّ ثوبَينِ مُعصفَرينِ. فقال إنَّ هذه من ثيابِ الكفارِ فلا تلبسْها- مسلم

രണ്ടു കാവി (കുങ്കുമഛായം പൂശിയ) വസ്ത്രങ്ങൾ റസൂൽ ﷺ എന്നിൽ കണ്ടപ്പോൾ അവിടുന്ന് ﷺ പറഞ്ഞു: നിശ്ചയം ഇത് അവിശ്വാസികളുടെ വസ്ത്രമാണ്. അതിനാൽ താങ്കളിത് ധരിക്കരുത് - മുസ്‌ലിം.

نَهَى النَّبِيّ صَلّى اللهُ عَلَيْهِ وَسَلّمَ عَنْ لِبَاسِ الْمُعَصْفَر – مسلم

കുങ്കുമഛായം മുക്കിയ (കാവി) വസ്ത്രം നബി ﷺ വിരോധിച്ചിരിക്കുന്നു.

മറ്റു മതങ്ങളിലെ പ്രത്യേകമായ വസ്ത്രങ്ങളോട് സാദൃശ്യമാവുന്ന വസ്ത്രങ്ങൾ മുസ്‌ലിംകൾ ഉപയോഗിക്കരുതെന്നാണ് ഇതിലെ പൊതുതത്വം. എന്നാൽ മതപരമായ സന്ദേശങ്ങളൊന്നുമില്ലാത്ത വസ്ത്രങ്ങൾ ധരിക്കുന്നതിന്നോ അല്ലാഹുവോ റസൂൽ ﷺ യോ പ്രത്യേകം വിരോധിക്കാത്തതോ ആയ വസ്ത്രങ്ങളെ സംബന്ധിച്ച് പ്രശ്നമൊന്നുമില്ല താനും.

കൂട്ടത്തിൽ പറയട്ടെ, ഇന്ത്യൻ സാരികൾ ഒരു പക്ഷെ ലോകത്തിലെ ഏറ്റവും നീളം കൂടിയ വസ്ത്രമായിരിക്കും. ഞൊറിവുകളാക്കിയും ചുറ്റിയും ഒക്കെ അത് ശരീരത്തിൽ പിടിപ്പിക്കാൻ മറ്റു വസ്ത്രങ്ങളെ അപേക്ഷിച്ചു കൂടുതൽ സമയം വേണം താനും. ഒരു പ്രത്യേക മതവിഭാഗത്തിന്റെ വസ്ത്രം എന്ന പരിഗണന ഇതിന്ന് ഇല്ലാത്തതിനാൽ വ്യാപകമായി ഇതുപയോഗിച്ചു വരുന്നു. എന്നിട്ടും എന്ത് പറയാൻ! മഹാഭൂരിപക്ഷത്തിന്റെയും നഗ്നത അത് മറക്കുന്നില്ല. അതുകൊണ്ട് മറക്കാനാവുന്നില്ല. അവരുടെ വയറും നാഭിയും മാറും പിരടിയും കഴുത്തും തലയും കൈകളുമൊക്കെ പൂർണ്ണമായോ ഭാഗികമായോ പുറത്തു കാണാൻ ആളുകൾക്ക് കഴിയുന്നുവെങ്കിൽ പിന്നെ എന്തിനാണീ വസ്ത്രം ധരിക്കുന്നത്! നഗ്നത മറക്കാൻ അപര്യാപ്തമായ ഇത്തരം വസ്ത്രങ്ങൾ മുസ്‌ലിം സ്ത്രീകൾ അവരുടെ ജീവിതത്തിൽ നിന്നും എടുത്തു മാറ്റുന്നത് ദീനിന്ന് അവർ ചെയ്യുന്ന മഹത്തായ ഒരു സേവനമായിരിക്കും.

**സുഗന്ധം:** പ്രവാചകൻ ﷺ ഇഷ്ടപ്പെടുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത കാര്യമാണ് പരിമളമണിയൽ. കസ്തൂരിയായി

രുന്നു നബി ﷺ യുടെ ഇഷ്ടസുഗന്ധം. ഇതുമായി ബന്ധപ്പെട്ട ഹദീഥുകളേറെയും പുരുഷന്മാരിലേക്ക് ചേർന്നാണ് വന്നിരിക്കുന്നത്. സ്ത്രീകളുടെ കാര്യത്തിൽ, അവർ അവരുടെ ഭർത്താക്കന്മാർക്കു വേണ്ടി പരിമളം പൂശാനാണ് പ്രേരിപ്പിക്കുന്നത്. പള്ളിയിലേക്ക് പുറപ്പെടുന്ന സ്ത്രീകളെ പോലും ഇത് നിരുത്സാഹപ്പെടുത്തുന്നു! റസൂൽ ﷺ പറഞ്ഞതായി അബൂ ഹുറൈറ رضي الله عنه ൽ നിന്ന് ഇമാം നസാഈ ഉദ്ധരിക്കുന്നു.

إذا خرجتِ المرأةُ إلى المسجدِ فلْتغتسلْ من الطيبِ كما تغتسلُ من الجنابةِ-(النسائي 283/2)

സ്ത്രീ പള്ളിയിലേക്ക് പുറപ്പെടുകയാണെങ്കിൽ അവൾ സുഗന്ധം കഴുകിശുദ്ധമാക്കട്ടെ; ജനാബത്തിൽ നിന്ന് ശുദ്ധി വരുത്തുന്നത് പോലെ. ശൈഖ് നാസിറുദ്ദീൻ അൽബാനി തന്റെ സ്വഹീഹിൽ 1031-യി ഇത് വിശദീകരിക്കുന്നുണ്ട്.

പള്ളി, ഭൂമുഖത്തെ ഏറ്റവും വിശുദ്ധമായ സ്ഥലമാണല്ലോ. അവിടേക്കു പോവുന്ന സ്ത്രീയോടുപോലും ഇസ്‌ലാമിന്റെ നിർദ്ദേശം ഇതാണെങ്കിൽ ഈ പദവിയൊന്നും തന്നെയില്ലാത്ത കല്ല്യാണപ്പുരയിലേക്കോ അങ്ങാടിയിലേക്കോ പോവുന്നവൾ എങ്ങിനെ പോവണമെന്ന് അവൾക്ക് തന്നെ അപ്പോൾ തീരുമാനിക്കാനാവുമല്ലോ.!

സ്ത്രീയുടെ കാര്യത്തിൽ പരിമളത്തിനും പർദ്ദയിടുകയാണോ എന്ന് ചോദിച്ചേക്കാം. ആളുകളെ തന്നിലേക്കാകർഷിക്കുന്ന ഘടകങ്ങളിലൊന്നായി സുഗന്ധവും പരിഗണിക്കുന്നതിനാൽ “അതേ” എന്നു തന്നെയാണുത്തരം. ഭർത്താവിനെ ആകർഷിപ്പിക്കാനും അദ്ദേഹത്തിനു സുഖാനന്ദങ്ങൾ പകരാനും ഉതകുംവിധം അവരവരുടെ സ്വകാര്യതകളിൽ അവൾക്കത് ഉപയോഗിക്കാം എന്നാണ് പൊതുവെ ഇസ്‌ലാം നൽകുന്ന പാഠം. ഒരിക്കൽ പ്രവാചകപത്നി ഹഫ്സ رضي الله عنها യുടെ അടുക്കൽ അവരുടെ സഹോദരി ( أم عبيد بن يزيد بن سراقة ) വന്നു. (സ്ത്രീകൾ) സുഗന്ധമണിയുന്നതിനെ കുറിച്ച് ചോദിച്ചു. അപ്പോൾ ഹഫ്സ رضي الله عنها പറഞ്ഞു: إنما الطيب للفراش – (عبد الرزاق8113) “നിശ്ചയം, ആ സുഗന്ധം ആ വിരിപ്പിന്നു വേണ്ടിയാണ്.” ഈ മറുപടി സുഖകരമായ ദാമ്പത്യജീവിതത്തിലേക്കുള്ള വിശാലമായ സന്ദേശങ്ങളുൾക്കൊള്ളുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ഹദീഥു ഗ്രന്ഥങ്ങളിൽ വന്ന പരാമർശങ്ങൾ നിരവധിയാണ്. അതിൽ നിന്ന് അബൂദാവൂദ്, തിർമിദി, നസാഈ തുടങ്ങി പല ഹദീഥുഗ്ര

നഥങ്ങളിലും കാണാനാവുന്ന ഒരു പ്രവാചക മൊഴി ഇവിടെ പകർത്തട്ടെ.

أيما امرأة استعطَرَتْ فمرّتْ على قوم لِيَجدوا رِيحَها فهي زانيةٌ – (الألباني)

പരിമളം പൂശിക്കൊണ്ട് ഒരാൾക്കൂട്ടത്തിലൂടെ കടന്നുപോയ ഒരു സ്ത്രീയിൽ നിന്ന് അതിന്റെ സുഗന്ധം അവർക്കനുഭവിക്കാനായാൽ അപ്പോഴവൾ വ്യഭിചാരിണിയാണ്.

അല്ലാഹു ﷻ നമ്മെയും നമ്മുടെ സഹോദരിമാരെയും സംരക്ഷിക്കട്ടെ. സുഗന്ധമണിഞ്ഞുകൊണ്ടും മുല്ലപ്പൂമാലയണിഞ്ഞുകൊണ്ടും മണം പരത്തി നടക്കുന്ന എത്രയെത്ര സ്ത്രീകളെ നമ്മുടെ ദൈനംദിന ജീവിതത്തിൽ നമുക്ക് കാണാനാവുന്നു!

സമാധാനപ്പെടുത്തിക്കൊണ്ട് ഒരു കാര്യം കൂടി പറയട്ടെ. സുഗന്ധത്തിലെ പർദ്ദ അങ്ങിനെ അവസാനിപ്പിക്കാം.

റസൂൽ ﷺ പറഞ്ഞു:

طِيبُ الرجالِ ما ظهر ريحُه وخفي لونُه وطيبُ النساءِ ما ظهر لونُه وخفيَ ريحُه (النسائي صححه الألباني)

'പുരുഷന്റെ സുഗന്ധം, വാസന (കൂടുതൽ) പ്രകടമാവുന്നതും നിറം കുറഞ്ഞതുമാണ്. സ്ത്രീയുടെ സുഗന്ധമാവട്ടെ നിറം (കൂടുതൽ) പ്രകടമാവുന്നതും മണം കുറവുള്ളതുമാണ്.'

പുറത്തേക്കു അടിച്ചുവീശാത്തതും ശരീരത്തിൽ മാത്രം തങ്ങിനില്ക്കുന്നതുമായ ലോലമായ സുഗന്ധം മറ്റുള്ളവർക്ക് അനുഭവവേദ്യമാവുകയില്ലല്ലോ.

# സമാപ്തി

**വ**ർഷങ്ങളെടുത്ത ഒരു പരിശ്രമത്തിന്റെ അവസാന താളുകളാണിത്. മലയാള മുസ്‌ലിംകളിലെ സ്ത്രീകൾക്ക് നൽകാൻ, അങ്ങിനെ അവരോരോരുത്തരും ആഴത്തിൽ ചിന്തിച്ച് നല്ലത് തിരഞ്ഞെടുക്കാൻ അവരെ സഹായിക്കുന്ന ഒരു കൈപ്പുസ്തകമായിരിക്കും ഇതെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതിൽ കൊടുത്ത ഉദ്ധരണികൾ പ്രബോധകർ കൂടുതൽ വിശദമായ പഠനങ്ങൾക്ക് വിധേയമാക്കുകയും വളരെ വിശദമാക്കി നമ്മുടെ സഹോദരിമാരിലെത്തിക്കുകയും വേണം. മുസ്‌ലിം സ്ത്രീ, അവൾ അകത്തുള്ളപ്പോഴും പുറത്തിറങ്ങുമ്പോഴും ഇസ്‌ലാമിന്റെ യഥാർഥമായ മൗന സന്ദേശങ്ങളുടെ അടയാളങ്ങളായി ഭവിക്കണം. ഇനിയവർ മൗനം വെടിയുമ്പോഴും ഇസ്‌ലാമിക മാതൃകകൾ അവരിൽ നിന്നും പുറത്തുവരണം.

മുഖം തുറന്നിട്ട അവസ്ഥയിൽ പുറത്തിറങ്ങുന്ന സ്ത്രീകളെ സംബന്ധിച്ചുള്ള സംഭവങ്ങളോ ഹദീഥുകളോ ഒക്കെ ധാരാളം വന്നിട്ടുണ്ട്. ഗൗരവമാർന്ന പരിശോധനകൾക്ക് വിധേയമാക്കപ്പെടുമ്പോൾ അവയൊക്കെ ഹിജാബിന്റെ വാക്യം ഇറങ്ങുന്നതിനു മുമ്പുള്ള അവസ്ഥകളായിരുന്നു എന്ന് കാണാം. ആ പശ്ചാത്തലത്തിന് ഈ ഗ്രന്ഥം നല്ല വ്യക്തത വരുത്തിയിട്ടുണ്ട്. അതല്ലെങ്കിൽ ദുർബലങ്ങളോ അടിസ്ഥാന രഹിതങ്ങളോ ആയ അവഗണനാർഹ ഹദീഥുകളായിരിക്കും. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ രണ്ടവസ്ഥയും സ്വീകാര്യമായിരിക്കില്ലല്ലോ...

“നിഖാബ്” എന്നത് കേരളീയ മുസ്‌ലിംകളിൽ നിന്ന് അത്ര ദൂരെയല്ലാത്ത ഒരു ഘട്ടത്തിൽ അപ്രത്യക്ഷമായിപ്പോയ ഒരു സദാചാരമായിരുന്നു. പോയ ഒരു നന്മയും അതേ വേഗത്തിൽ തിരി

ച്ചുകൊണ്ടുവരിക സാധ്യമായിരിക്കില്ല. പക്ഷെ പ്രബോധകരായ സ്ത്രീകളും പുരുഷന്മാരും അതിന്നായി പരിശ്രമിക്കണം. നമുക്കിടയിൽ ജീവിക്കുന്ന പിതാമഹന്മാരോടും പിതാമഹികളോടും ഒന്ന് കൂടിയാലോചിക്കുക; അവരുടെ കുഞ്ഞുന്നാളിൽ മുസ്ലിം സ്ത്രീകൾ പുറത്തിറങ്ങിയത് എപ്രകാരമായിരുന്നുവെന്ന്. അവർ മുഖം മറച്ചവരായിരുന്നു. അതൊരു സദാചാരം തന്നെയായിരുന്നു. അവ തിരികെ കൊണ്ടുവരാനുള്ള കഠിനമായ യത്നത്തിലേക്കിനി യിറങ്ങണം. അപ്രത്യക്ഷമായിപ്പോയ ഒരു സുന്നത്തിന്റെ വീണ്ടെടുപ്പാണത്. നാം കൈവെടിഞ്ഞുപോയ ഗൗരവമായ സുന്നത്തുകളിലൊന്ന്.

'നിഖാബ്', മഹത്തായ ഒരു സന്ദേശമായി നമ്മുടെ സഹോദരിമാർ ഏറ്റെടുക്കട്ടെ - അതെത്രമാത്രം സുരക്ഷയാണ് നമുക്ക് തരുന്നത് എന്ന് നാം പഠിച്ചു കഴിഞ്ഞു. ചരിത്രത്തിന്റെ വരികൾക്കിടയിൽ പരതിയും നൂലിഴയിൽ തൂങ്ങിയും ഈ സന്ദേശത്തെ കനമില്ലാതാക്കാൻ ശ്രമിക്കാതെ, അതുയർത്തി വിട്ട ഫലപ്രദമായ സുരക്ഷാബോധത്തെ വളർത്തിക്കൊണ്ടുവരാൻ നമ്മുടെ സഹോദരിമാർക്ക് കഴിയട്ടെ. അത് സുന്നത്തിന്റെ തിളക്കമാർന്ന കാലഘട്ടത്തിലേക്കുള്ള അണിചേരലാണ്. ഉന്നതമായ സ്വർഗ്ഗം കാംക്ഷിക്കുന്ന ഭക്തയായ സ്ത്രീയുടെ മാതൃകയാണ്. ആദരണീയമായ ഒരു സംസ്ക്കാരത്തിന്റെ അടയാളമാണ്. അങ്ങിനെ ഉൽകൃഷ്ടരായ മഹിളകളുൾക്കൊണ്ട കുടുംബത്തിൽ അംഗമാവാൻ നമ്മുടെ പുരുഷന്മാർക്ക് അല്ലാഹു അനുഗ്രഹം ചൊരിയട്ടെ. ആമീൻ.